
LITTLE KITES MAGAZINE 2020-23
Right Click
~everything clicked right
GHSS MEENANGADI | WAYANAD
little KITEs

# Right Click

## ഡിജിറ്റൽ മാഗസിൻ 2021-22

## ഗവഃഹയർ സെക്കണ്ടറി സ്കൂൾ മീനങ്ങാടി

ചീഫ് എഡിറ്റർ : ഷിവി കൃഷ്ണൻ

സ്റ്റാഫ് എഡിറ്റർ : പ്രതിഭ സി.കെ

സ്റ്റുഡന്റ് എഡിറ്റർ : ജ്യോത്സ്ന എം.ആർ.

സ്റ്റുഡന്റ് സബ് എഡിറ്റർ : പി.ജെ ശ്രേയ കല്ല്യാണി

പത്രാധിപ സമിതി : രാജേന്ദ്രൻ എം.<br>മനോജ് സി.<br>സബിത പി.ബി.

കവർപേജ് : സിദ്ധാർഥ് എസ്.രാജ്

# MESSAGE

*Hai.....*

*My loving Little KITES....*

*I am so glad to hear that little kites of my school is preparing a digital magazine entitled '**Right Click**', with the delightful colours of the angles of our institution...It is surely so pleasant to hear, an enchanting initiative for depicting the will and wishes of my kids. Fortunately we have a lot of little versatiles at our school... This venture must help them to create their imaginations and dreams...,motivate the successors also... Digital magazine is the right time, as the time demands....*

*I use this occasion to congratulate the kite master Mr. Manoj C and his team for taking interest on it. I extend my wholehearted support for the success of the venture.*

*I wish all the very best for right click...*



Shivi Krishnan
Principal
GHSS Meenangadi

# ആശംസ

## ലിറ്റിൽ കൈറ്റ്സിലെ കൂട്ടുകാരെ....

അറിവു നേടുന്നതിനും, അറിവു വളർത്തുന്നതിനും ആധുനികശാസ്ത്ര സാങ്കേതികവിദ്യയെ എന്നും കൈക്കുമ്പിളിലാക്കുകയും, എന്നും വിജയത്തിളക്കത്തോടെ സ്കൂളിൻെറ ശിരസ്സുയർത്തിപ്പിടിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുകയും ചെയ്യുന്ന മീനങ്ങാടി ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, വിദ്യാർത്ഥികളുടെ സർഗ്ഗാത്മകവും ,സൃഷ്ടിപരവുമായ രചനകൾ ഉൾക്കൊള്ളുന്ന ലിറ്റിൽ കൈറ്റ്സിൻെറ ഡിജിറ്റൽ മാഗസിൻ പ്രവർത്തകർക്കും, അതിലുപരി മാഗസിനും എല്ലാവിധ ആശംസകളും നേരുന്നു.



**ജോയ് വി സ്കറിയ**

**വൈസ് പ്രിൻസിപ്പാൾ**

# ഉള്ളടക്കം

ചിരി........................................................................................ 10
തുറക്കാം അറിവിന്റെ വാതായനങ്ങൾ.................................. 12
തഴുകിയെത്തിയ മൃത്യു......................................................21
The Women And The Cock..............................................23
എന്റെ വിദ്യാലയം.............................................................24
ചൈന- ഒരു മികച്ച യാത്ര..................................................27
എൻെ യാത്ര.......................................................................29
വരയുടെ വർണലോകം........................................................33
വയനാട് അതിജീവന പാതയിൽ.........................................34
നീലപ്പുതപ്പ്.........................................................................37
കൊറോണ- ഒരനുഭവം.........................................................42
നാടോടി കലകൾ..................................................................44
കുരവയൊഴിഞ്ഞ വയനാടൻ ഗ്രാമങ്ങൾ.................................49
മഴ, ഇടി, കാറ്റ്.....................................................................53
പരിസ്ഥിതി സംരക്ഷണം......................................................60
കൊറോണ...........................................................................63
കോവിഡ് കാല അനുഭവം.....................................................69
THE ALCHEMIST.............................................................76
നിലാവിലെ ഇടനാഴികൾ.....................................................78
മൈതാനം............................................................................82
തിരികെ ആ മുറ്റത്ത്...............................................................86
ലിറ്റിൽ കൈറ്റ്സ് പ്രവർത്തനറിപ്പോർട്ട് 2020 – 2023............93

ഏകദിന സ്കൂൾ ക്യാമ്പ് -........................................................................95
LITTLE KITES 2020-23 BATCH.........................................................97
OUR PRIDES...................................................................................98

# മുഖമൊഴി

കെട്ടകാലം കഴിഞ്ഞു. നന്മയുടെയും ,വെളിച്ചത്തിൻെറയും കാലം വന്നെത്തിയിരിക്കയാണ്. കുഞ്ഞുങ്ങൾ വിദ്യാലയമുറ്റത്ത് പാറിക്കളിക്കുന്നു. മനസ്സിൻെറ മടിത്തട്ടിൽ ഉറങ്ങിക്കിടന്നിരുന്ന സർഗാത്മകതയെ തട്ടിയുണർത്തി അത് കഥകളിലൂടെയും കവിതകളിലൂടെയും മറ്റ് രചനാസങ്കേതങ്ങളിലൂടെയും കുഞ്ഞുങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു. അതൊരു ഡിജിറ്റൽ മാഗസിൻ രൂപത്തിൽ അവർ തയ്യാറാക്കിയിരിക്കുന്നു .

വായന മരിക്കുന്നു എന്നു പറയുന്നുണ്ടെങ്കിലും ഡിജിറ്റൽ വായനയുടെ സാധ്യതകൾ ഇക്കാലത്ത് ഏറെ വിപുലമാണ്.ഇത് അച്ചടിച്ച പുസ്തകവായന മാത്രമല്ല വായന എന്ന തിരിച്ചറിവിലേക്ക് നമ്മെ എത്തിക്കുന്നു. ഗ്രന്ഥശാലയുടെ സാധ്യതകൾ ഇപ്പോൾ നമ്മുടെ വിരൽത്തുമ്പിൽ എത്തിയിരിക്കുന്നു .അതു കൊണ്ട് തന്നെ ഡിജിറ്റൽ മാഗസിൻ എന്ന ഈ സംരംഭം ഏറെ ശ്ലാഘനീയം തന്നെ.

അറിവിൻെറ ലോകത്തേക്ക് നയിക്കുന്ന ഈ മാഗസിനിൽ കൊച്ചു കഥകളും ,കവിതകളും, ലേഖനങ്ങളുമൊക്കെയുണ്ട്. കുഞ്ഞുങ്ങളുടെ ഈ ഒരു ഉദ്യമത്തെ നമ്മൾ മുന്നിൽ നിർത്തിക്കൊണ്ട് ചെറിയ തെറ്റുകുറ്റങ്ങളൊക്കെ ക്ഷമിച്ചു കൊണ്ട് ഈ മാഗസിൻ നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.



പ്രതിഭ സി കെ
സ്റ്റാഫ് എഡിറ്റർ
എച്ച്. എസ് .റ്റി .മലയാളം

# സന്ദേശം

മീനങ്ങാടി ഗവഃ ഹയർ സെക്കണ്ടറിസ്കൂൾ ഡിജിറ്റൽ മാഗസിൻ"റൈറ്റ് ക്ലിക്ക്" പ്രകാശിതമാകുമ്പോൾ നിറഞ്ഞ അഭിമാനം. മാറുന്ന ലോകത്ത് 'ഇ'അക്ഷരങ്ങൾ കൊണ്ട് സമ്പന്നമായ മാഗസിൻ..ആശംസകൾ ഭാവുകങ്ങൾ.



മനോജ് ചന്ദനക്കാവ്
പി.ടി.എ. പ്രസിഡന്റ്

# സന്ദേശം

അക്ഷരം അഗ്നിയും അറിവുമാണ് . സാങ്കേതിക ലോകത്തിന്റെ വളർച്ചയിൽ ഒപ്പം നിന്നുകൊണ്ട് മീനങ്ങാടി ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ ഭാവന കൊണ്ട് സമ്പന്നമാണ്. നൻമയും സ്നേഹം കോർത്തിണക്കി "റൈറ്റ് ക്ലിക്ക്" മാഗസിന് നേതൃത്വം നൽകിയ പിന്നണി പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.. ആശംസകൾ..



ടി.എം ഹൈറുദ്ദീൻ
S M C ചെയർമാൻ

# ചിരി



ചിരിയുണ്ടാകുന്നതോ,

നന്മ നിറഞ്ഞ ഹാസ്യങ്ങളിൽ

സൗഹൃദങ്ങളിൽ സന്മനസ്സുള്ളവരിൽ

മാത്രമാണെങ്കിൽ !

എന്നോ നഷ്ടപ്പെട്ട ചിരി

ഓർത്തെടുക്കാനാവില്ലൊരിക്കലും !!

നടന്നു പോകുന്നവനെ കടക്കാരനാക്കുന്ന

കച്ചവട മാസ്മരികത -

തിരിച്ചറിയാനാവാതെ

സുഖഭോഗങ്ങളിൽ കുഴഞ്ഞ്

തിരിഞ്ഞു നോക്കാനാവാതെ

മോഹങ്ങളും സ്വപ്നങ്ങളും

ഉയർന്ന മൺകൂമ്പാരത്തിനുച്ചിയിൽ

ചെന്നുലയുന്നു.

സ്വയം ചോദ്യചിഹ്നമാകുന്ന

കടക്കെണിയിൽ വീണ ശരീരം

കൂട്ടമായ് തെറ്റി വീണ് പൊടിയുമ്പോൾ

ചിരിയെന്നഭിലാഷം

ഈ മണ്ണിൽ തീർത്തൊരു

മുഖം മൂടിയാകുന്നു.



**ശ്രീദിയ എം.എസ്.**

**8D**

# തുറക്കാം അറിവിന്റെ വാതായനങ്ങൾ



പ്രശസ്ത മാനേജ്മെന്റ് വിദഗ്ധനായ ശിവ്ഖേരയുടെ ചിന്തോദ്ദീപകമായ ഒരു നിരീക്ഷണമുണ്ട്. ബഹിരാകാശപേടകത്തിൽ കത്തിയെരിയുന്ന ഊർജ്ജത്തിന്റെ എൺപതുശതമാനവും വിനിയോഗിക്കുന്നത്, ഉപഗ്രഹത്തെ അതിന്റെ ഭ്രമണപഥത്തിലെത്തിക്കാൻ വേണ്ടി മാത്രമാണ്. അതിനു നിശ്ചയിക്കപ്പെട്ട കാലമത്രയും ഭ്രമണപഥത്തിൽ സഞ്ചരിക്കുന്നതിനും, ദൗത്യം വിജയകരമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായി വരുന്നത് അവശേഷിക്കുന്ന ഇരുപത് ശതമാനം മാത്രം! കുട്ടികളുടെ സ്ഥിതിയും ഇതുപോലെത്തന്നെയാണ്. അവരെ ശരിയായ ജീവിതപന്ഥാവിലെത്തിക്കുക എന്നത് അൽപം ശ്രമകരമായേക്കാം. അതു സാധ്യമായാൽ പിന്നീടവർ അത്ഭുതങ്ങൾ സൃഷ്ടിക്കുക തന്നെ ചെയ്യും! കുട്ടികളെ സംബന്ധിച്ച് രക്ഷിതാക്കളുടെ സ്വപ്നങ്ങളും, പ്രതീക്ഷയും യാഥാർത്ഥ്യമായിത്തീരുന്നത് അവർ ജീവിതത്തിൽ വിജയശ്രീലാളിതരായിത്തീരുമ്പോഴാണെന്നതിൽ പക്ഷാന്തരമുണ്ടാവില്ല. അതിനവരെ പ്രാപ്തരാക്കുക എന്നതാണു പ്രധാനം. പഴയതുപോലെ അവർ ആരുടെയും വരുതിയിലല്ലെന്നുള്ളതാണ് ഇവിടെ കുഴക്കുന്ന പ്രശ്നം! രക്ഷിതാക്കൾക്കും, അധ്യാപകർക്കും അവരിൽ ചെലുത്താൻ കഴിയുന്നതിലേറെ സ്വാധീനം മാധ്യമങ്ങൾക്കും, സമസംഘങ്ങൾക്കും ഇപ്പോഴുണ്ട്. ജീവിതവിജയമന്ത്രങ്ങളെക്കുറിച്ചാലോചിക്കുമ്പോൾ നാമാദ്യമെത്തിച്ചേരുന്നതും, ആർജിക്കേണ്ടതുമായ ഗുണങ്ങളിലൊന്ന്

വായനാശീലമാണ്. കുട്ടികളുടെയെന്നല്ല, ഏതൊരു വ്യക്തിയുടെയും വിജയത്തിന് ഒഴിവാക്കാനാവാത്ത മാർഗമാണിത്. നല്ല വായനക്കു പകരം വയ്ക്കാൻ മറ്റൊന്നുണ്ടാവുമെന്നു തോന്നുന്നില്ല. അതിൽ നിന്നു ലഭിക്കുന്ന നേട്ടങ്ങളാവട്ടെ, മറ്റൊന്നു കൊണ്ടും സിദ്ധിക്കുകയുമില്ല. വായന നമ്മുടെ വ്യക്തിത്വവികാസത്തെ എങ്ങനെ സഹായിക്കുമെന്നല്ലേ? ഉത്തരം ലളിതമാണ്. ശാരീരികവളർച്ചയ്ക്കും, ആരോഗ്യത്തിനും പോഷകസമൃദ്ധമായ ഭക്ഷണം ആവശ്യമാണല്ലോ. വായനയും അങ്ങനെത്തന്നെ. നമ്മുടെ മാനസിക വികാസവും, മൂല്യങ്ങളുടെ സ്വാംശീകരണവും വായന ത്വരിതപ്പെടുത്തുന്നു. അനുകരണീയമായ വ്യക്തിത്വത്തിന് ഉടമകളാവണം എന്നാഗ്രഹിക്കുന്നവർക്ക് അനുപേക്ഷണീയമായ ഗുണമാണ് വായന എന്നു ചുരുക്കം. വൈജ്ഞാനികമായ പുരോഗതി, സാംസ്കാരികമായ ഉന്നതി, സാമൂഹികമായ അവബോധം, ഉയർന്ന ചിന്താശേഷി, സൗന്ദര്യബോധത്തിന്റെയും ഭാവനയുടെയും വികാസം എന്നിങ്ങനെ വായനയിലൂടെ വളർത്തിയെടുക്കാവുന്നതും, സമ്പന്നമാക്കാവുന്നതുമായ നിരവധി ഗുണങ്ങളുണ്ട്. പെയ്യുന്ന മഴയുടെ തോതനുസരിച്ച് ഭൂമിയിലുണ്ടാവുന്ന മാറ്റങ്ങൾ പോലെയാണ് വായിക്കുന്ന പുസ്തകങ്ങളുടെ എണ്ണവും ,ഗുണവും വ്യക്തിയിലുണ്ടാക്കുന്ന പരിവർത്തനങ്ങൾ. ഒട്ടും മഴ ലഭിച്ചില്ലെങ്കിൽ എല്ലാം വരണ്ടുണങ്ങി ഭൂതലം മരുഭൂമിയായി മാറാൻ അധികകാലം വേണ്ടി വരില്ല. ഒന്നും വായിക്കാത്തവരുടെ സ്ഥിതിയും വിഭിന്നമല്ല. മഴ നല്ല തോതിൽ ലഭിക്കുമ്പോൾ ജലം മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നു. ഭൗമാന്തർഭാഗത്തെ ജലം ഉറവകളായി കിണറുകളെയും, നദികളെയും സമ്പുഷ്ടമാക്കുന്നു. ഇതു പോലെ നല്ല വായനാശീലത്തിന് ഉടമകളാവുന്നവർക്ക് അതുവഴി ലഭിക്കുന്ന അസംഖ്യം അറിവുകളും, അനുഭൂതിയും സ്വാംശീകരിക്കാനും ഉചിതമായ മാർഗങ്ങളിലൂടെ അവ പ്രകാശിപ്പിക്കാനും സാധിക്കുന്നു .മനുഷ്യ ചരിത്രത്തിലെ പല മഹാമനീഷികളുടെയും ജീവിതവിജയത്തിനു പിന്നിൽ അവർ വായിച്ച അമൂല്യ

ഗ്രന്ഥങ്ങളുടെ സ്വാധീനമായിരുന്നു എന്നു തിരിച്ചറിയേണ്ടതുണ്ട്. 'കൈയിൽ ഉടവാളും, കീശയിൽ ഹോമറിന്റെ ഗ്രന്ഥവുമുണ്ടെങ്കിൽ ഞാൻ ലോകം കീഴടക്കുമെന്ന് ' അലക്സാണ്ടർ പറഞ്ഞത് വെറുതെയല്ല. വായന ഒരാളുടെ ഭാഷാശേഷിയുടെയും, ഭാവനയുടെയും വികാസത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്. ഭാഷയിലെ പദങ്ങൾ നാം കണ്ടുമുട്ടാറുള്ള മനുഷ്യരെപ്പോലെയാണെന്നു പറയാം. ഒരു വിവാഹച്ചടങ്ങിൽ പോയി നോക്കൂ ..... അവിടെ കാണുന്ന കുറച്ചുപേർ നമ്മുടെ അടുത്ത സുഹൃത്തുക്കളായിരിക്കും. കുറച്ചുപേർ നമ്മുടെ സുഹൃത്തുക്കളൊന്നുമല്ലെങ്കിലും, പരിചിതരായിരിക്കും. ഇനി മറ്റു ചിലരോ? തികച്ചും അപരിചിതർ! നമ്മൾ വായിക്കുമ്പോൾ കൺമുമ്പിലൂടെ കടന്നുപോകുന്ന പദങ്ങളും ഇങ്ങനെയൊക്കെത്തന്നെയാണ്. നല്ല വായനയിലൂടെ അപരിചിതരെ പരിചിതരാക്കാനും, പരിചിതരെ സുഹൃത്തുക്കളാക്കാനും നമുക്കു കഴിയുന്നു. നമ്മുടെ എഴുത്തിലും പ്രഭാഷണത്തിലും, എന്തിന്, സൗഹൃദസംഭാഷണങ്ങളിൽ വരെ അതു തെളിഞ്ഞുനിൽക്കും.ഏതൊരു കൂട്ടായ്മയിലും എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റാൻ നല്ല ഭാഷ നമ്മെ സഹായിക്കും. ചെറിയ സൗഹൃദസദസ്സുകളിൽ പോലും നൂതനവും പ്രസക്തവുമായ വിവരങ്ങൾ ആധികാരികതയോടെ പങ്കുവയ്ക്കുന്നവരെ ശ്രദ്ധിച്ചിട്ടില്ലേ?, ആ ഗുണം അത്തരക്കാർ സ്വായത്തമാക്കുന്നത് പരന്നവായനയിലൂടെയും നിരീക്ഷണങ്ങളിലൂടെയുമാണെന്നോർക്കുക. വായിക്കുന്ന ഒരു മനുഷ്യന് ലഭിക്കുന്ന അനുഭൂതിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? അയാൾ നമ്മുടെ കാലത്തു തന്നെയാണ് ജീവിക്കുന്നതെന്നും, നമ്മുടെ സുഹൃത്താണെന്നുമൊക്കെ നമ്മൾ പറഞ്ഞേക്കും. പക്ഷേ, മറ്റുള്ളവർ കാണാത്ത ഒരു ലോകത്തിലൂടെയാണ് അയാൾ നിത്യവും സഞ്ചരിക്കുന്നത്! ഒരേസമയം ആഫ്രിക്കയിലും, അമേരിക്കയിലും, കൊച്ചുകേരളത്തിലെ

നാട്ടിൻപുറങ്ങളിലും അയാൾ യാത്ര ചെയ്യുന്നു .. അതിരാണിപ്പാടവും, ഖസാക്കും, മാൽഗുഡിയും, മക്കൊണ്ടോയും അയാളുടെ കളിമുറ്റങ്ങളാണ്! ഹോമറും ,ടോൾസ്റ്റോയിയും, കുമാരനാശാനും അയാളുടെ സുഹൃത്തുക്കളാണ്! അവർ സൃഷ്ടിച്ച ഭാവനാപ്രപഞ്ചമത്രയും സ്വന്തം ഗ്രാമത്തിലെ ഊടുവഴികൾ പോലെ അയാൾക്കു സുപരിചിതങ്ങളാണ് ! ബഷീറിയൻ ശൈലി കടമെടുത്തു പറഞ്ഞാൽ ഇത്തിരിപ്പുടിയോളം പോന്ന ഈ ജീവിതത്തിൽ നമ്മൾ അടുത്തറിയുന്ന ജീവിതങ്ങളേക്കാൾ ,പതിന്മടങ്ങു ജീവിതങ്ങളാണ് അയാൾ കണ്ടറിഞ്ഞത്! വായനയെക്കുറിച്ചു പറയുമ്പോൾ ചിലർ ഉന്നയിക്കാറുള്ള സംശയം ഇതാണ് : കഥ ,നോവൽ തുടങ്ങിയ സർഗാത്മക രചനകൾ നാമെന്തിനു വായിക്കണം? ശാസ്ത്ര സാങ്കേതിക കൃതികളും, ചരിത്രഗ്രന്ഥങ്ങളുമൊക്കെ വായിക്കുന്നതിനല്ലേ, ഊന്നൽ നൽകേണ്ടത്?.. ഒറ്റവാക്കിൽ പറഞ്ഞാൽ അല്ലെന്നു തന്നെയാണ് ഉത്തരം. വായനയിൽ വൈജ്ഞാനിക ഗ്രന്ഥങ്ങൾക്കു നൽകേണ്ട സ്ഥാനംപോലെ പ്രധാനമാണ് സർഗാത്മക രചനകൾക്കുള്ള സ്ഥാനവും. ശാസ്ത്ര സാങ്കേതിക ഗ്രന്ഥങ്ങൾ അറിവിന്റെ വികാസത്തിനും, യുക്തിചിന്തയുടെ വളർച്ചയ്ക്കും കൂടിയേ തീരൂ.എന്തിനെയും കാര്യകാരണസഹിതം പരിശോധിക്കാനും, സൂക്ഷ്മമായി വിലയിരുത്തി സ്വന്തമായ നിരീക്ഷണങ്ങൾ രൂപപ്പെടുത്താനുമുള്ള ശേഷി അത്തരം കൃതികളുടെ വായനയിലൂടെ ഒരാൾക്കു ലഭിക്കുന്നു. പക്ഷേ, ബൗദ്ധികമായി ഉയർന്ന നിലവാരം പുലർത്തുന്നു എന്നതുകൊണ്ടു മാത്രം ഒരാൾക്കു നല്ല മനുഷ്യനായിത്തീരാൻ കഴിയുമോ? ആധുനിക ഇന്ത്യ ജന്മം നൽകിയ ദാർശനികനും, വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന ഡോ.എസ്.രാധാകൃഷ്ണന്റെ വാക്കുകളിൽ ഇതിനുള്ള മറുപടിയുണ്ട് : 'മനുഷ്യൻ ആകാശത്തിൽ പറവകളെപ്പോലെ പറക്കാൻ പഠിച്ചു. സമുദ്രത്തിൽ മത്സ്യങ്ങളെപ്പോലെ ഊളിയിട്ടു നീന്താൻ പഠിച്ചു.. എങ്കിലും ഭൂമിയിൽ മനുഷ്യനായി ജീവിക്കാൻ മാത്രം അവൻ

പഠിച്ചില്ല' . ഇതല്ലേ, വാസ്തവം? ഹൃദയത്തെ അവഗണിച്ച് തലച്ചോറിനെ മാത്രം ലക്ഷ്യം വയ്ക്കുന്ന പുരോഗതി കൊണ്ട് നമുക്കന്തു നേട്ടം? വ്യക്തിയുടെ വൈജ്ഞാനിക മണ്ഡലത്തിന്റെ പോഷണത്തിനു നൽകുന്ന അതേ പ്രാധാന്യം വൈകാരികമണ്ഡലത്തിന്റെ വികാസത്തിനും നൽകിയേ തീരൂ. സഹജീവികളെ തിരിച്ചറിയുന്ന , മണ്ണിൽ കാലുറപ്പിച്ചു നിൽക്കുന്ന ശാസ്ത്രസാങ്കേതിക വിദഗ്ധർക്ക് ഒരിക്കലും അണുബോംബിനു പിന്നാലെ പോകാനാവില്ല. പ്രകൃതിയെയും മനുഷ്യനെയും തൃണവദ്ഗണിക്കുന്ന വികസന തന്ത്രങ്ങൾക്ക് കൂട്ടുനിൽക്കാനാവില്ല. നമ്മുടെ വിദ്യാഭ്യാസ മേഖലയെത്തന്നെ ഇത്തരമൊരു മാനവിക ബോധത്തിന്റെ അടിത്തറയിൽ പുന:സൃഷ്ടിക്കാൻ കഴിയേണ്ടതുണ്ട്. മാനവിക ബോധവും, സൗന്ദര്യബോധവും ആഴത്തിൽ വേരോടാൻ പാകത്തിൽ കുട്ടികളുടെ വായനയെ രൂപപ്പെടുത്തേണ്ടതുമുണ്ട്. താരാശങ്കർ ബാനർജിയുടെ ' ആരോഗ്യ നികേതനം ' വായിക്കുന്ന ഡോക്ടറും, ബഷീറിന്റെ ഭൂമിയുടെ അവകാശികൾ മുന്നോട്ടുവയ്ക്കുന്ന പാരിസ്ഥിതിക സമീപനം തിരിച്ചറിയാൻ കഴിയുന്ന ആർക്കിടെക്ടും മറ്റുള്ളവരിൽ നിന്നു വ്യത്യസ്തരായിരിക്കുമെന്നു തീർച്ച.ഈ ആശയത്തിന് അടിവരയിടുന്ന സൈമൺ ലീസിന്റെ വാക്കുകൾ നോക്കുക: 'തുല്യ യോഗ്യതയുള്ള രണ്ടു ഡോക്ടർമാരിൽ ആരുടെ ഉപദേശമാണ് സ്വീകരിക്കേണ്ടത് , എന്ന പ്രശ്നം വരുമ്പോൾ ഞാനതിൽ ചെഖോവിനെ വായിച്ചയാളുടേതാണു സ്വീകരിക്കുക'. വായനയുടെ പ്രയോജന പരതയും ,സൗന്ദര്യപരമായ മാനങ്ങളും അന്വേഷിക്കുമ്പോൾ തന്നെ ഈ രംഗത്തു വരുന്ന പരിവർത്തനങ്ങളും നാം തിരിച്ചറിയേണ്ടതുണ്ട്. സാങ്കേതികവിദ്യയുടെ വികാസത്തോടെ രംഗപ്രവേശം ചെയ്ത ടെലിവിഷൻ പോലുള്ള ഇലക്ട്രോണിക് മാധ്യമങ്ങളും ,ഇന്റർനെറ്റ് വിപ്ലവത്തിന്റെ സന്തതികളായ സാമൂഹിക മാധ്യമങ്ങളും സാധാരണക്കാരുടെ വായനാശീലത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. തിരക്കുപിടിച്ച ലോകത്ത് വായിക്കാനേ, സമയം കിട്ടുന്നില്ലെന്നു

പരിതപിക്കുന്നവരാണു പലരും .അപ്പോഴും പത്രമാസികകളുടെയും, പുസ്തകങ്ങളുടെയും പ്രസാധനരംഗത്ത് വൻതോതിൽ വർധനവുണ്ടാകുന്നു എന്ന യാഥാർത്ഥ്യവും നമ്മുടെ മുന്നിലുണ്ട്. വാസ്തവത്തിൽ വിവരസാങ്കേതിക മേഖലയിലുണ്ടായ കുതിച്ചു ചാട്ടം പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും ലഭ്യതയും വായനയും വർധിപ്പിക്കാനും സഹായകമായിട്ടുണ്ട്. വിപണിയിൽ ലഭ്യമല്ലാത്ത പഴയ ഗ്രന്ഥങ്ങളും രേഖകളുമടക്കം ലോകത്തിലെ ഏതു ഭാഷയിലും അച്ചടിക്കപ്പെട്ട കൃതികൾ സോഫ്റ്റ് കോപ്പിയായി അതു നമ്മുടെ കൺമുമ്പിലെത്തിക്കുന്നു.പരമ്പരാഗത വായനയിൽ നിന്ന് ഇ - വായനയിലേക്കുള്ള ഈ മാറ്റം ക്രിയാത്മകമായി പ്രയോജനപ്പെടുത്താനുള്ള പരിശീലനമാണ് പുതുതലമുറയ്ക്കു നൽകേണ്ടത്. ഗ്രന്ഥശാലയിൽ പുസ്തകം തേടിയെത്തുന്ന കുട്ടികളുടെ പ്രായവും, അഭിരുചിയും തിരിച്ചറിഞ്ഞ് അവർക്കനുയോജ്യമായവ തിരഞ്ഞെടുത്തു നൽകുന്ന ലൈബ്രേറിയന്റെ സാന്നിധ്യം ഇ - ലോകത്തില്ല. വിവേചനാ പൂർവമായ സ്വയം തിരഞ്ഞെടുപ്പ് അവിടെ പ്രധാനമാണ്. ഇന്റർനെറ്റിൽ ലഭ്യമാകുന്ന ആയിരക്കണക്കിന് വായനാ സാമഗ്രികളിൽ നിന്ന് കതിരും പതിരും വേർതിരിച്ചെടുക്കുക പലപ്പോഴും ശ്രമകരമായിരിക്കും. ഇ - വായനയ്ക്ക് നിരവധി ഗുണങ്ങളും സൗകര്യങ്ങളുമുണ്ടെങ്കിലും അവ അച്ചടിച്ച പുസ്തകങ്ങൾക്കു പകരമാവില്ലെന്ന നിരീക്ഷണത്തിലും കഴമ്പുണ്ട്. ആകർഷകമായ കെട്ടിലും മട്ടിലും നമ്മുടെ മടിയിലിരിക്കുന്ന പുതുപുത്തൻപുസ്തകങ്ങൾ നൽകുന്ന അനുഭൂതി ഒന്നു വേറെ തന്നെയാണല്ലോ. വിദ്യാർഥികളുടെ വായനാശീലത്തെ പരിപോഷിപ്പിക്കാൻ എന്തു ചെയ്യാനാവുമെന്ന ആലോചനകൂടി ഈ ചർച്ചയുടെ ഭാഗമാകേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാലകളെ ഇത്തരമൊരു ലക്ഷ്യത്തിനനുസൃതമായി സജ്ജീകരിക്കുകയാണ് ഈ രംഗത്തെ ആദ്യപടി. സ്കൂളിലെ ലൈബ്രറി ഹാളിന്റെ സ്ഥാനം, ഇരിപ്പിടങ്ങൾ, പുസ്തകങ്ങളുടെയും

ആനുകാലികങ്ങളുടെയും ക്രമീകരണം എന്നിവ പ്രാധാന്യമർഹിക്കുന്നു. വേണ്ടത്ര വെളിച്ചമോ,വായുസഞ്ചാരമോ ഇല്ലാത്ത മുറികളിൽ പേരിനു മാത്രമായി നിലനിർത്തേണ്ട ഒന്നല്ല, സ്കൂൾ ഗ്രന്ഥശാലകൾ. വിദ്യാർഥികളെ എളുപ്പം ആകർഷിക്കുന്നതും, ആരോഗ്യകരമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതുമാവണം അവ.സർഗാത്മക രചനകൾ, വൈജ്ഞാനിക കൃതികൾ, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിങ്ങനെ ഓരോ വിഭാഗത്തിലുമുള്ള പുസ്തകങ്ങൾ തരം തിരിച്ച് ശാസ്ത്രീയമായ രീതിയിൽ ക്രമീകരിക്കണം. ലൈബ്രറി സയൻസ് ബിരുദധാരികളുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്താം. മലയാളത്തിലെയും, ഇംഗ്ലീഷിലെയും മികച്ച ആനുകാലികങ്ങൾ, ബാല പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ എന്നിവ എളുപ്പം ലഭ്യമാകുന്ന വിധം ക്രമീകരിക്കണം. തൊഴിൽ മത്സര പരീക്ഷകളുടെ തയ്യാറെടുപ്പിനു സഹായകമായ പ്രസിദ്ധീകരണങ്ങൾ പരിശോധിക്കാനും, കുറിപ്പെടുക്കാനും പ്രത്യേകസംവിധാനം വേണം. പ്രധാന ജേർണലുകളുടെ പഴയ ലക്കങ്ങൾ ബൈൻഡ് ചെയ്ത് സൂക്ഷിക്കുകയും ആവശ്യക്കാർക്ക് ലഭ്യമാക്കുകയും ചെയ്യുന്നത് പ്രയോജനപ്രദമാവും. സ്കൂൾ ഗ്രന്ഥശാലകൾ എഴുത്തിനോടും, എഴുത്തുകാരോടും ആഭിമുഖ്യവും, ആദരവും വളർത്തുന്ന ഇടങ്ങളാവേണ്ടതുണ്ട്. സാഹിത്യകാരൻമാരുടെ ഛായാചിത്രങ്ങൾ, മഹദ്വചനങ്ങൾ എന്നിവ അവിടെ പ്രദർശിപ്പിക്കുന്നത് വായനയിൽ താൽപര്യം ജനിപ്പിക്കും. സ്കൂൾ ലൈബ്രറി കേന്ദ്രീകരിച്ച് രൂപം നൽകാവുന്ന വായനാ ക്ലബ്ബുകൾക്ക് വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കാനാവും. പുസ്തകച്ചർച്ചകൾ എഴുത്തുകാരുമായുള്ള മുഖാമുഖം, ആസ്വാദനക്കുറിപ്പു മത്സരം, സാഹിത്യ ക്വിസ്, രചനാശിൽപശാലകൾ, ദിനാചരണങ്ങൾ എന്നിവ വലിയ സാമ്പത്തികച്ചെലവോ, സമയനഷ്ടമോ കൂടാതെ തന്നെ ആവിഷ്കരിക്കാവുന്നതേയുള്ളൂ. വായിക്കുന്ന പുസ്തകങ്ങളുടെ കുറിപ്പും, ആസ്വാദനക്കുറിപ്പും തയ്യാറാക്കാൻ

വിദ്യാർഥികൾക്കു നിർദേശം നൽകണം.വായനാദിനം, ബഷീർ ദിനം മുതലായവയോടനുബന്ധിച്ച് നടത്താവുന്ന ആസ്വാദനക്കുറിപ്പു മത്സരവും, പ്രശ്നോത്തരിയും മുഴുവൻ വിദ്യാർഥികൾക്കും പ്രചോദനമേകുന്ന വിധം ആവിഷ്ക്കരിക്കാവുന്നതേയുള്ളൂ. അധ്യയന വർഷാരംഭം മുതൽ അവസാനം വരെ ഓരോ കുട്ടിയും വായിക്കുന്ന കൃതികളുടെ ആസ്വാദനക്കുറിപ്പുകൾ മുൻനിർത്തി മികച്ച വായനക്കാർക്ക് പ്രത്യേക പുരസ്കാരമേർപ്പെടുത്താവുന്നതാണ്. വിദ്യാർഥികൾക്കാവശ്യമായ പുസ്തകങ്ങളുടെ ലഭ്യതക്കുറവ് ഒരു പ്രശ്നമായിക്കാണേണ്ടതില്ല. വിദ്യാലയങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലായതിനാൽ അവയുടെ വാർഷിക പദ്ധതി തയ്യാറാക്കുന്ന വേളയിൽ ഫണ്ട് വകയിരുത്തുന്നതിനായി അപേക്ഷ നൽകാം.കുട്ടികളും ,അധ്യാപകരും അവരുടെ പിറന്നാൾ സമ്മാനമായി സ്കൂൾ ഗ്രന്ഥശാലയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകുന്ന പദ്ധതി ചില വിദ്യാലയങ്ങളിൽ നിലവിലുണ്ട്. ആയിരം കുട്ടികൾ പഠിക്കുന്ന ഒരു വിദ്യാലയത്തിൽ ഇതു പ്രാവർത്തികമാക്കി മാറ്റിയാൽ ,രണ്ടോ മൂന്നോ വർഷത്തിനകം തന്നെ ലക്ഷ്യം കൈവരിക്കാനാകും. സ്കൂൾ അസംബ്ലിയിൽ വച്ച് പുസ്തകം പ്രധാനാധ്യാപകനു കൈമാറുമ്പോൾ സഹപാഠികൾ നൽകുന്ന കൈയടിയും, പ്രോത്സാഹനവും ഓരോ വിദ്യാർഥിക്കും ലഭിക്കുന്ന അവിസ്മരണീയമായ അനുഭവങ്ങളിലൊന്നായി മാറുകയും ചെയ്യും. ഒരു സന്ദേശം വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഒരേ സമയം കൈമാറാനുള്ള അവസരമാണല്ലോ സ്കൂൾ അസംബ്ലികൾ വഴിലഭികുന്നത്. വിദ്യാർഥികൾക്കു പ്രചോദനമേകുന്ന ഒരു കൃതി ചുരുങ്ങിയ വാക്കുകളിൽ അസംബ്ലിയിൽ പരിചയപ്പെടുത്താം. പുസ്തകത്തിലെ ശ്രദ്ധേയമായ ഒരു ഭാഗം വായിച്ചവതരിപ്പിക്കുകയുമാവാം. ഇത്തരം പ്രവർത്തനങ്ങൾ പൂർണമായും കുട്ടികളുടെ പങ്കാളിത്തത്തോടെയാവണം നടപ്പിൽ വരുത്തേണ്ടത്. സ്കൂൾ

ഗ്രന്ഥശാലകളുടെ പ്രധാന പ്രായോജകർ വിദ്യാർഥികൾ തന്നെയാണെന്നു പറയുമ്പോഴും, അവ രക്ഷിതാക്കൾക്കോ, പൊതു സമൂഹത്തിനോ അപ്രാപ്യമായ ഇടങ്ങളായി കാണേണ്ടതില്ല. വയനാട്ടിലെ ഒരു സർക്കാർ വിദ്യാലയത്തിൽ ആഴ്ചയിലൊരു ദിവസം അമ്മമാർക്ക് സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകം നൽകുന്ന പദ്ധതി നിലവിലുണ്ട്. കഴിഞ്ഞ വർഷം ഈ മേഖലയിൽ ഒരു ചുവടു കൂടി മുന്നോട്ടു പോയി ,രക്ഷിതാക്കളുടെ കവിതാസമാഹാരവും അവർ പുറത്തിറക്കുകയുണ്ടായി. ഇതു പോലുള്ള വൈവിധ്യമാർന്ന പദ്ധതികൾ ഓരോ വിദ്യാലയത്തിന്റെയും സാഹചര്യവും പശ്ചാത്തലവും പരിഗണിച്ച് നടപ്പിൽ വരുത്തേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യം മൂല്യബോധവും,സംസ്കാരവും കൈമുതലാക്കിയ ഒരു തലമുറയുടെ സൃഷ്ടിയാണെങ്കിൽ വായനയുടെ പ്രാധാന്യത്തെ നമുക്കൊരിക്കലും കുറച്ചു കാണിക്കാൻ സാധിക്കില്ലെന്നു തീർച്ച.



**ഡോ.ബാവ.കെ പാലുകുന്ന്**
**എച്ച്.എസ്.എസ്.ടി.മലയാളം**

# തഴുകിയെത്തിയ മൃത്യു

ചെമ്പകത്തിൻെറ സൗരഭ്യം മുറി ആകമാനം നിറഞ്ഞിരുന്നു.. ഞാൻ സമർപ്പിക്കട്ടെ. ജനാലകൾ തുറന്ന് പുറത്തേക്ക് നോക്കി. എത്ര ആകർഷണീയമായ സൗന്ദര്യം ! ചെമ്പകത്തിൻെറ ശാഖകൾ എല്ലാം പടർന്നു പന്തലിച്ചിരിക്കുന്നു . ഓഫീസിലെ തിരക്കേറിയ ജീവിതം ശരീരത്തെ കാർന്നു തിന്നു കൊണ്ടിരിക്കുന്നു . ഇതിൽനിന്നും എന്നാണ് ഒരു മോചനം ? വയസ്സ് 48 കഴിഞ്ഞു . മുടിയിൽ നര വ്യാപിച്ചിരിക്കുന്നു .. ഞാൻ താഴേക്ക് പോയി ഒരു കട്ടൻ കുടിച്ചു . ഞായറാഴ്ചയാണ് , അതായത് ഇന്ന് ഒരു വിശ്രമദിനം ! പണ്ടത്തെപോലെ അല്ല , ശരീരത്തിൽ ഓരോ ഭാഗവും റിപ്പയർ ആയി വരികയാണ് . അതിനുപുറമെ രാവിലെ മുതൽ വൈകുന്നേരം വരെയുള്ള ജോലിയും ഓഫീസ് പോട്ടെ ,ഇനി കുറച്ചു കൊല്ലമേ ബാക്കിയുള്ളൂ .. ദേഹമാകമാനം വേദന കൊണ്ട് പുളയുകയാണ് .. ചിലപ്പോൾ മനസ്സിൻെറ ആഴത്തിൽ നിന്നും ആരോ പറയും മരണത്തിൻെറ നിഴൽ തന്നെ പിടികൂടുമെന്ന് , എന്നാൽ അതത്ര വലിയ കാര്യമാക്കാറില്ല . ഈ പ്രപഞ്ചം മുഴുവൻ തലയിൽ കറങ്ങുന്നത് പോലെ തോന്നി . ഇന്നലെ മുതൽ തുടങ്ങിയതാണ് ഈ തലകറക്കം . മെഡിക്കൽ ഷാപ്പിൽ നിന്നും ഗുളിക വാങ്ങിച്ചു കഴിച്ചെങ്കിലും ആ നേരത്തേക്കുള്ള ഒരു ആശ്വാസം മാത്രം ആയിരുന്നു അത് . ഇപ്പോൾ ഇടയ്ക്കിടയ്ക്ക് വരുന്നുണ്ട് .അങ്ങനെ ആലോചിച്ചിരിക്കുമ്പോഴാണ് മരണ വിളി എന്നപോലെ ഫോൺ റിങ് ചെയ്തത് . മനസ്സിൽ ഒരു ഭയം ഉണ്ടായിരുന്നു , ഇനി ഓഫീസിൽ നിന്ന് ആയിരിക്കുമോ ? വിശ്രമിക്കാമെന്ന് കരുതിയതാണ്.ഭാഗ്യം! അത് ശേഖരേട്ടൻ ആയിരുന്നു . അയാളുടെ കടയുടെ ഉദ്ഘാടനമാണ് ഇന്ന് , എല്ലാവരെയും വിളിച്ചിരിക്കുന്നു . കൂട്ടത്തിൽ എന്നെയും .... പോകാതിരിക്കാൻ കഴിയില്ല , അത്രയ്ക്കും ആത്മബന്ധമാണ് . ഇരുപത്തിയേഴാം വയസ്സിൽ ജോലിയില്ലാതെ

നാടുചുറ്റിയപ്പോൾ അദ്ദേഹമാണ് എന്നെ കര കയറ്റി തന്നത് .. ഇത്രയും നീണ്ടവർഷം, ജീവിതത്തിൽ എത്രയെത്ര അനുഭവങ്ങൾ... പല പല ആളുകൾ...ഓരോ രീതികൾ ഇവയൊക്കെ പരിചയപ്പെട്ടിരിക്കുന്നു...ഇനി അടുത്തതെന്ത് ? ഞാൻ ഗേറ്റ് പൂട്ടിയിട്ട് ശേഖരേട്ടൻെറ കടയെ ലക്ഷ്യമാക്കി നടന്നു . വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ മൃതിയടഞ്ഞു എന്ന് കരുതിയ തലകറക്കത്തിൻെറ ഒരു സൂചനയുണ്ടായിരുന്നു . തിരിച്ചു വരുമ്പോൾ ഡോക്ടറെ കാണാം എന്ന് കരുതി . ഇനി കുറച്ചുദൂരം കൂടി മാത്രമേയുള്ളൂ. ഞായറാഴ്ച്ച ആയതു കാരണമാണ് ഇത്ര ജനത്തിരക്ക് . ശേഖരേട്ടൻെറ കട കാണാം . തോരണങ്ങളും മറ്റും ഉപയോഗിച്ച് എത്ര മനോഹരമായി അലങ്കരിച്ചിരിക്കുന്നു . ഞാൻ റോഡ് മുറിച്ചുകടക്കാൻ ഒരുങ്ങുകയായിരുന്നു . പക്ഷേ ഈ പ്രപഞ്ചത്തിനു കീഴ് പ്പെടുത്താൻ തക്ക ശക്തിയുള്ള രാക്ഷസയമ്പ് എൻെറ തലയിൽ തറച്ചപോലെ തോന്നി . ദേഹമാകമാനം പുളയുന്ന വേദന . ആ ജനത്തിരക്കിനിടയിൽ ശ്വാസം മുട്ടുന്നത് പോലെ തോന്നി . ആ സമയത്ത് മനസ്സിൻെറ ആഴത്തിൽ നിന്നും അതേ ശബ്ദം, അതേ വാക്ക് എനിക്ക് കേൾക്കാമായിരുന്നു ..........



നന്ദന വിനോദ്

10 I

# The Women And The Cock

*A very Pugnacious Women once lived in a village. All She had only a Cock that used to crow in the morning to wake people up her callousness really exasperated the in habitants there. One day the Lady decided to leave the village but at the last time she cursed the village that there wouldn't be morning from next day as the cock was being carried away who was the only source to awake the sun. She in other village thought the sun was glowing because of her cock. But after some days she became sad to think that in her earlier village all would living a life of darkness because the day appeared when her cock crowned but she had unknown of the fact that her cock crowned after the sun had risen.*



മുവിത്ര എസ്.

9 F

# എന്റെ വിദ്യാലയം




എന്നും പൂമൊട്ട് ചേലും ചിരി തൂകി -

വിദ്യാലയം എൻ വിദ്യാലയം

കളിയും ചിരിയും പറഞ്ഞ് അങ്കണ -

ത്തിലൂടെ നീളെ നടന്നു .

താഴെ മതിൽ കെട്ടിൽ ആൽമര -

തണലിലായി വന്നിരുന്നു

ഞങ്ങൾ വന്നിരിന്നു .

ക്ലാസിലെ ബെഞ്ചിലിരുന്നൊരാ നേരം

ടീച്ചറൊന്ന് വന്നെന്റെ മുമ്പിൽ

കയ്യിലാ ചെറിയൊരു ചൂരൽ വടിയുമായ്.

ബെല്ലിനാം ശബ്ദം ആകെ പരന്നു

ഇടവഴിയില്ലാതെ ഓടി മറഞ്ഞു .

കുട്ടികളാൽ മൈതാനമാകെ നിറഞ്ഞു .

ഒത്തൊന്നു സാറ്റു കളിച്ചതും,

ഒരുപാട് കളികൾ കളിച്ചതും

ഓർമ തന്നെ .

സമയമങ്ങനെ നീങ്ങി നീങ്ങി ... .

ഭക്ഷണം കഴിക്കാൻ സമയമാകുമ്പോൾ

കറികളെല്ലാം പങ്കുവെച്ച് കഴിച്ചും.

പഠനം വീണ്ടും തുടങ്ങിയല്ലോ

വിദ്യാലയമൊന്ന് വിട്ട നിമിഷം

റോക്കറ്റ്പോലെ പാഞ്ഞു പോയി .

കളിയും ചിരിയും മാഞ്ഞുപോയി

പഠനത്താൽ വിഹരിച്ച വിദ്യാലയം.

താഴെ മതിൽക്കെട്ടിൽ ഇരുന്നതും

ആൽമരതണലിലായി വന്നിരുന്നതും

ഇന്നിതി കോവിഡ് -

കാലത്തെ ഓർമ്മ തന്നെ...

ഇനിയെപ്പോൾ തുറക്കുമെൻ വിദ്യാലയം

കൊറോണയെന്നൊരാ -

മഹാമാരിയെ തൂത്തു തുടച്ച്

പുതിയൊരദ്ധ്യയന വർഷം

വരുമെന്ന പ്രതീക്ഷയാൽ

നമുക്കേവർക്കും കാത്തിരിക്കാം ....

കാത്തിരിക്കാം പുതിയ വിദ്യാലയത്തെ .....



രമീഷ ഫാത്തിമ

7 A


# ചൈന- ഒരു മികച്ച യാത്ര



എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട യാത്രയാണ് ചൈനയിലേക്കുള്ള യാത്ര. അവിടേക്ക് ഞാനൊരു രണ്ടു വർഷം മുൻപാണ് പോയത്. ചൈന എന്ന രാജ്യം വളരെ പ്രശസ്തമായതാണ്. കുറെ ചരിത്രങ്ങളും അതുപോലെ തന്നെ വ്യത്യസ്തമായ ഭക്ഷണവും ജീവിത രീതികളുമൊക്കെ ഉൾക്കൊള്ളുന്ന ഒരു രാജ്യമാണ് ചൈന. ചൈനയെപ്പറ്റി ഞാനാദ്യമായി കേട്ടത്  ചൈനീസ് വന്മതിലിനെക്കുറിച്ചാണ്. ഇത് ലോകത്തിലെ ഏഴ് അത്ഭുതങ്ങളിലൊന്നാണ് . ഈ പേരുകേട്ട ചൈനീസ് വന്മതിലിനെക്കുറിച്ചറിയാം. പുരാതന ചൈനീസ് സംസ്ഥാനങ്ങളുടെയും സാമ്രാജ്യത്വ ചൈനയുടേയും ചരിത്രപരമായ വടക്കൻ അതിർത്തികളിൽ നിർമ്മിച്ച കോട്ടകളുടെ പരമ്പരയാണ് ചൈനയിലെ വൻമതിൽ. യൂറോപ്യൻ സ്റ്റെപ്പിയിൽ നിന്നുള്ള വിവിധ നാടോടികൾക്കെതിരെ സംരക്ഷണമായി ഉപയോഗിച്ചു. ഈ വന്മതിലിന്റെ ഏറ്റവും പ്രസിദ്ധമായ മിക്ക ഭാഗങ്ങളും നിർമിച്ചത് മിംഗ് രാജവംശമാണ്. സംരക്ഷണത്തിനു പുറമേ, വൻമതിലിന്റെ മറ്റ് ഉദ്ദേശ്യങ്ങളിൽ അതിർത്തി നിയന്ത്രണങ്ങളും, സിൽക്ക് റോഡിലൂടെ കൊണ്ടു പോകുന്ന സാധനങ്ങൾക്ക് തീരുവ ചുമത്താൻ അനുവദിക്കുന്നു. കൂടാതെ വാച്ച് ടവറുകളുടെ നിർമാണവും പുകയിലോ തീയിലോ ഉള്ള സിഗ്നലിംഗ് കഴിവുകളാൽ വൻമതിലിന്റെ പ്രതിരോധ സവിശേഷതകൾ മെച്ചപ്പെട്ടു. ഈ വന്മതിലിലൂടെ ഒരുപാട് നടക്കാൻ ഉണ്ടായിരുന്നുവെങ്കിലും മുകളിൽ നിന്നുളള കാഴ്ച കാണേണ്ടത് തന്നെയാണ്.

ഞാൻ പോയ മറ്റൊരു സ്ഥലമാണ് ഷാവോലിൻ കുംഗഫൂ സന്യാസ ഭവനം. അവിടെ ചെറുപ്പം മുതൽക്ക് കുംഗ് ഫൂ പഠിച്ച കുട്ടികൾ, ഒരു സ്റ്റേജിൽ വടി പിടിച്ച് വിവിധ തരത്തിലുള്ള കുംഗ് ഫൂ അവതരിപ്പിച്ചിരുന്നു. അതിനു ശേഷം ഭക്ഷണം കഴിക്കാനായി ചൈനയിലെ പ്രശസ്തമായ ഭക്ഷണമായ പെക്കിംഗ് ഡക്ക് ( വറുത്ത താറാവ് ) കഴിച്ചു. ചൈനയെക്കുറിച്ച് എടുത്ത് പറയേണ്ട മറ്റൊരു കാര്യമാണ് വൃത്തി. ഒരു ചെറിയ തെരുവ് പോലും വൃത്തിയായി സൂക്ഷിക്കുന്ന രാജ്യമാണ് ചൈന. ഒരു ദിവസം ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ ബോഗിയിലെ റയിൽവേ ഉദ്യോഗസ്ഥൻ വടി കൊണ്ട് ചെരുപ്പ് ഒതുക്കുന്നുണ്ടായിരുന്നു. ഇതിലൂടെ മനസ്സിലാക്കാം എത്ര മാത്രം ചിട്ടയുള്ള രാജ്യമാണെന്ന് ?


ഞാൻ പോയ യാത്രയിൽ ഏറ്റവും രസകരമായ ഒരു യാത്രയാണ് ഇത്. എത്ര പോയാലും മടുപ്പ് വരാത്ത ഒരു സ്ഥലമാണ് ചൈന. ഞാനൊരിക്കലും ഈ യാത്ര മറക്കില്ല.



**HIBA BROUNDIAN**

**9 G**

# എന്റെ യാത്ര



യാത്ര ഇഷ്ടമില്ലാത്തവരായി ആരും തന്നെ ഇല്ല. എല്ലാവർക്കും യാത്രകൾ ഇഷ്ടമാണ്, ഞാനും യാത്രകൾ ഇഷ്ടപ്പെടുന്നു. ഞാനും അനിയത്തിയും അമ്മയും അച്ഛനും കൂടെ ഒരിക്കൽ പാലക്കാട് പോയി. അവിടെ ചെന്നപ്പോഴാണ് ഇഷ ഫൗണ്ടേഷൻ എന്നൊരു അടിപൊളി സ്ഥലം ഉള്ള കാര്യം ഞാൻ അറിഞ്ഞത്. കുറച്ച് ദിവസം പാലക്കാട് നിന്ന ശേഷം ഞങ്ങൾ കോയമ്പത്തൂരിലെ ഇഷ ഫൗണ്ടേഷൻ എന്ന സ്ഥലത്തേക്ക് പോയി. വൈകുന്നേരം 5 മണിയോടെ ഞങ്ങൾ അവിടെ എത്തി. അവിടുത്തെ കാഴ്ച്ചകൾ കണ്ട് ഞാൻ നോക്കി നിന്ന് പോയി. ശിരസ്സ് മുതൽ നെഞ്ച് വരെയുള്ള 112 അടിയോളം വരുന്ന ഈ പ്രതിമ ആദിയോഗി അഥവാ ആദ്യത്തെ യോഗി എന്നറിയപ്പെടുന്നു.

ആദിയോഗിയുടെ കഴുത്തിൽ ഉള്ള രുദ്രാക്ഷ മാല 1,00,008 രുദ്രാക്ഷങ്ങൾ കൊണ്ടുണ്ടാക്കിയതാണ്, എനിക്കത് വിശ്വസിക്കാൻ കഴിഞ്ഞില്ല. പണ്ടൊന്നും ഈ സ്ഥലത്തെ കുറിച്ച് കൂടുതൽ ആർക്കും അറിയില്ലായിരുന്നു. അന്നൊക്കെ ആളുകൾ ആദിയോഗി പ്രതിമയുടെ അടുത്തിരുന്ന് ധ്യാനം ചെയ്യുമായിരുന്നു. എന്നാൽ ഇന്ന് എല്ലാവരും ഇവിടെ വരുന്നത് ഫോട്ടോ എടുക്കുക എന്ന ഒറ്റചിന്തയിൽ മാത്രമാണ്. നിശബ്ദമായിരുന്ന ഈ സ്ഥലത്ത് ഇപ്പോൾ ധ്യാനം ചെയ്യുന്നവർ കുറവാണ്. 2017ഫെബ്രുവരി 24ന് മഹാശിവരാത്രിയിൽ ഇന്ത്യൻ

പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ഈ പ്രതിമ ഉദ്ഘാടനം ചെയ്തത്. ഈ പ്രതിമ രുപകൽപ്പന ചെയ്തത് സദ്ഗുരു എന്നറിയപ്പെടുന്ന ജഗ്ഗി വാസുദേവ് ആണ്. ആദിയോഗി പ്രതിമയിൽ ശിവൻ, മനുഷ്യർക്ക് യോഗ വാഗ്ദാനം ചെയ്ത ആദ്യത്തെ ഗുരു എന്നറിയപ്പെടുന്നു.സൗത്ത് കൈലാശ് എന്നറിയപ്പെടുന്ന വെള്ളിയങ്കിരി ഹിൽസ്ൻെറ താഴെയാണ് ആദിയോഗി ഇഷ ഫൗണ്ടേഷൻ സ്ഥിതി ചെയ്യുന്നത്. രണ്ട് വർഷം കൊണ്ട് ഡിസൈൻ ചെയ്ത് 8 മാസം കൊണ്ടാണ് ആദിയോഗിയുടെ സ്റ്റീൽ പ്രതിമ നിർമ്മിച്ചിരിക്കുന്നത്.

പോകാൻ ഇറങ്ങിയപ്പോഴാണ് വൈകുന്നേരം 6 മണിക്ക് ഒരു പരിപാടിയുള്ള കാര്യം ഞങ്ങൾ അറിഞ്ഞത്. അതെന്താണെന്നറിയാൻ ഞങ്ങൾ കാത്തിരുന്നു. 7 മണിയോടെ ഇരുട്ടായി, പരിപാടി തുടങ്ങി. പ്രൊജക്ടറിൽ നിന്നുള്ള ലൈറ്റ് നേരെ ആദിയോഗിയുടെ പ്രതിമയിലേക്ക്. പ്രതിമ ചലിക്കുന്നതായി എനിക്ക് തോന്നി. പരമേശ്വരനെ നേരിൽ കണ്ടതായി തോന്നി, അതുകൊണ്ടുതന്നെയാണ് ഞാൻ പോയതിൽ വെച്ച് എനിക്ക് ഏറ്റവും ഇഷ്ടമുള്ള സ്ഥലമായി ഇഷ ഷൗണ്ടേഷൻ മാറിയത്.



***P J ശ്രേയ കല്ല്യാണി***

***9 I***

# الثقة بالنفس مفتاح النجاح

يجب أن يتمتع الطلاب بالثقة بالنفس ، فالطالب لا يستطيع التطور والنجاح في حياته إن لم يثق بنفسه وبقدرته على النجاح،

ولذلك تعد الثقة بالنفس من أهم الصفات التى يجب على الفرد التدريب للحصول عليها. ربما نرى في كثير من الطلاب

شخصية ضعيفية، هل تفكر كيف تقوي هذه الشخصية ؟ وما هي طرقها؟. واعلموا أوّلا هذه الشخصية ليست قصورة في

التفكير أو في درجة ذكائها، بل هي قصورة في الشخصية نفسها، فهي شخصية تعجز عن الإندماج مع الآخرين مترددة،

وتخشى دائما من نظرة الآخرين لها، ومن وقوعها بالحرج أمامهم، فالشخصية الضعيفية هي أسوأ أنواع الشخصيات. فضعيف

الشخصية لا يعرف لماذا يعيش؟ وكيف يجب أن يعيش ، هي لا تستطيع إستغلال إمكانياتها وقدراتها، وهي تعيش في تخبّط

دائم وتخشى أن تتقدم ، وهي أيضا تتهرّب من تحمّل المسؤوليات. وأنت أيها الطلاب عليكم أن تخلّصوا من ضعف

الشخصية وتقويها ، ولذلك يجب أن تتحكموا في مشاعركم وأفكاركم وسلوككم من خلال كبح جماح ذاتكم، وعدم

خضوع للرغبات والنزوات، ومنع النفس من العادات السيّئة، والسيطرة على الغضب والإنفعال. وإن ترغب أن تكون فيك

شخصية حكيمة يجب عليك أن تتخلّص من الأفكار السلبية، وتوقّف عن قول كلمة " لا أستطيع " وتوقّف عن ترديد

كلمة " أنا فاشل " ، وتوقّف عن قول - أنك لا تصلح لأيّ عمل ، وتوقّف عن السماع آراء الناس فيك وإنتقاداتهم، ولا تسمح


للمشاعر السلبية أن تجد مكانا لها في رأسك. ركّز على الجانب الايجابي من الحياة. ولتقوية شخصيتك حاجة إلى توسيع دائرة معارفك حتى تتخلّص من حالة الضعف التى تعيش فيها، ولذا إقرأ وتعلّمْ وتحاولْ أن تبحث عن كلّ ما هو جديد ، هي ستكون فيك معرفة وخبرة. وابعد عن التشاؤم، والتفاؤل هو سمات الأقوياء. ولذلك كن متفائلا دوما. وركّز في الأمور الايجابية الموجودة في حياتك. التفاؤل يقوّي إرادتك مهما كثرت العقبات. يا بنيّ كن مسؤولا عن أفعالك واعترف بخطئك ويجب عليك أن تكون مستقلا بأفكارك وآرائك حتى أفعالك دون أن تتأثر بأيّ أحد من محيطك، وعليك التحلّى بالصبر حتى تزيد ثقتك بنفسك شيئا فشيئا. وبذلك تصل للنجاح الذى تريد بكلّ ثقة، التعاطف مع الآخرين هو أحد أهمّ الوسائل التى تقوّي الشخصية وتزيد الثقة بالنفس، قيل " أن مقياس قوّة الشخص هو في كيفية تعامله مع الأشخاص الذين لا يشكلون له أيّة فائدة " أخيرا وإعلم أن شخصية الضعيفة شخصية غير محبوبة ولذلك حاول أن تتخلّص منها بتقوية شخصيتك من خلال السيطرة على الذات والتخلص من ا السلبيات. والثقة بالنفس هي أهم مفاتيح للنجاح.



RUKSANA A. K.

H S T ARABIC

# വരയുടെ വർണലോകം






**അഭിനവ് എം ആർ**

**9 G**

# വയനാട് അതിജീവന പാതയിൽ




കേരളത്തിൻെറ വടക്കുകിഴക്കായി തമിഴ്നാടിനോടും, അതിർത്തി കർണാടകയോടും പങ്കിട്ട് പച്ചയണിഞ്ഞു നിൽക്കുന്ന കൊച്ചു ജില്ലയാണ് വയനാട് . ഒരു കാലത്ത് വയലുകളുടെ നാടായിരുന്നു ഇത്. വനങ്ങളും വന്യമൃഗങ്ങളും നിറഞ്ഞ നാട്. ഡക്കാൻ പീഠഭൂമിയുടെ ഭാഗമായ ഈനാട്ടിൽ മറ്റു ജില്ലകളിൽ നിന്നും വേറിട്ട കാലാവസ്ഥയും ഭൂപ്രകൃതിയും ആണുള്ളത് . നന്നായി വെയിൽ ലഭിക്കുന്ന വയനാട്ടിൽ തന്നെയാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ലക്കിടിയും ഉള്ളത്. ടിപ്പുവിൻെറയും, പഴശ്ശിയുടെയും പോരാട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ചതിൻെറ തെളിവുകൾ വയനാട്ടിൽ ഉണ്ട് . ലോകപ്രസിദ്ധമായ എടക്കൽഗുഹയും ,മണ്ണുകൊണ്ടുള്ള ബാണാസുര അണക്കെട്ടും വയനാടിനെ വേറിട്ടതാക്കുന്നു. ഇവിടത്തെ വിനോദസഞ്ചാരകേന്ദ്രങ്ങളും, വനങ്ങളും, നദികളും വയനാടിന്റെ പ്രകൃതി സൗന്ദര്യം വിളിച്ചോതുന്നവ തന്നെ.


ഇന്ന് വനനശീകരണവും, പാറഖനനവും ,അമിതമായ പ്രകൃതിചൂഷണവും വയനാടിൻെറ ജനജീവിതത്തിലും, കാലാവസ്ഥയിലും മാറ്റം വരുത്തി .വന്യജീവികൾ കാടുവിട്ട് നാട്ടിലേക്ക് ഇറങ്ങുന്നു. കാലാവസ്ഥയിൽ മാറ്റം വരുന്നു .മനുഷ്യൻെറ പ്രകൃതിയിലുള്ള കടന്നുകയറ്റങ്ങൾ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ പോലുള്ള പ്രകൃതി ദുരന്തങ്ങൾക്ക് കാരണമാകുന്നു. ഇതുമൂലം വയനാടിൻെറ തനിമ നഷ്ടപ്പെടുന്നു.

പാറഖനനം നിയന്ത്രിച്ചും , മരം വെട്ടൽ തടഞ്ഞും പ്രകൃതിയെ സംരക്ഷിച്ചേ മതിയാവൂ . പരിസ്ഥിതി ലോല പ്രദേശങ്ങൾ ധാരാളമുള്ള വയനാട്ടിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചും,കാടിൻെറ അതിരുകൾ കാട്ടുമൃഗങ്ങൾക്കായി നൽകിയും, പ്രകൃതിയോടിണങ്ങിയ കൃഷിരീതികൾ ചെയ്തും , മനുഷ്യൻെറ പ്രകൃതിയിലേക്കുള്ള അമിതമായ കടന്നുകയറ്റങ്ങൾ നിയന്ത്രിച്ചും വയനാടിനെ രക്ഷിച്ചേ മതിയാകൂ .



**ആരതി സുരേഷ്**

8 E





സെൻഹ കെ

9G

# നീലപ്പുതപ്പ്

നട്ടുച്ചസമയത്ത് പച്ചപ്പെയിൻെറടിച്ച എൻെറ മുറിയിൽ, അത്രമേൽ പ്രിയപ്പെട്ട നീലപ്പുതപ്പും മൂടിപ്പുതച്ചുറങ്ങുക എനിക്കൊരു പതിവായിരുന്നു.

ഉറങ്ങും മുൻപ് കർട്ടനുകൾ മാറ്റി ജനാലപ്പാളികളിലൊന്ന് തുറന്നിടാൻ ഞാൻ മറക്കാറില്ല. അല്ലെങ്കിൽ ഒരു പക്ഷേ, ഏതോ ദിക്കിൽ നിന്നും ഓടിയെത്തുന്ന ഇളംകാറ്റിൻെറ വാത്സല്യപൂർവമുള്ള തലോടൽ എനിക്കു നഷ്ടമായേനേ! ഒരു കൈയിൽ എൻെറ പ്രിയപ്പെട്ട പാവക്കുട്ടിയെ എന്നും പിടിക്കുമായിരുന്നു. ഉറങ്ങുമ്പോൾ കാണുന്ന സ്വപ്നങ്ങളെല്ലാം ഒരു പുസ്തകത്താളിൽ കുറിച്ചിടണമെന്ന് തോന്നാറുണ്ട്.

ബോധാവസ്ഥയിലുള്ള നോവുന്ന ചിന്തകളെക്കാൾ എത്രയും പ്രിയപ്പെട്ടതായിരുന്നു അബോധാവസ്ഥയിൽ ഞാൻ കാണുന്ന മനം കുളിർക്കുന്ന സ്വപ്നങ്ങൾ. ഉറക്കത്തിലേക്കാണ്ടുപോവുമ്പോൾ ബോധമണ്ഡലത്തിൽ ഇനിയും ചിതലരിക്കാതെ കിടക്കുന്ന ചുരുക്കം ചില ഓർമകൾ മനസ്സിലേക്കോടി വരും. പതിമൂന്ന് വർഷങ്ങൾക്കു മുൻപ് ഞാൻ ഓടിക്കളിച്ചു വളർന്ന ഓടിട്ട തറവാട്ടുവീട്.

മെയിൻ റോഡിൽ നിന്നും താഴേക്കൊരു ഇറക്കമിറങ്ങിയാൽ നേരെ ചെന്നെത്തുന്നത് കോളനിയിലേക്കാണ്. അതിനും താഴെയായി നീണ്ടു നിവർന്നു കിടക്കുന്ന നെൽപ്പാടങ്ങളും, നീർച്ചാലുകളും കമുകിൻ തോട്ടവുമാണ്. വയൽ വരമ്പിലൂടെ മുൻപോട്ടു ചെന്നാൽ കാണുന്ന വലിയ കിണറിനപ്പുറം പത്തിരുപത് പടവുകൾ കയറിയാൽ തറവാടായി.

ചാന്തു തേച്ച ഉമ്മറത്തിണ്ണയിൽ മുത്തശ്ശി ഇരിക്കുന്നുണ്ടാവും, എല്ലായ്പ്പോഴും. വഴി നിറയെ ചെമ്പരത്തിയും, ചെത്തിയുമാണ്. മാവിന്റെയും, പ്ലാവിന്റെയും ചില്ലകൾ സദാസമയവും തണലുനൽകുന്ന മുറ്റത്തെ മണ്ണിന്റെ കുളിർമ, ഇതാ ഇപ്പോഴും കാൽപ്പാദങ്ങളിൽ വന്നെത്തിനിൽക്കുന്നു.

വലതുവശത്തായി തൊഴുത്തും കുറച്ചപ്പുറത്തായി ഒരു കാവുമുണ്ട്. പുറകു ഭാഗം മുഴുവനും കാപ്പിത്തോട്ടമാണ്. അതിനപ്പുറം വലിയൊരു പുൽമേടും, മഞ്ചാടിമരവും. വീടിന്റെ ഇരുവശത്തുമായി ഏറെ പ്രിയപ്പെട്ട രണ്ടുവയൽപക്കങ്ങൾ!

വൈകുന്നേരങ്ങളിൽ ഞാനും വീട്ടിലെത്തുന്ന കൂട്ടുകാരും ഒന്നിച്ച് ഉമ്മറത്തിണ്ണയിലിരുന്ന് കളിക്കുമായിരുന്നു. വഴിയരികിലെ ചെമ്പരത്തിയും, ചിരട്ടയും, പ്ലാവിലയും, തുളസിക്കതിരും.... അങ്ങനെ കളിയുടെ വിഭവങ്ങൾ അനവധിയാണ്.പിന്നെ തോട്ടത്തിലും, വയലിലും, തോട്ടിൻ കരയിലുമെല്ലാം ഓടിനടന്നു കളിക്കും. ഏട്ടന്റെയും, ചേച്ചിയുടെയും കൂടെ മഞ്ചാടി മരത്തിന്റെ സമീപത്തു പോകും. അതേ സമയം ഒറ്റയ്ക്ക് അവിടമെല്ലാം നടന്നു കാണാൻ എനിക്കു പേടിയായിരുന്നു...

ചെറുപ്പം മുതൽ തന്നെ ഓരോ രാത്രിയും ഞാൻ അച്ഛമ്മയെയും കെട്ടിപ്പിടിച്ചാണുറങ്ങിയിരുന്നത്. തണുപ്പുള്ള രാത്രികളിൽ ആ കൈകൾ തരുന്ന ചൂടിനു ഒരു പ്രത്യേക സുഖമാണ്. ഇടയ്ക്കിടയ്ക്ക് കാണാൻ വരുന്ന അമ്മമ്മയാണ് ആദ്യമായ് പ്രാർത്ഥനയും, മന്ത്രങ്ങളും പഠിപ്പിച്ചു തന്നത്. രാമായണഭാഗവത കഥകളോളം പ്രിയപ്പെട്ട മറ്റൊന്നുമുണ്ടായിരുന്നില്ല, എനിക്കക്കാലത്ത്.

ഇത്രയൊക്കെ ആണെങ്കിലും കേട്ട ചില കഥകളും കണ്ടറിഞ്ഞ നിമിഷങ്ങളും എന്നിൽ പലപ്പോഴും ഭയാനകമായ ഒരന്തരീക്ഷം സൃഷ്ടിച്ചിരുന്നു. മഴയോളം വെറുപ്പ് മറ്റൊന്നിനോടും എനിക്കപ്പോൾ തോന്നിയിട്ടില്ല. കത്തിജ്ജ്വലിച്ചു നിൽക്കുന്ന സൂര്യനെ മറച്ചുകൊണ്ട് ഇരുണ്ട കാർമേഘങ്ങൾ വന്ന്, മഴ തിമർത്തു പെയ്യുമ്പോൾ അറിയാതെ മനസ്സിൽ ഭയം ഇരുണ്ടുകൂടും.

എല്ലാം ഒരു സ്ക്രീനിലെന്ന പോലെ ഓടിമറയുന്നു.പതിമൂന്ന് വർഷങ്ങൾക്കു ശേഷം ഞാനിതാ എന്റെ വീട്ടിലിരുന്നുകൊണ്ട് ഇതൊക്കെയീ പുസ്തകത്താളിലേക്ക് പകർത്തുന്നു.

അന്ന് തോളോടുതോൾ ചേർന്ന് നടന്ന സുഹൃത്തുക്കൾ ഇന്ന് വെറും അപരിചിതരായി മാറിയിരിക്കുന്നു. പഴയ സൗഹൃദങ്ങൾ പലതും പതിവായെത്തുന്ന 'ഗുഡ് മോണിംഗ് 'മെസേജുകളുടെ ഔപചാരികതയിലേക്ക് ചുരുങ്ങിക്കഴിഞ്ഞിരിക്കുന്നു.ഉമ്മറത്തിരുന്ന് കൂടെ കളിച്ചിരുന്ന മുത്തശ്ശി പുതിയ വീടിന്റെ പിന്നാമ്പുറത്തെ മണ്ണിൽ പത്തു വർഷമായ് ഉറങ്ങുകയാണ്.വീടിനു മുൻവശത്ത് തോടിനു പകരം റോഡും, ബാൽക്കണിയിൽ നിന്ന് ചിരിച്ച് സംസാരിക്കുന്ന കുറച്ചയൽപക്കങ്ങളുമുണ്ട്. മുറ്റത്തേക്കിറങ്ങാൻ വയ്യ, പൊള്ളുന്ന വെയിലാണ്, തണൽ തരാൻ ഒരു മരം പോലും ബാക്കിവച്ചില്ല. മഴയോടുള്ള ഭയം ഇപ്പോൾ പ്രണയമായി പരിണമിച്ചിരിക്കുന്നു.

ഇവിടെ നിന്നും കുറച്ചകലെയായി ഒരു ക്ഷേത്രമുണ്ട്, ആഘോഷ ദിവസങ്ങളിൽ മാത്രം പോയി തൊഴുതുവരും. അമ്മമ്മ പഠിപ്പിച്ച ശ്ലോകങ്ങൾ പകുതിയും മറന്നിരിക്കുന്നു.

ഇതു ഞാൻ തന്നെയാണെന്നത് അവിശ്വസനീയം.! കാലം എന്നെ ഒന്നിൽ നിന്നും മറ്റൊന്നിലേക്ക്, ഞാൻ പോലുമറിയാതെ പറിച്ചുനട്ടിരിക്കുന്നു. പിന്നെ എല്ലാം ആരംഭിച്ച തറവാട്ടു വീടിന്ന് ഓടെല്ലാം പൊട്ടിവീണ്, ഭിത്തിയിടിഞ്ഞ്, മരത്തടികൾ ചിതലരിച്ച് അതേ സ്ഥാനത്തു തന്നെ നിൽക്കുന്നുണ്ട്. ഉത്സവസമയത്തു മാത്രം സമീപത്തെ കാവിൽ തിരി തെളിയിക്കാറുണ്ടെന്നു തോന്നുന്നു. ഒരിക്കലവിടെ ആൾത്താമസമുണ്ടായിരുന്നുവെന്നതിനു തെളിവായി ചില പഴയ ഫോട്ടോകൾ ഭിത്തിയിൽ കണ്ടെന്നു വരാം.

ഏതോ കുറച്ച് സിനിമകൾക്കും, ഏതൊക്കെയോ ചില പുസ്തകങ്ങൾക്കും പിന്നെ എന്റെയീ നീലപ്പുതപ്പിനും മാത്രം ഓർമപ്പെടുത്താൻ കഴിയുന്ന നിമിഷങ്ങളാണവ. അതിനാലാവാം ഈ നീലപ്പുതപ്പിനോടും ഉച്ചമയക്കത്തിനോടും ഭ്രാന്തമായൊരിഷ്ടം തോന്നുന്നത്.

എന്നും ഉറക്കമുണരുന്നതിന്റെ ഏതാനും നിമിഷങ്ങൾക്കു മുൻപ് ആരോ ചെവിയിൽ മന്ത്രിക്കുന്നതു പോലെ തോന്നും;

"നിനക്ക് ഒരിക്കലും എഴുതി തീർക്കാൻ കഴിയാത്ത വലിയൊരു കഥയാണിതെന്ന്..."

*സാന്ദ്ര പ്രകാശ്*

PLUS TWO

# To My Mother




*Cook and clean,*
*Wash and fold,*
*Keep me warm when I am cold.*

*Drive me here,*
*Take me here,*
*Mum you sure are everything.*

*School and sports,*
*We have such fun,*
*And you're there when our day is done,*

*Tuck me in,*
*To bed so tight,*
*That is when we say goodnight*



***HIBA BROUNDIAN***
***9 G***

# കൊറോണ- ഒരനുഭവം

ലോക്ക്ഡൗണിനെ തുടർന്ന് മാർച്ച് 20 മുതൽ വീട്ടിൽ തന്നെയാണ്. സുഹൃത്തുക്കളേയും, ബന്ധുക്കളേയും കാണാതായിട്ട് ഒരു മാസത്തോടടുക്കുന്നു .എന്തു ചെയ്യണമെന്നറിയാതിരിക്കുമ്പോഴാണ് അതിർത്തി ഡ്യൂട്ടിക്കായി ചേലാടി എന്ന സ്ഥലത്തേക്ക് പോകണമെന്ന് നിർദ്ദേശം ലഭിച്ചത് .വളരെ ആശ്വാസം തോന്നി .ഒന്ന് പുറത്തിറങ്ങാമല്ലോ എന്ന ചിന്ത വളരെ സന്തോഷം നൽകി .

ഏപ്രിൽ 15 ന് വൈകുന്നേരം 6 മണി മുതൽ പിറ്റേ ദിവസം 9 മണി വരെ കേരളവും തമിഴ്നാടും അതിർത്തി പങ്കിടുന്ന ചേലാടി എന്ന സ്ഥലത്ത് നേരത്തെ എത്തി .ഒപ്പം സഹപ്രവർത്തകനും ഉറ്റസുഹൃത്തുമായ സജിസാറും .അധ്യാപനം, ഇലക്ഷൻ ഡ്യൂട്ടി, സെൻസസ് ഇത്തരം ജോലികളെല്ലാം ചെയ്തിട്ടുണ്ടെങ്കിലും അതിർത്തിയിലെ വാഹനപരിശോധന ആദ്യമായി അവിടെ എത്തിയപ്പോൾ പോലീസ്,ഫോറസ്റ്റ് ,വില്ലേജ് എന്നീ വകുപ്പിലെ ജീവനക്കാരുണ്ട് .ഞങ്ങൾ ചെയ്യേണ്ട ഡ്യൂട്ടി വിശദീകരിച്ചു തന്നു . 5 വാഹനങ്ങൾ മാത്രമേ അതിർത്തി കടന്നു വന്നിരുന്നുള്ളൂ. രാത്രിക്ക് കനം കൂടി കൂടി വരുന്തോറും തണുപ്പും വർദ്ധിച്ചു. വിശ്രമിക്കാൻ പ്രത്യേകസ്ഥലമൊന്നുമില്ല.

മീൻമുട്ടിയിലേക്കൊഴുകി പോകുന്ന പുഴയുടെ സംഗീതം രാത്രിയുടെ നിശബ്ദതയെ ഇല്ലാതാക്കി കൊണ്ട് ഒരു സംഗീതം പോലെ കേൾക്കാമായിരുന്നു. ഒപ്പം പുഴയ്ക്കടുത്ത് നിന്ന് ചിന്നം വിളിക്കുന്ന ആനക്കൂട്ടങ്ങൾ ഞങ്ങളെ പേടിപ്പെടുത്തി. ഏതാനും മീറ്ററുകൾക്കപ്പുറത്താണ് ആനക്കൂട്ടം .ചിലപ്പോൾ റോഡിലേക്കിറങ്ങാറുണ്ട് എന്ന ഫോറസ്റ്റ് ഗാർഡിന്റെ ഓർമ്മപ്പെടുത്തൽ ഞങ്ങളുടെ ഹൃദയമിടിപ്പ് കൂട്ടി.

വാഹനങ്ങൾ ഇനി വരുന്നില്ല എന്നുറപ്പു വരുത്തി കാറിന്റെ സീറ്റുകൾ കിടക്കയാക്കി തണുപ്പത്ത് അൽപ്പം കിടന്നു .പൂതച്ചു കിടന്നോളൂ ,ആന നമ്മെ കാണില്ല എന്ന സുഹൃത്തിന്റെ തമാശയിൽ ചിരിച്ചപ്പോഴും ചിന്ത മുഴുവൻ ഗാർഡിന്റെ വാക്കുകളിലായിരുന്നു. നേരം വെളുക്കാനായപ്പോൾ ഒന്ന് മയങ്ങി. ഉറങ്ങിയെഴുന്നേറ്റപ്പോൾ അധ്യാപനത്തിന്റെ സുഖം അറിഞ്ഞു .കിടക്കുമ്പോൾ ഓർത്തത് കുടുംബം വിട്ട് അങ്ങ് കാശ്മീർ മലമടക്കുകളിൽ മഞ്ഞിൻ പാളികളിൽ നമ്മുടെ രാജ്യത്തെ സേവിക്കുന്ന പട്ടാളക്കാരെ കുറിച്ചും അതിർത്തിസേനയിലുള്ള ജവാൻമാരെകുറിച്ചും ,റോഡിൽ ഉറക്കൊഴിച്ച് വാഹനനിയന്ത്രണം നടത്തുന്ന പോലീസുകാരെ കുറിച്ചുമാണ് എത്ര കഷ്ടപ്പെട്ടാണ് നമുക്കു വേണ്ടി അവർ രാത്രിയെ പകലാക്കുന്നത് .അവരുടെ മുന്നിൽ നാം എത്ര ഭാഗ്യവാൻമാർ .9 മണിക്ക് തിരിച്ച് വീട്ടിലെത്തുമ്പോഴും ,ഇതേ ചിന്ത എന്നെ വേട്ടയാടി .ഇനിയും Lock down ! വീട്ടിൽ ഒതുങ്ങിയിരിക്കണമല്ലോ?. എന്നും ഒന്നും ഒരു പോലെയായിരിക്കില്ല എന്ന കവി ഭാഷ്യം ഉള്ളിൽ പറഞ്ഞു കൊണ്ട് ചേകാടി നൽകിയ മധുരവും കയ്പും നൽകിയ ഓർമ്മകൾ അയവിറക്കിക്കൊണ്ട് ,ഇനിയും ഡ്യൂട്ടി കിട്ടണേ എന്നാഗ്രഹിച്ചു കൊണ്ട് വീട്ടിലേക്ക് .ഇങ്ങനെയല്ലേ ഈ കൊറോണ കാലത്ത് നമുക്ക് നാടിനെ സ്നേഹിക്കാൻ കഴിയൂ..



**അനിൽകുമാർ കെ.**
**എച്ച്.എസ്.റ്റി മലയാളം**

# നാടോടി കലകൾ

## മുടിയേറ്റ്



തിരുവിതാംക്കൂറിൽ വളരെ പ്രചാരത്തിലുള്ള ഒരു നാടോടികലയാണിത്. ഭദ്രകാളിയും, ദാരികനും തമ്മിലുള്ള പോരാട്ടമാണ് പശ്ചാത്തലം. ചില സ്ഥലങ്ങളിൽ മുടിയെടുപ്പ് എന്നും പറയും. തിരുവിതാംക്കൂറിലെ മിക്ക ദേവീ ക്ഷേത്രങ്ങളിലും ഈ ഉത്സവം ഉണ്ട്. കടയ്ക്കൽ, അഞ്ചൽ തുടങ്ങിയ പ്രദേശങ്ങളിൽ 12 വർഷത്തിലൊരിക്കൽ നടത്തുന്ന 'മുടിയെടുപ്പ്'' ധാരാളം ജനങ്ങളെ ആകർഷിക്കുന്നു. വീക്ക് (വയന്തല), ചെണ്ട, ഇലത്താളം, ഉരുട്ടുചെണ്ട, ചേങ്ങില എന്നിവയാണ് വാദ്യങ്ങൾ. മുടിയേറ്റ് നടക്കുമ്പോൾ തോറ്റം പാട്ടുണ്ടായിരിക്കും .

## പറയൻതുള്ളൽ



പതിഞ്ഞമട്ടിലും ഈണത്തിലുമുള്ളതാണ് പറയൻതുള്ളൽ. പാമ്പിന്റെ പത്തിയുടെ ആകൃതിയിലുള്ള കിരീടമാണ് പറയൻതുള്ളലിനു വേണ്ടത്. തലമുടിയിൽ ചുവന്ന പട്ടും തൊങ്ങലും കോർത്തിരിക്കും. ദേഹം മുഴുവൻ ചന്ദനം തേയ്ക്കുന്നു. ഉടുത്തകെട്ടിനു ചുവന്ന പട്ടുവേണം. മുഖത്ത് തേപ്പ് കാണുകയില്ല. കണ്ണെഴുതിയിരിക്കും. കഴുത്തിലും കൈകളിലും മാലയും വളകളും അണിഞ്ഞിരിക്കും. വാകച്ചിലമ്പാണ് ഒരുകാലിൽ ധരിക്കുക. രാവിലെയാണ് പറയൻതള്ളൽ അവതരിപ്പിക്കുന്നത്.



## തെയ്യം

ഉത്തരകേരളത്തിലെ കാവുകളിൽ നടത്തപ്പെടുന്ന ഒരു അനുഷ്ഠാന കലയാണ് തെയ്യം. 'ദൈവം' എന്ന പദത്തിന്റെ തദ്ഭവമാണ്'തെയ്യം' എന്നത്. സംസാരിക്കുകയും ചലിക്കുകയും ചെയ്യുന്ന ദൈവങ്ങളായാണ് തെയ്യങ്ങളെ ജനങ്ങൾ ആരാധിക്കുന്നത്. തെയ്യം ഉത്തരകേരളത്തിലെ

ജനജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കാവുകൾക്കു പുറമേ വഴിപാടായി വീടുകളിലും തെയ്യം നടത്താറുണ്ട്. കേരളത്തിലെ നാടൻ കലകളിൽ പ്രഥമഗണനീയമായ സ്ഥാനമാണ് തെയ്യത്തിനു ലഭിച്ചത്. വണ്ണാൻ, മലയൻ, ചെറവൻ, വേലൻ, കോപ്പാളി, പുലവൻ, പമ്പത്തർ, പരവൻ തുടങ്ങിയ സമുദായങ്ങളിൽപ്പെട്ടവരാണ് തെയ്യം കെട്ടുന്നത്. വീരന്മാരോ പുണ്യാപത്മാക്കളോ ആയ വ്യക്തികളെ മരണാനന്തരം ദൈവിക പരിവേഷം നൽകി തെയ്യമായി ആദരിക്കാറുണ്ട്.

## തിറ



ഉത്തരകേരളത്തിലെ ഒരു അനുഷ്ഠാന നർത്തന കലയാണ് തിറയാട്ടം. ദേവതകളുടെ കോലം കെട്ടിയാടുന്ന ഗ്രാമീണ കലയാണത്. തിറ എന്ന വാക്കിന് ദൈവദർശനം എന്ന് അർത്ഥം കൽപ്പിക്കുന്നവരുണ്ട്. തിറ എന്ന വാക്കിന് ഡോ. ഗുണ്ടർട്ട് An offering എന്നാണ് അർത്ഥം നൽകിയിട്ടുള്ളത്. കൊയിലാണ്ടി താലൂക്കിലെ ചില ഭാഗങ്ങളിൽ തിറയ്ക്ക് നട്ടതിറ എന്ന് പറയാറുമുണ്ട്. നട്ടെ എന്നതിന് നൃത്തം എന്നർത്ഥമുണ്ട്. നൃത്തരൂപത്തിലുള്ള അർപ്പണമാണ് തിറയാട്ടം. ദൈവികമായ ആവിഷ്കാരമെന്നോ ദൈവികമായ അർപ്പണമെന്നോ തിറയ്ക്ക് അർത്ഥം കൽപിക്കുന്നതിൽ അനൗചിത്യമില്ല.

## ഭൈരവിക്കോലം



പടയണിയിൽ കാളി പ്രീതിക്കായി കെട്ടിയാടുന്നതാണ് ഭൈരവിക്കോലം.

അമ്മയെ പ്രതിനിധീകരിക്കുന്ന ഭൈരവിക്കോലമാണ് പ്രധാനം. പച്ച, ചുവപ്പ്, നീല, വെള്ള പലതരം വർണങ്ങൾ കൊണ്ട് ഭംഗിയായി വരച്ച് ചേർക്കുന്നതാണ്R ഈ കോലങ്ങളെല്ലാം. പാളയിൽ എഴുതിയ കോലങ്ങൾക്ക് വശ്യഭംഗി ക്രൂടുതലാണ്.

## യക്ഷിക്കോലം



പടയണിയിലെ ഒരു പ്രധാന കോലമാണിത്. കോലങ്ങൾ എഴുതി തലയിൽ എടുത്ത് പാട്ടിൻെറയും ചൂട്ട കത്തിച്ചതിൻെറയും അകമ്പടിയോടെ തുള്ളുന്നത് ഈ കോലങ്ങളാണ്.



## കാലൻക്കോലം

പടയണിക്കോലങ്ങളിൽ ഭീകരത തോന്നിപ്പിക്കുന്ന ഒന്നാണ് കാലൻക്കോലം. കലാപരമായ ഭംഗി കൂടുതൽ ഉള്ളത് കാളൻക്കോലത്തിനാണ്.

## ക്ലാസിക്ക് കലകൾ

ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ നിയമങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് അവതരിപ്പിക്കുന്ന കലാരൂപങ്ങളെയാണ് ക്ലാസിക്ക് കലകൾ എന്ന് പറയുന്നത്. അവതരിപ്പിക്കാനും അഭിനയിക്കാനുമുള്ള രീതിയും പ്രകാരവും അവയ്ക്കുണ്ട്. അഭിനയസങ്കേതത്തിൽ, വേഷവിധാനത്തിൽ, സംഗീതതാളത്തിലെല്ലാം ഇവദേശഭേദമില്ലാതെ സമാനത പുലർത്തുന്നു. വ്യവസ്ഥാപിച്ചാലും അറുമാറുകയില്ല. കഥകളി, കൂത്ത്, കൂടിയാട്ടം തുടങ്ങിയ കലകൾ ഇതിന് ഉദാഹരണമാണ്. ചിട്ടയാണ് ഇതിൻെ മുഖമുദ്ര.

# നാടൻ കലകൾ

ഓരോ ദേശത്തെ സംസ്കാരവുമായി ബന്ധപ്പെട്ട കലകളെയാണ് നാടൻ കലകൾ എന്നു പറയുന്നത്. പ്രാദേശിക സംസ്കാരമാണ് അത്തരം കലകളുടെ ഈറ്റില്ലം. നിയതമായ ഒരു ഗ്രന്ഥ രൂപമോ അടിസ്ഥാന പ്രമാണങ്ങളോ ഒന്നും ഇവയ്ക്കില്ല. ഭക്തിയും അനുഷ്ഠാനവുമാണ് ഇത്തരം കലകളുടെ വ്യത്യസ്ത സംസ്കൃതികൾ. ഏതെങ്കിലും ഒരു പുരാവൃത്തത്തെ അടിസ്ഥാനമാക്കിയുള്ള കഥാംശമായിരിക്കും നാടൻ കലകളുടെ ഇതിവൃത്തം. തിറ, തെയ്യം, പടയണി, മുടിയേറ്റ് തുടങ്ങിയ അനുഷ്ഠാനകലകൾക്കെല്ലാം ഇത്തരം ഇതിവൃത്തമുണ്ടായിരിക്കും. മാത്രമല്ല ഈ പ്രാദേശിക കലകൾക്കെല്ലാം വാമൊഴിവഴക്കം ദേശഭാഷയുമായി ബന്ധപ്പെട്ടു നിൽക്കും. സമാനമായ അഭിനയക്രമം കാണുകയില്ല. ഐക്യരൂപമായ താളക്രമവും കാണുകയില്ല. സമൂഹത്തിലെ ജാതിമതഭേദമെന്യ എല്ലാവരുടെയും പങ്കാളിത്തം നാടൻ കലകളിൽ കാണാം.

## ശീതങ്കൻ തുള്ളൽ



പറൻതുള്ളലിനേക്കാൾ കുറച്ചുകൂടി ത്വരിത(വേഗം)മായിട്ടാണ് ശീതങ്കതുള്ളൽ അവതരിപ്പിക്കുക. ശീതങ്കൻതുള്ളൽ മധ്യാഹ്നത്തിനു ശേഷമാണ് അവതരിപ്പിക്കേണ്ടത്. ശീതങ്കൻതുള്ളലിൻെ ഉടുത്തുകെട്ടും തലമുടികെട്ടും ആകർഷത്ത്യം ഉള്ളവയാണ്. തലമുടിയിൽ ഇടതുവശത്തു മുകളിലായി അൽപ്പം ഉയരത്തിൽ കൊണ്ടകെട്ടി കറുത്ത തുണികൊണ്ട് പൊതിഞ്ഞിരിക്കും. മുഖത്ത് തേപ്പില്ല. കണ്ണെഴുതി പൊട്ടുകുത്തും. കുരുത്തോലകൊണ്ട് നിർമ്മിച്ച പാവാടയും കഴുത്തിലും കൈകളിലും സർപ്പാകൃതിയിൽ കോർത്ത കുരുത്തോല മാലകളും കാലിൽ ചിലമ്പും ധരിക്കും.

## ഓട്ടൻതുള്ളൽ



മറ്റ് രണ്ടു തുള്ളലുകളെ അപേക്ഷിച്ച് ഓട്ടൻതുള്ളൽ സമഗ്രവും കലാപൂർണവുമാണ്. കഥകളിയിലെ വേഷഭൂഷാതികളോട് സാദൃശ്യമുള്ള തേപ്പും വേഷവുമാണ് ഓട്ടൻതുള്ളലിനും. ദ്രുതഗതിയിലുള്ള താളക്രമമാണ് ഓട്ടൻതുള്ളലിന്. ഉടുക്കെട്ടിയ ഉടയാട

അമ്പലപ്പുഴ ശീല കൊണ്ടുണ്ടാക്കിയതാണ്. മുഖത്ത് പച്ച തേച്ച് പിടിപ്പിച്ച് കണ്ണും പുരികവും നീട്ടി എഴുതുന്നു. ചുണ്ടപ്പൂവിട്ട് കണ്ണ് ചുവപ്പിക്കുന്നു. വളകളും തോൾ വളകളും കഴുത്തിൽ മാലയും ,കഴുത്താരവും കാലിൽ ചിലമ്പുമാണ് ആഭരണങ്ങൾ.



***ഫിദ നസ്റിൻ***
*7 A*

# കുരവയൊഴിഞ്ഞ വയനാടൻ ഗ്രാമങ്ങൾ



പച്ച വിരിപ്പിട്ട നെൽപ്പാടങ്ങൾ, അവയ്ക്ക് കാവലെന്നവണ്ണം തലയുയർത്തിപ്പിടിച്ച് കവുങ്ങുകളുടെ നിര. അതിനുമപ്പുറം കരിമ്പച്ച പുതച്ച കാപ്പിത്തോട്ടങ്ങളുമായി മലങ്കോട്ടകൾ.... ഇടയ്ക്ക്, അങ്ങിങ്ങായി മൺ വീടുകളും. അരനൂറ്റാണ്ടു മുമ്പത്തെ വയനാട് ഏറെക്കുറെ ഇങ്ങനെയായിരുന്നു.

വയനാട്ടിലെ ഒട്ടുമിക്ക നെൽപ്പാടങ്ങളും കുരവകൾ ആയിരുന്നു. നാട്ടിലെ ( അങ്ങനെയാണല്ലോ ചുരത്തിനു താഴെയുള്ള സമസ്തകേരളഭൂമിയെയും വയനാട്ടുകാർ വിശേഷിപ്പിക്കുന്നത് .) ചവിട്ടിയാൽ പുതഞ്ഞു പോകുന്ന വയലുകളാണ് വയനാട്ടിൽ 'കുരവ' എന്നറിയപ്പെടുന്നത്.പുതയുക എന്നാൽ സാധാരണ മറ്റിടങ്ങളിലേതുപോലെ കണങ്കാൽ വരെയല്ല; അതങ്ങനെ താണു താണ്... ഭൂമിയോളം താഴും.ചിലപ്പോൾ അതിനുമപ്പുറവും. കഴുത്തറ്റം താഴ്ന്ന കുരവക്കണ്ടങ്ങൾ അസംഖ്യം ഉണ്ട് വയനാട്ടിൽ.ഉണ്ടായിരുന്നു എന്ന് പറയുന്നതാവും ശരി.. കന്നുകാലികളും മറ്റും കുരവയിൽ താണു പോയ സംഭവങ്ങൾ നിരവധിയുണ്ട് വയനാട്ടുകാരുടെ മനസ്സിൽ. കുരവയിൽ താഴ്ന്നുകൊണ്ടിരുന്ന

പശുവിനെ രക്ഷിക്കാൻ അതിൻെറ കാലുകൾക്കിടയിലൂടെ നെടുകേ പലക കയറ്റിവച്ച കഥ പുറക്കാടിക്കാരൻ വേണു പറഞ്ഞത് ഓർമ വരുന്നു. കുരവക്കണ്ടങ്ങൾക്ക് ആത്തിക്കണ്ടമെന്നും പാഠഭേദം ഉണ്ട്.. ഒരുപക്ഷേ, ആഴ്ത്തിക്കണ്ടത്തിന് രൂപഭേദം വന്നതാവാം. അമ്പലപ്പറമ്പിലും, പള്ളിമുറ്റത്തുമൊക്കെ സാധാരണ ഉണ്ടാകാറുള്ള കശപിശകൾ മൂക്കുമ്പോൾ 'എടാ നിന്നെ കുരവേൽതാഴ്ത്തിക്കളയും ' എന്നു പലരും ഭീഷണിമുഴക്കിയിട്ടുള്ള കാര്യം ഒരു യാത്രയ്ക്കിടെ പറഞ്ഞത് തുടുമ്മേൽ സജി. പറഞ്ഞും പറയാതെയും കുരവയിൽ അനേകംപേർ താഴ്ന്നിട്ടുണ്ടാവാം, താഴ്ത്തപ്പെട്ടിട്ടുമുണ്ടാവാം. വാമനൻ മാവേലിയെ ചവിട്ടിത്താഴ്ത്തിയത് കുരവക്കണ്ടത്തിൽ ആയിരിക്കുമോ? ചവിട്ടിയാൽ മണ്ണിലേക്കാണ്ടു പോകുന്ന ഇടം ഭൂമിമലയാളത്തിൽ വേറെ ഇല്ലാത്ത സ്ഥിതിക്ക് ന്യായമായും സംശയിക്കാം. സീതാദേവി ഭൂമിയിലേക്ക് അന്തർധാനം ചെയ്തതും കുരവക്കണ്ണിലൂടെ നോക്കിക്കണ്ടാലോ... സീതാക്ഷേത്രം വയനാട്ടിൽ ഉണ്ടെന്ന് ഓർമ്മവേണം.

കുരവകൾക്ക് കണ്ണുണ്ടത്രേ!

കുരവക്കണ്ടങ്ങൾക്ക് നടുവിൽ നിന്നും ശക്തമായ ഉറവ ഉയിർകൊള്ളുന്ന ഇടങ്ങളാണവ. കണ്ണുനീരുപോലുള്ള ആ നീരുറവയിൽ നിന്നും വെളുത്തനേർത്ത കളിമൺതരികളും ഉയർന്നുവരും. പശിമയുള്ള ഈ മണ്ണ് മൺപാത്ര നിർമാണത്തിന് ഉപയോഗിച്ചു വരുന്നു. കുന്നിൻചെരിവിലെ ഒരു പ്രധാന ശുദ്ധജല സ്രോതസ്സാണ് കുരവകൾ. വിളഞ്ഞ പന മുറിച്ച്, അതിനുള്ളിലെ മൃദു ഭാഗങ്ങൾ എല്ലാം കൊത്തിക്കളഞ്ഞ്, കുഴൽ പോലുള്ള കാതൽ കുരവക്കണ്ണിലേക്ക് അടിച്ചു താഴ്ത്തിക്കഴിയുന്നതോടെ നാട്ടുകാർക്ക് കുടിവെള്ളമായി.. എത്ര കടുത്ത വേനലിലും വറ്റാത്ത ഇത്തരം കുഞ്ഞൻ കിണറുകളാണ് 'കേണികൾ ' എന്നറിയപ്പെടുന്നത് കപ്പിയില്ല,കയറില്ല, മോട്ടോറും വേണ്ട. നൂറ്റാണ്ടുകൾ പഴക്കമുള്ള കേണികൾ

പലതും ഇപ്പോഴും വയനാട്ടിലുണ്ട്.താനേ ചുരന്ന് ഒഴുകുന്ന ഭൂമിയുടെ ഈ മാറിടങ്ങൾ കേരളത്തിൽ വയനാടിൻെറ ഒരു തനത് സവിശേഷതയാണ് എന്നു പറയാം. 'കേണിച്ചിറ ' എന്നൊരു സ്ഥലം തന്നെയുണ്ട് വയനാട്ടിൽ.മീനങ്ങാടിക്കും നടവയലിനും ഇടയിലാണത്.

## കേണിക്കു പിന്നിലെ ശാസ്ത്രം



കേണികൾ ഭൂമിശാസ്ത്രത്തിൽ അറിയപ്പെടുന്നത് ആർട്ടീഷ്യൻ കിണറുകൾ എന്നാണ് (Artesian well). ഫ്രാൻസിലെ ആർട്ടോയ്സ് എന്ന സ്ഥലത്തുള്ള കേണിയിലൂടെയാണ് പുറംലോകം ആദ്യമായി ഇത്തരം കുരവകളെക്കുറിച്ച് അറിയുന്നത്. ഭൂമിക്കടിയിൽ ഒരു നിശ്ചിത ആഴം കഴിഞ്ഞാൽ പിന്നെ ജലസമൃദ്ധമായമേഖലയാണ്. ഇതാണ് ജലപീഠം(Water table). നേർത്ത ഉത്തല ആകൃതിയിലാണ് അതിൻെറ കിടപ്പ്. കുന്നുകളും താഴ് വരകളും നിറഞ്ഞതാണല്ലോ വയനാടൻ ഭൂപ്രകൃതി. വിശാലമായ താഴ്വരകൾ ഒക്കെയും വയലുകളാണ്. സ്വാഭാവികമായും വശങ്ങളിലെ കുന്നുകളിലെ ജലപീഠത്തിൻെറ തുടർച്ച വയലുകളിൽ എത്തുമ്പോഴേക്കും ഉപരിതലത്തിൽ തൊടും, ചിലപ്പോൾ പുറത്തേക്ക് തല നീട്ടും. അതോടെ ഇടതടവില്ലാത്ത നീരൊഴുക്കിനു തുടക്കമായി, കുരവക്കണ്ണായി. വരളുന്ന കുരവകൾ മറ്റു ജില്ലകളെ അപേക്ഷിച്ച് വേഗം കുറവാണെങ്കിലും, വയനാട്ടിലും വയലുകൾക്ക് മെല്ലെ രൂപാന്തരം

സംഭവിക്കുകയാണ്.ഒട്ടേറെ പ്രദേശങ്ങളിൽ കർഷകർ വാഴ കൃഷിയിലേക്ക് തിരിഞ്ഞു കഴിഞ്ഞു.നെല്ല് ആയാലും ,വാഴ ആയാലും കൃഷി തന്നെയല്ലേ എന്ന് മറുചോദ്യം ചോദിക്കാവുന്നതാണ്. ഉത്തരം ലളിതം.ഒരു വാഴയിലയിൽ എത്ര നെല്ലോല നിരത്താം എന്ന് ആലോചിച്ചാൽ മതി. അതായത്, സസ്യസ്വേദനനിരക്ക് നെൽകൃഷിയിലേതിനേക്കാൾ പതിന്മടങ്ങാണ് വാഴയായാൽ. ആകാശം കുഴലു കുത്തി മണ്ണിൽ നിന്നും വലിച്ചു കുടിക്കുന്നതുപോലെ വെള്ളം വയലുകളിൽ നിന്നും വലിഞ്ഞുയർന്നു പോകും.

കുന്നുകൾ ഇടിച്ചു നിരത്തിയതോടെ വെള്ളം വാർന്നു പോവുകയാണ്, വയനാടൻ ഓർമ്മകളോടൊപ്പം. നെഞ്ചൊപ്പം താഴ്ന്ന കുരവക്കണ്ടത്തിൽ താഴ്ന്നുപോകാതിരിക്കാൻ നെടുകെ കീറിയ കവുങ്ങിൻ തടിയിൽ പലകയിട്ട്, അതിന്മേൽ നിന്ന് ഞാറുനട്ടിരുന്ന കാലം പോയ് മറഞ്ഞിട്ട് അധികമായില്ലെന്നാണ് മീനങ്ങാടിക്കാരൻ സദുവിൻെറ നിരീക്ഷണം. തൊണ്ണൂറുകൾ മുതൽക്കാണത്രേ നെൽകൃഷിയുടെയും കുരവകളുടെയും നാശം രൂക്ഷമായത്. ജലസമൃദ്ധിയുടെ വയനാടൻ പെരുമ അസ്തമിക്കുകയാണോ?



**നിശാന്ത് മോഹൻ**

**എച്ച്.എസ്.എസ്.ടി.ജ്യോഗ്രഫി**

# മഴ, ഇടി, കാറ്റ്

'മഴ, ഇടി, കാറ്റ്' ഇരുളുന്ന ആകാശം കുറിച്ചിട്ട വാക്കുകൾ, എവിടെയാണാവോ വായിച്ചത്.

അന്നൊക്കെ മഴ , മലയിറങ്ങി വരുമായിരുന്നു. മലനിരകളിൽ നിന്നെത്തുകയും നേർത്തുനേർത്ത് മലയിൽ തന്നെ ഇല്ലാതാവുകയും ചെയ്യാറുള്ള മഴ. . മൊട്ടക്കുന്നുകൾക്കു മുകളിൽ തനിച്ചായിപ്പോയ ആ മരത്തിൽ ഒരുപക്ഷേ, അവൾ കൂടു വച്ചിരിക്കാം.

മലയിൽ മഴ പെയ്തു തുടങ്ങുമ്പോൾ, മുത്തശ്ശി കളത്തിൽ ഉണങ്ങാൻ നിരത്തി വിരിച്ച കാപ്പിക്കുരുവാരി വെക്കാൻ പണിക്കാരോട് പറയും. സ്വാഭാവിക ലാഘവത്തോടെ അവരുടെ ഇരുണ്ട കൈകൾ കളം അടിച്ചുവാരിക്കഴിയുമ്പോഴേക്കും മഴ എത്തുകയായി. രാത്രി മുഴുവൻ നിന്നു പെയ്ത്, ,പുലരുമ്പോഴേക്കും കാലവർഷമായി രൂപം മാറിയിരിക്കും. ഓരോ കാറ്റിലും വീടിന്റെ മേൽപ്പുരയെ തഴുകുന്ന 'പഞ്ചസാര നെല്ലി'യുടെ ഏതാനും ശാഖകൾ കുതിർന്ന മണ്ണിൽ ദയനീയമായി മരിച്ചു കിടപ്പുണ്ടാവും.

ഓർമകളുടെ കുളിർമയിൽ ,തൊടിയിലെ നനഞ്ഞ പുൽനാമ്പുകളിൽ നിന്ന് ഹരിതകം എന്റെ ഹൃദയത്തിൽ പടരുന്നതും ഞാൻ അറിയുന്നുണ്ട്. ആശ്വാസത്തിന്റെ ഒരു ദീർഘനിശ്വാസം മാത്രം ഓർമകൾക്കു വേണ്ടി മാറ്റിവച്ചു. അല്ലെങ്കിലും മഴയോ മഴയ്ക്കിറങ്ങിവരാൻ മലയോ ഇല്ലാതാവുമ്പോൾ ഓർമ്മകൾക്കു വേണ്ടി മറ്റെന്താണ് മാറ്റിവെയ്ക്കേണ്ടത്.

അന്നൊക്കെ ഒരു ദേശാടന പക്ഷിയാവണമെന്ന് തോന്നിയിരുന്നു. കടലുകൾ താണ്ടി പറന്നു വരാറുള്ള സൈബീരിയൻ കൊക്കുകളെ പോലെ.എത്ര മനോഹരമായിരിക്കാം അവയുടെ ജീവിതം.ഒരു തവണ വന്നു മടങ്ങിയ

ദേശത്തിന്റെ കാന്തികത അവയെ ചേർത്തു പിടിക്കുന്നു. വീണ്ടും അടുത്ത വർഷം, ,അതേ സമയം അവിടെ താണിറങ്ങുന്നതു വരെ.

ചാരുകസേരയിൽ മലർന്നുകിടന്ന് ആകാശം നോക്കുമ്പോൾ രണ്ട് ജഡ്ജി കൊക്കുകൾ എന്നെ കടന്നു പോയി. കാറ്റുപറത്തിയ രണ്ടു കടലാസുതുണ്ടുകൾ പോലെ. താപനില കുറയുകയാണ്:അതിന്റെ തെളിവാണത്രേ മനോഹരമായി കറുത്തകോട്ടണിഞ്ഞ ഈ സുന്ദരൻമാരുടെ ദേശാന്തരഗമനം.

കറുത്തകോട്ട് ,അതണിഞ്ഞ ശോഷിച്ച വിരലുകളുള്ള ഒരു രൂപം.ഇരുകൈകളിലായി ചായപ്പാട്ടയും ,വായ- പ്ലാസ്റ്റിക് കവറും കയറും ഉപയോഗിച്ച് ഭദ്രമാക്കിയ ദ്രുക്കുപാത്രത്തിൽ കഞ്ഞിയും എടുത്ത് ഒഴിഞ്ഞ ചുമരുകൾ തേടി നടക്കുന്ന ഒരാൾ.

'മഴ, ഇടി, കാറ്റ് 'ചിണുങ്ങിയെത്തിയ വയനാടൻ വേനൽ മഴയിൽ നഗര മധ്യത്തിലെ കറമങ്ങിയ ചുവരുകളിലൊന്നിൽ, കടും ചായത്തിൽ അയാൾ എഴുതി. രക്തഗന്ധിയായ വാക്കുകൾ. എന്നാൽ നിന്ന് നാലടി മാത്രം അകലെ കല്ലാന്തം നരഞ്ഞു മറിയുമ്പോഴും അയാൾ, അയാൾ മാത്രമായി അവശേഷിക്കുന്നതുപോലെ. വാശിയേറിയ വയനാട് വേനൽമഴയിൽ എവിടെയോ ,ഒരു മങ്ങിയ പൊട്ടുപോലെ അയാൾ മാഞ്ഞുപോകുമ്പോഴും ഭിത്തിയിൽ അവശേഷിച്ച മനുഷ്യരൂപം മായ്ച്ചെടുക്കാൻ മഴ നന്നേ പാടുപെട്ടിരുന്നു. പിന്നീടെപ്പൊഴോ ആ വാക്കുകൾ സുപരിചിതമായി; അല്ല ,എനിക്കു മാത്രം സുപരിചിതമായി. മറ്റു ചിലരെങ്കിലും വായിച്ചിരുന്നു. ഓർമയുടെ വേസ്റ്റുകുമ്പാരം സൂര്യനോളം മുട്ടിക്കാൻ വാശി പിടിച്ചവർ.

ഒരു തുണ്ടുകടലാസിൽപോലും അയാൾ എഴുതും' മഴ, ഇടി, കാറ്റ്'. ചായങ്ങളോ, ചോക്കോ ,കരിയോ എന്തുമാവാം. അയാൾക്ക് നിർബന്ധങ്ങൾ ഒന്നുമില്ല. മഴയും ഇടിയും കാറ്റും നിറഞ്ഞ കുത്തൊഴുക്കുള്ള ജീവിതം, ആദ്യം വായിച്ചപ്പോഴും

പിന്നെയും പിന്നെയും തിരുത്തി വായിച്ചപ്പോഴും മനസ്സു പറഞ്ഞത് അതുതന്നെയാണ്. നദികൾ സന്ധിക്കുന്ന അഴിമുഖങ്ങൾ പോലെ അനന്തതയിലേക്ക് തുറക്കപ്പെട്ട വാതിലുകളെ എന്തു വിളിക്കണം. പിന്നെയും തിരുത്തി നോക്കി.പ്രകൃതി സംസ്കാരത്തിന്റെ ചുവ ചേർത്ത്.മൺസൂൺ മഴ, ഇടി, കാറ്റ്', അറബിക്കടലിനു മാത്രം സ്വന്തമായ അത്ഭുതപ്രതിഭാസം. ചക്രവാതം പോലെ ആകാശത്ത് അതിരു കണ്ടെത്തി വലയം ചെയ്യുന്ന കാറ്റ്. തടഞ്ഞു നിർത്തിയില്ലായിരുന്നുവെങ്കിൽ ക്ഷയിച്ചു, ക്ഷയിച്ച് പിടി വിട്ട് നിലത്തു വീണേനെ. എന്നാൽ അതുമായിരുന്നോ ,അയാൾ ഒരു വലിയ ചോദ്യമാണ്.

ആ വിരലുകൾക്ക് ചേരാത്ത വെടിപ്പാർന്ന കയ്യക്ഷരങ്ങൾ. എത്രയോ വായിച്ചു കഴിഞ്ഞു ഒരു പിടിവാശിയോടെന്നപോലെ, മുഖംമൂടികളില്ലാത്ത ആ മനുഷ്യനെ .

ചിരിക്കാൻ, കരയാൻ, നിർവികാരമായി ഒരുനിമിഷം മാറ്റി വയ്ക്കാൻ ഹൃദയത്തിന്റെ അലമാരകൾ നിറയെ മുഖംമൂടികളാണ്. മഴയും ഇടിയും കാറ്റും വെളിച്ചവുമെല്ലാം പതിക്കുന്നതും അതിൽ മാത്രം . പച്ചയായ മനുഷ്യമുഖം അതറിയുന്നു പോലുമുണ്ടാവുമോ . മുഖംമൂടികളില്ലാതെ അയാൾ അതേറ്റു വാങ്ങുന്നു. ചുറ്റിലും ഏറിവരുന്നതാണല്ലോ ജീവിതഗതിയായി വിലയിരുത്തപ്പെടാറ്. അപ്പോൾ ഭ്രാന്തമായ കാലത്ത് തെളിഞ്ഞ ചില പ്രകാശങ്ങളെങ്കിലും ത്യജിക്കപ്പെടാം. ആൾത്തിരക്കിലെവിടെയോ പേരറിയാത്തൊരു വായനക്കാരനു വേണ്ടി

ഒരേയൊരു വായനക്കാരനു വേണ്ടി അയാൾ നിരന്തരം എഴുതുന്നുണ്ടാവണം. 'മഴ, ഇടി, കാറ്റ്' പിന്നെയും ... പിന്നെയും ... പിന്നെയും ...

(വയനാടൻ ചുവരുകൾ തോറും തന്റെ കയ്യക്ഷരങ്ങൾ കൊണ്ട് നിറയ്ക്കുന്ന 'സലാമത്ത് കല്പറ്റ 'യ്ക്ക് നന്ദി.)



**പൂജാ ശശീന്ദ്രൻ**
**പൂർവവിദ്യാർഥി**

# അമരവാണിയുടെ അസ്തിത്വം.




വർത്തമാനഭാരതത്തിലെ മാനവികതയുടെ മസ്തിഷ്കപ്രക്ഷാളനത്തിനുള്ള സമയമായി. കൊന്നും, കൊലവിളിച്ചും, കൊണ്ടും, കൊടുത്തും നാം എങ്ങോട്ടാണ് പോകുന്നത്? ഏകോദരസഹോദരങ്ങളെപ്പോലെ വാഴേണ്ട നാം. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ് എന്ന് വിദ്യാലയങ്ങളിൽ ഉച്ചൈസ്തരം ഉദ്ഘോഷിച്ച് പുറത്തിറങ്ങുന്ന പുതുതലമുറ സമൂഹത്തിൽ , പ്രസ്താവനക്കു വിരുദ്ധമായ സംഭവവികാസങ്ങൾ കണ്ട് താൻ ആർജ്ജിച്ച സ്വഭാവമഹിമയെ തൂത്തെറിഞ്ഞ് ജീർണ്ണിച്ച സമൂഹത്തിന്റെ ഭാഗമായി മാറാൻ നിർബന്ധിതനാകുന്നു. ഇവിടെ ജാതിക്കും , മതത്തിനും , സമുദായത്തിനുമാണ് പ്രഥമപരിഗണന. ലോകാഃ സമസ്താഃ സുഖിനോ ഭവന്തു എന്ന ആപ്തവാക്യം സ്മർത്തവ്യം തന്നെ. പൂർവ്വസൂരികളുടെ വിലമതിക്കാനാകാത്ത സാരോപദേശങ്ങൾ നമ്മുടെ കാതുകളിൽ എന്നുകൊണ്ട് വിഷയമാകുന്നില്ല? ഇവിടെയാണ് അമരവാണിയുടെ അസ്തിത്വത്തിന് പ്രസക്തി. ഒരിക്കലും മരിക്കാത്ത , മരണമില്ലാത്ത ദേവവാണിയുടെ ചിന്താധാരയിലെ നീർക്കുമിളകൾ ഓരോ മനുഷ്യനും സ്വീകരിക്കേണ്ടതാണ് . സംസ്കൃതം - സമ്യക്കൃതം നല്ലവണ്ണം മെച്ചപ്പെട്ടത് - എന്ന് ആശയം പറയാവുന്ന- ഈ ഗീർവ്വാണിയെ ഇന്ന് എത്രപേർ ദേവഭാഷയെ

അറിയാൻ ശ്രമിച്ചിട്ടുണ്ട്? നമ്മുടെ മക്കളെ നാം സുരവാക് പഠനത്തിന് പ്രോത്സാഹിപ്പിച്ചിട്ടുണ്ടോ? സാംസ്കാരികോന്നമനത്തിനും സ്വഭാവരൂപീകരണത്തിനും ഉതകുന്ന പ്രസ്തുതഭാഷയെ സംരക്ഷിക്കേണ്ടതും വളർത്തേണ്ടതും നമ്മുടെ ഉത്തരവാദിത്തമല്ലേ? ഇതരഭാഷകളിലും വിജ്ഞാനമേഖലകളിലും സൂക്ഷ്മമായി പരിശോധിക്കുമ്പോൾ അവയിലെല്ലാം സംസ്കൃതത്തിന്റേതായ ഒരു സ്ഥായീഭാവം ഉണ്ടായിരിക്കുന്നതായി കാണാം. അറിഞ്ഞോ അറിയാതെയോ നാം ഉപയോഗിക്കുന്ന പദങ്ങളിലും നമ്മുടെ ശാസ്ത്രങ്ങളിലും, ശാസ്ത്രേതരവിഷയങ്ങളിലും ഈ ഭാഷയുടെ സജീവസാന്നിദ്ധ്യം ഒളിമങ്ങാതെ നിൽക്കുന്നത് കാണാം. സംസ്കൃതം ഒരു ഭാഷ എന്നതിൽ കവിഞ്ഞ് ഭാരതീയവിജ്ഞാനകേദാരം കൂടിയാണെന്നും, ഭാരതത്തിന്റെ എല്ലാ വിജ്ഞാനശാഖകളും സംസ്കൃതഭാഷയിലാണ് സൂക്ഷിക്കപ്പെട്ടിരിക്കുന്നത് എന്ന വസ്തുതയും നാം മറന്നുകൂടാ..മലയാളഭാഷയുടെ ജനനിയല്ലെങ്കിലും ,ധാത്രി എന്ന നിലയിൽ സംസ്കൃതം പരിഗണനയർഹിക്കുന്നു. ഭാരതീയഭാഷകളുടെ ജീവധാതുവാണ് ഗൈർവ്വാണീ. പാണിനിയും, വരരുചിയും, പതഞ്ജലിയും സംസ്കൃതത്തെ സാമാന്യജനതയുടെ ഭാഷ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഏതു ഭാഷയും കേട്ടും, പറഞ്ഞും ,വായിച്ചും എഴുതിയുമാണ് വശത്താക്കുന്നത്. ആകാശവാണിയിൽ " സമ്പ്രതി വാർത്താഃ ശ്രൂയന്താം " എന്നു കേൾക്കുമ്പോൾ റേഡിയോ നിർത്തുന്നവരാണ് നമ്മിൽ ഏറിയകൂറും. കേൾക്കാനും വായിക്കാനും മറ്റും ലഭിക്കുന്ന അവസരം നാം പ്രയോജനപ്പെടുത്തിയേ മതിയാകൂ. ഗുരുകുലരീതിയിലാണ് പണ്ടുകാലത്ത് സംസ്കൃതാധ്യാപനം നടന്നിരുന്നത്. കുട്ടികളിൽ ആസ്തിക്യബോധം , സദാചാരനിഷ്ഠ , ആത്മസംസ്കാരം , ധാർമ്മികത എന്നിവ നിലനർത്താൻ പണ്ടുള്ളവർ ശ്രദ്ധ ചെലുത്തിയിരുന്നു. കൂടല്ലൂർ , പയ്യൂർ , മേൽപ്പുത്തൂർ തുടങ്ങിയ സ്ഥലങ്ങളിലെ നമ്പൂതിരി ഇല്ലങ്ങൾ ശാസ്ത്രാഭ്യാസകേന്ദ്രങ്ങൾ കൂടിയായിരുന്നു. അബ്രാഹ്മണർക്ക്

സംസ്കൃതപഠനം നിഷേധിച്ചിരുന്നു എന്നുള്ള പ്രസ്താവനകൾ തികച്ചും വാസ്തവവിരുദ്ധമാണ്. അബ്രാഹ്മണരായ വാരിയർ , പിഷാരടി , നമ്പ്യാർ മുതലായവർ പാരമ്പര്യസംസ്കൃതപണ്ഡിതൻമാരായി തീർന്നിട്ടുണ്ട് . പല അബ്രാഹ്മണജാതിക്കാരുടെയും പഴയഭവനങ്ങളിൽ കാണുന്ന താളിയോലഗ്രന്ഥങ്ങളുടെ സമുച്ചയം കാണിക്കുന്നത് അഭ്യസ്തവിദ്യരായ പലരും പണ്ടുകാലത്ത് ഇവിടങ്ങളിൽ ഉണ്ടായിരുന്നുവെന്നാണ് . ബ്രാഹ്മണർ അബ്രാഹ്മണരുടെയും, അവർണരുടെയും വിദ്യാഭ്യാസത്തിന് വിരോധികളായിരുന്നില്ലെന്നാണ് "രസികരഞ്ജിനി" എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട് . ബ്രിട്ടീഷ് ആധിപത്യം ഭാരതത്തിൽ വേരോടിയതിന്റെ അലകൾ കേരളത്തിലും വന്നെത്തി.ഈ കാലയളവിൽ ഇംഗ്ലീഷ് ഭാഷക്ക് വലിയ പ്രധാന്യം കൽപ്പിക്കപ്പെടുകയും സംസ്കൃതത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താതിരിക്കുകയും ചെയ്തത് ഭാഷയുടെ അവനതിക്ക് കാരണമായി. ഇത് ബ്രിട്ടീഷുകാരുടെ തന്ത്രമായി കരുതാം. സ്വാതന്ത്ര്യത്തിനു ശേഷം ഹിന്ദി രാഷ്ട്രഭാഷയായത് സംസ്കൃതത്തെ ഒന്നുകൂടി ജനങ്ങളിൽനിന്ന് അകറ്റാൻ കാരണമായി. സംസ്കൃതഭാഷയുടെ പുനരുദ്ധാരണത്തിന് ധാരാളം സമിതികൾ സമർപ്പിച്ച ശുപാർശകളിൽ പലതും വെളിച്ചം കാണാതെ കിടന്നു. സർക്കാർതലത്തിൽപ്രോത്സാഹനവും പഠനസൗകര്യമൊരുക്കലും മറ്റും വേണമെങ്കൽ പഠിതാക്കൾ ഉണ്ടാകണം.ഇത്തരം പഠിതാക്കളെ സൃഷ്ടിക്കലാണ് ഭാഷാപുരോഗതിക്ക് ഏറ്റവും അഭികാമ്യം.



രാജേന്ദ്രൻ മാടമന
എച്ച്. എസ്. ടി. സംസ്കൃതം

# പരിസ്ഥിതി സംരക്ഷണം



പരിസ്ഥിതി സംരക്ഷണം പരമപ്രധാനമാണ്. ഇതിനകം ലോകത്ത് ഒട്ടേറെ ഏതാണ്ട് 3000 ദശലക്ഷം ഏക്കർ കൃഷിഭൂമി ഉപയോഗം അല്ലാതായിരിക്കുന്നതായി കണക്കാക്കിയിരിക്കുന്നു. ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ ഈ പ്രശ്നം കൂടുതൽ രൂക്ഷമാണ് . പേമാരി മൂലമുണ്ടാകുന്ന ഉരുൾപൊട്ടലും, വെള്ളപ്പൊക്കവും, മണ്ണൊലിപ്പും ഭൂമിയുടെ ഫലപുഷ്ടിയെ ഹനിക്കുന്നു. വരൾച്ച, വനനശീകരണം, അനാരോഗ്യകരമായ ഭൂവിനിയോഗം തുടങ്ങിയവയും നാശോന്മുഖമായ ദിശയിലേക്കാണ് നമ്മെ നയിക്കുന്നത് .വനനശീകരണം ആണ് പരിസ്ഥിതി സംരക്ഷണത്തെ വിപരീതമായി ബാധിക്കുന്ന ഒരു പ്രധാന ഘടകം. ഇന്ത്യയിലും കേരളത്തിലും വന പ്രദേശത്തിൻെറ വിസ്തൃതി കുറഞ്ഞുവരികയാണ്. വനനശീകരണത്തെ തടയുകയും മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുകയും വഴി മാത്രമേ ദുഃസ്ഥിതി തടയാൻ കഴിയൂ. വൃക്ഷങ്ങൾ അന്തരീക്ഷത്തിൽനിന്ന് കാർബൺ ഡയോക്സൈഡ് സ്വീകരിച്ചു താപനില നിയന്ത്രിക്കുന്നതിന് സഹായിക്കുന്നു .

1950-ൽകേന്ദ്ര ഭക്ഷ്യവകുപ്പ് മന്ത്രിയായിരുന്ന കെ.എം. മുൻഷി ആണ് ഇന്ത്യയിൽ വനമഹോത്സവത്തിന് തുടക്കമിട്ടത് .ഇന്ത്യയെ ഭക്ഷ്യസ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിൽ വനങ്ങൾക്കുള്ള പ്രാധാന്യം അദ്ദേഹം മുൻകൂട്ടി കണ്ടറിഞ്ഞിരുന്നു. നമ്മുടെ രാജ്യത്തെ എല്ലാ കുട്ടികളും ആഘോഷപൂർവ്വം മരം നടുന്നതും, ഭാരതം വീണ്ടും പച്ച അണിയുന്നതും അദ്ദേഹം സ്വപ്നം കണ്ടു.

ജീവജാലങ്ങളുടെ നിലനിൽപ്പിനുതന്നെ ഭീഷണി ഉയർത്തുന്ന തരത്തിൽ ആയിരിക്കുന്നു ഇന്നു വനനശീകരണം. എല്ലാവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കും ,വ്യാവസായിക ആവശ്യങ്ങൾക്കും, വിറകിനും, പേപ്പറിനും വീട്ടാവശ്യങ്ങൾക്കും എന്നുവേണ്ട സകലതിനും നമുക്ക് മരങ്ങൾ ആവശ്യമാണ്. ഇത്തരം ആവശ്യങ്ങൾക്കുള്ള മരങ്ങൾ നമ്മുടെ പറമ്പിലും പുറമ്പോക്കിലും വഴിയരികിലും ഒക്കെ നട്ടുപിടിപ്പിക്കുകയാണെങ്കിൽ മാത്രമേ അവശേഷിക്കുന്ന നമ്മുടെ കാടിനെയെങ്കിലും രക്ഷിക്കാനാവൂ എന്ന് മുൻഷി ദീർഘവീക്ഷണം ചെയ്തു. അതിനായി 1950 മുതൽ എല്ലാ വർഷവും ജൂലൈ ആദ്യവാരം വനമഹോത്സവം ആയി ആചരിക്കാനും തീരുമാനിച്ചു. നമ്മുടെ വീട്ടുപറമ്പിലും വഴിയരികിലും വെളിമ്പ്രദേശങ്ങളിലും എല്ലാം കഴിയുന്നത്ര നല്ല മരങ്ങൾ നട്ടുപിടിപ്പിച്ചു കൊണ്ട് ഈ മഹോത്സവത്തിൽ നമുക്കും പങ്കാളികളാകാം.

പരിസ്ഥിതി സംരക്ഷണത്തിൽ കലയുടെയും സാഹിത്യത്തിൻെറയും പങ്ക് വലുതാണ് .ഓരോ കലയിലും സാഹിത്യത്തിലും പരിസ്ഥിതി സംരക്ഷിക്കുന്നതിൽ ഓരോ എഴുത്തുകാരനും പ്രാധാന്യം നൽകിയിട്ടുണ്ട് .കലകൾ വീക്ഷിക്കുന്നവരും സാഹിത്യം വായിക്കുന്നവരും എല്ലാം പരിസ്ഥിതി സംരക്ഷണത്തിൽ ബോധവാന്മാരാകുന്നു .വനം എന്നത് ഒരു സമ്പത്താണ് എന്നതിന് വിരുദ്ധമായി ഭൗമവൈവിധ്യങ്ങളുടെ ഒരു സവിശേഷ ഘടകമാണ് അതെന്നും പലതരത്തിലുള്ള ആവാസവ്യവസ്ഥകളുടെ സങ്കലനം ആണെന്നും, ജീവൻെറ തന്നെ നിലനിൽപ്പിന് അനിവാര്യമായ ഒന്നാണെന്നും ,പ്രകൃതിപരമായ പൈതൃക മൂല്യങ്ങളിൽ പ്രഥമസ്ഥാനം അർഹിക്കുന്ന ഒന്നാണെന്നും ഉള്ള ഒരു ഹോളിസ്റ്റിക് കാഴ്ചപ്പാടിൽ നിന്നു കൊണ്ടാണ് ഇവിടെ ഒരു വിശകലനത്തിന് മുതിരുന്നത്. വനസംരക്ഷണം താരതമ്യേന മെച്ചമായ രീതിയിൽ നടക്കുന്ന ഒന്നാണ് ഇന്ത്യയിൽ എന്നുവേണമെങ്കിലും കരുതാവുന്നതാണ് ..വനനശീകരണം ഇന്നോ

ഇന്നലെയോ തുടങ്ങിയ ഒന്നല്ല . അനുസ്യൂതം തുടരുന്ന ഒന്നാണ് എന്നത് ചരിത്രത്തിൻെറ ഏടുകൾ പരിശോധിച്ചാൽ വ്യക്തമാകും .നിലവിലുള്ള കർശനനിയമങ്ങളും ചട്ടങ്ങളുമാണ് വനസംരക്ഷണം ഇത്തരത്തിൽ എങ്കിലും നടക്കുന്നതിൻെറ പ്രധാനകാരണം. വനസംരക്ഷണത്തെ കാണേണ്ടത് കടുവകളുടെയോ, ആനകളുടെയോ സംരക്ഷണം എന്നോ, മരവും, ചെടികളും വച്ച് പച്ചപ്പ് ഉണ്ടാക്കലോ ആണ് എന്നല്ല മറിച്ച് പാരിസ്ഥിതിക ജൈവവൈവിധ്യ മൂല്യത്തിൻെറ സംരക്ഷണമാണ് ,ആവാസവ്യവസ്ഥകളുടെ സന്തുലിത നിലനിൽപ്പിനെ പരിപോഷിപ്പിക്കലാണ് എന്ന് ചിന്തിക്കാൻ കഴിഞ്ഞാൽ ഒരുപക്ഷേ മറ്റു പല ചിന്താഗതികളും അന്തസ്സാരശൂന്യമാണ് എന്ന് തോന്നാം. ഒരു ആവാസവ്യവസ്ഥ എന്നത് മനുഷ്യന് കൃത്രിമമായി നിർമ്മിക്കാൻ കഴിയാത്ത അതി സങ്കീർണ്ണവും പരസ്പരബന്ധത്തിലും ആശ്രയത്തിലും ജീവിക്കുന്ന വലുതും ചെറുതുമായ ഒട്ടനവധി ജീവജാലങ്ങളുടെ വാസസ്ഥലവും, പ്രത്യേക ജീവിത സാഹചര്യത്തിൽ നിലനിൽക്കുന്നതുമായ ഭൗമമണ്ഡലത്തിലെ മേഖലകളാണ് എന്നും വ്യാഖ്യാനിക്കാം. കായലും, കുളവും, കടലും, മരുഭൂമിയും ഒക്കെ ഇതിന് ഉദാഹരണങ്ങൾ. വനവും വനത്തിനകത്തുള്ള പല മേഖലകളും ഒക്കെ അങ്ങനെ കരുതാവുന്നതാണ് ഇതിൽ ഉണ്ടാകുന്ന ഒരു ചെറു മാറ്റം പോലും ആവാസവ്യവസ്ഥയുടെ നിലനിൽപ്പിനെ ബാധിക്കും.



ഫിദ നസ്റിൻ
7 A

# കൊറോണ

സഞ്ചാര മില്ലിനി ഓട്ടങ്ങളില്ലിനി
പായലുമില്ലിനീ ലോകത്ത്.
മനുഷ്യനി മാംസം കഴിക്കുവാൻ വന്നതോ
മനുഷ്യനി രക്തം കുടിക്കുവാൻ വന്നതോ
മനുഷ്യനി ലോകത്തെ നശിപ്പിക്കുവാനാണോ
ജന്മം പുലർന്ന കൊറോണെ..
നീ തന്നെ വളർന്നതോ ഞങ്ങൾ വളർത്തിയതോ
ഒന്നു ചൊല്ലുമീ കൊറോണെ..
ആളുകൾ തിങ്ങിയ നഗരങ്ങളില്ല
ഞങ്ങൾ മനുഷ്യർ മൂക്കിലോ വായിലോ
ചെവിയിലോ ഒന്നു തൊട്ടാൽ
ഉടനെ വരുമല്ലോ പകർച്ചയായി
വീടിന് പുറത്തൊന്നിറങ്ങുവാനോ
കടയിലേക്കൊന്നു പോകുവാനോ
നിന്നെ ഭയന്നു വീട്ടിനുള്ളിൽ....
മനുഷ്യനെ കൊന്നിട്ട് നിൻ ആരോഗ്യം കിട്ടുമെന്ന്
നിന്നോട് ചൊല്ലിയതാര്?
ചുമയൊന്ന് വന്നാലോ ,തുമ്മലൊന്ന് വന്നാലോ
ഉടനെ പറയുമല്ലോ നിന്റെ പേര്
മനുഷ്യനിരോഗത്തിനടിമയായി
എന്തിനു വന്നു നീ ,എന്തിനു വന്നു നീ
ഞങ്ങൾ മനുഷ്യരെ കൊന്നിട്ട് നിനക്കെന്തുകിട്ടി?
എന്തിനു വന്നു നീ എന്തിനു വന്നു നീ
രോഗം പരത്തും കൊറോണെ......



**രമീഷ ഫാത്തിമ**

**7 A**

7

# വിൻഡോസീറ്റ് - ഹാരിസ് നെൻമേനി




വയനാട്ടുകാരനായ ഹാരിസ് നെൻമേനി എഴുതിയ സഞ്ചാര നോവലാണ് വിൻഡോ സീറ്റ് .

യാത്ര പോകാൻ ആർക്കാണ് ഇഷ്ടമല്ലാത്തത് ! കാഴ്ച്ചകൾ കണ്ട് പുതിയ പുതിയ അറിവുകൾ തേടി ബസിന്റെയോ, തീവണ്ടിയുടെയോ, വിമാനത്തിന്റെയോ വിൻഡോസീറ്റിലിരുന്ന് ഒരു യാത്ര. നമുക്ക് വിൻഡോ സീറ്റിലിരുന്ന് ഒരു യാത്ര പോയാലോ ?

ഒക്ടോബറിലെ ചെറുതണുപ്പുള്ള വൈകുന്നേരം അവർ വയനാട് ചുരം ഇറങ്ങി കോഴിക്കോട്ടേക്ക് പ്രവേശിക്കുകയാണ്. ചുരം കാഴ്ച്ചകൾ കാണാൻ ആർക്കാണ് ഇഷ്ടമല്ലാത്തത്! തെളിഞ്ഞ മാനമുള്ള രാത്രിയിൽ പ്രകൃതിയുടെ ഭിന്നസൗന്ദര്യങ്ങൾ കാണാം . ആ നേരത്ത് മുകളിൽ ചന്ദ്രനും, നക്ഷത്രങ്ങളും മിന്നി നിൽക്കുന്ന ആകാശം. താഴെ വീടുകളിലും കെട്ടിടങ്ങളിലും നിറഞ്ഞ് നിൽക്കുന്ന ആകാശം. അങ്ങനെ അവർ ആസ്വദിച്ച് യാത്ര ചെയ്യുകയാണ് .

അവർ 13 പേരാണ് -11 കുട്ടികളും , ജീവൻ മാഷും , ഭാര്യ ചിന്തചേച്ചിയും. തീവണ്ടിയില്ലാത്ത വയനാട്ടിലെ കുട്ടികൾക്ക് തീവണ്ടി ഒരത്ഭുത പ്രതിഭാസമായിരുന്നു. കസേരയും, കട്ടിലും, ഭക്ഷണവും, ശൗചാലയവുമുള്ള ഒരു ചലിക്കുന്ന വീട് തന്നെ തീവണ്ടി.

കൊങ്കൺ പാത വഴിയാണ് അവർ കടന്നു പോകുന്നത് .പോയ നൂറ്റാണ്ടിന്റെ ഒരു അത്ഭുതനിർമ്മിതിയാണ് കൊങ്കൺ എന്ന് ജീവൻ മാഷ് കുട്ടികളോട് പറയുന്നുണ്ട്. 1990 ൽആരംഭിച്ച കൊങ്കൺ പാതയുടെ നിർമ്മാണത്തിന് നേതൃത്വം വഹിച്ചത് മലയാളിയായ ഇ.ശ്രീധരനാണ്. കൊങ്കൺ പാതയുടെ തുരങ്കങ്ങളിൽ നിന്നും അവർ പുറത്തിറങ്ങുമ്പോൾ അർദ്ധരാത്രി സൂര്യൻ ഉദിച്ചത് പോലെയുള്ള ഒരു അനുഭൂതി കുട്ടികൾക്കുണ്ടായി. അവരുടെ കളികളും, ചിരികളും, ചിന്തകളും നമ്മെ ആസ്വാദനത്തിന്റെ വേറൊരു തലത്തിലേക്ക് എത്തിക്കുന്നു.

അഷ്ലിയുടെ തീവണ്ടി മിസ്സായതിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഒളിമ്പിക്സിൽ നൂറിലൊരംശത്തിന് മെഡൽ നഷ്ടമായ പയ്യോളി എക്സ്പ്രസിനെക്കുറിച്ചും ജീവൻ മാഷ് പറയുന്നുണ്ട്.ഇവിടെ സമയത്തിന്റെ മൂല്യത്തെ കുറിച്ച് ചിന്ത ചേച്ചി പറയുന്ന ഒരു മഹത്വചനം ഉണ്ട് .

ഒരു വർഷത്തിന്റെ പ്രാധാന്യം അറിയണമെങ്കിൽ ജയിലിൽ കിടക്കുന്ന ഒരാളോട് ചോദിക്കുക.

ഒരു മാസത്തിന്റെ പ്രാധാന്യം അറിയണമെങ്കിൽ ഒരു രോഗിയോട് ചോദിക്കുക.

ഒരു ദിവസത്തിന്റെ പ്രാധാന്യമറിയണമെങ്കിൽ പ്രസവിക്കുന്ന അമ്മയോട് ചോദിക്കുക.

ഒരു മിനിറ്റിന്റെ പ്രാധാന്യമറിയണമെങ്കിൽ ഒരു ഓട്ടക്കാരനോട് ചോദിക്കുക.

മൂന്നാംലിംഗക്കാരെയും, ശൗചാലയമില്ലാത്ത ജനങ്ങളുടെ ദുഷ്കരയവസ്ഥയെക്കുറിച്ചും, വൈവിധ്യമാർന്ന ഭക്ഷണരീതികളെ കുറിച്ചും ചർച്ച ചെയ്ത് അവർ ദില്ലിയിലെത്തുകയാണ്. തീവണ്ടിയിൽ വച്ച് അവർ ഒരു രസകരമായ കാര്യം ചെയ്തിരുന്നു. പ്രധാനപ്പെട്ട റയിൽവേസ്റ്റേഷനിലിറങ്ങി അവിടെ കാൽ മണ്ണിൽ പതിപ്പിക്കുക. എത്ര മനോഹരമായ കാര്യമാണ് .


ദില്ലിയിലെത്തിയ അവർ താജ്മഹൽ, കുത്തബ് മിനാർ , ചെങ്കോട്ട, ലോട്ടസ് ടെമ്പിൾ കണ്ടു. അവർ ആസ്വദിക്കുകയാണ് .ഈ സ്ഥലങ്ങളിലെല്ലാം ഞാൻ പോയതാണെന്ന് ഓർക്കുമ്പോൾ ആ കാഴ്ച്ചകൾ എന്റെ മനസിൽ നിറഞ്ഞു. ഇവരുടെ അടുത്ത യാത്ര പഞ്ചാബിലേക്കായിരുന്നു. അമൃത്സറിലെ ജാലിയൻ വാലാബാഗും, സുവർണക്ഷേത്രവും കണ്ട് അവർ ഒരു നൂറ്റാണ്ടിൻെറ ഓർമകളിലേക്ക് മടങ്ങി. വാഗാഅതിർത്തിയും കണ്ട് അവർ കേരളത്തിലേക്ക് വിമാനത്തിലാണ് തിരിച്ചത് . എല്ലാവർക്കും വിൻഡോ സീറ്റ് ലഭിച്ചു. ജീവൻമാഷിനെപ്പോലെ ഇങ്ങനെയാരും ഉണ്ടാവില്ല. ഇങ്ങനെയൊരു മാഷ് എനിക്ക് ഉണ്ടായിരുന്നെങ്കിൽ , ഈ പുസ്തകം വായിച്ചപ്പോൾ ഞാൻ ആഗ്രഹിച്ചു പോയി. പുതിയ പുതിയ അറിവുകളും അനുഭവങ്ങളും എനിക്കും കിട്ടും. അങ്ങനെ ഒരു മാഷിനായി ഞാൻ കാത്തിരിക്കാം. കാഴ്ച്ചകൾക്ക് പിന്നിലെ കഥയും, കഥാപാത്രവും, അറിവും, നന്മയും സമന്വയിക്കുന്ന ഒരു നോവൽ അനുഭവം. വിൻഡോ സീറ്റിന് ഒരു പ്രത്യേകതയുണ്ട് .ബസ്സാവട്ടെ, തീവണ്ടിയാവട്ടെ,വിമാനമാവട്ടെ നാം ഈ സീറ്റിലിരുന്നാൽ വാഹനത്തിന്ന് പുറത്താണ്.

അപ്പോൾ എല്ലാവരും വരു, വിൻഡോസീറ്റിനോരം ഇരിക്കും കാഴ്ച്ചകൾ ഹൃദയത്തിലേക്കെടുക്കാം. നമ്മുടെ ആകാശവും, നമ്മുടെ ലോകവും കൂടുതൽ വിശാലമാകട്ടെ......



**നിള രേവതി ആർ**


**9 F**


ARDRA JEEVAN
CLASS-9
94463 46216
വാഴവറ്റ, WAYANAD
Ardra








10.C

# കോവിഡ് കാല അനുഭവം

ഒരു ദിവസം രാവിലെ ഒരു പതിനൊന്ന് മണി ചായയും കുടിച്ച് മൊബൈലും തോണ്ടി അടുക്കള വശത്തിരിക്കുമ്പോഴാണ് ആങ്ങളയുടെ ഫോൺ വരുന്നത്. എടീ.. ഞാനിവിടുന്ന് മൂന്നുപേരെ നിന്റെ വീട്ടിലേക്ക് ഷിഫ്റ്റ് ചെയ്യാൻ പോവുകയാ. ങേ.. അതെന്താ എന്ന ആകാംക്ഷയാണ് എന്നിലുണ്ടായത്. കാരണം എന്റെ ഇളയആങ്ങളയും ഫാമിലിയും ദുബായിൽ നിന്ന് വരുന്നുണ്ട്. അവൾക്ക് ഫാമിലിയായി ഏഴ് ദിവസത്തെ ക്വാറന്റീനിൽ ഇരിക്കാൻ വേണ്ടി എന്റെ ഡാഡിയും, മമ്മിയും മൂത്ത ആങ്ങളയുടെ വീട്ടിലേക്ക് മാറിയിട്ട് രണ്ട് ദിവസമേ ആയിട്ടുള്ളൂ. അവിടെ നടന്നതെന്താണെന്ന് വച്ചാൽ ഞങ്ങളുടെ തറവാട് വീട് വാടകയ്ക്ക് കൊടുത്തിരിക്കുകയാണ്. ആ വാടകക്കാരൻ വോട്ട് ചെയ്യാൻ അയാളുടെ നാട്ടിലേക്ക് പോയപ്പോൾ എന്റെ ഡാഡിയെ കുറച്ച് പണം സൂക്ഷിക്കാൻ ഏൽപ്പിച്ചിട്ട് പോയി. അയാൾ തിരിച്ചു വന്നതറിഞ്ഞ് ഡാഡി പണം കൈമാറി. പിറ്റേദിവസം ആയപ്പോൾ അയാളുടെ ഫോൺ വരുന്നു. 'സാറേ..എനിക്ക് കോവിഡ് ടെസ്റ്റ് നടത്തി, പോസിറ്റീവ് ആണ്. തുടർന്ന് മമ്മിയേയും ആങ്ങളയുടെ രണ്ട് മക്കളേയും എന്റെ വീട്ടിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതിനെക്കുറിച്ചുള്ളതാണ് നേരത്തെ പറഞ്ഞ ഫോൺ കോൾ. ഇവർ എന്റെ വീട്ടിലെത്തി രണ്ട് മൂന്ന് ദിവസം സന്തോഷമായിപ്പോയി.ഒരു ശനിയാഴ്ച നൈറ്റ്ഡ്യൂട്ടിക്ക് പോയ ഇച്ചായന് രാവിലെ വീട്ടിലെത്തിയപ്പോൾ നല്ല ജലദോഷം. ഉടനെത്തന്നെ ആങ്ങളയെ വിളിച്ച് പറഞ്ഞു. കൊറോണയാണോ എന്നൊന്നും അറിയില്ല. റിസ്ക് എടുക്കണ്ട , മമ്മിയേയും മക്കളേയും തിരിച്ച് കൊണ്ടുപോയ്ക്കോളൂ....

പട പേടിച്ച് പന്തളത്ത് ചെന്നപ്പോൾ പന്തം കൊളുത്തിപ്പട. ഞായറാഴ്ച ഞാൻ ടൗണിൽ പോയി സിട്രസിസും, പാരസെറ്റമോളും വാങ്ങിച്ച് ഇച്ചായന് കൊടുത്തു. തിങ്കളാഴ്ച രാത്രി എനിക്ക് ഭയങ്കര മേല് വേദനയും പനിയും. ഒരുവിധത്തിൽ രാത്രി വെളുപ്പിച്ചു. ഞങ്ങൾ രണ്ടുപേരും കൊറോണ ടെസ്റ്റ് നടത്താൻ ഗവൺമെന്റ് ഹോസ്പിറ്റലിൽ പോയി. ടെസ്റ്റ് റിസൾട്ട് വന്നു. രണ്ടുപേർക്കും പോസിറ്റീവ് . അത് പ്രതീക്ഷിച്ചിരുന്നത് കൊണ്ട് പ്രത്യേകിച്ച് ഒന്നും തോന്നിയില്ല. ഇനിയാണ് സർക്കാരിന്റെ കരുതൽ എന്തെന്ന് അറിഞ്ഞത്. ഡോക്ടറുടെയും ( ഡോ.നിമ്മി ), സിസ്റ്റ റുടെയും ( സിസ്റ്റർ രേഖ ) വിളി വന്നു. നമുക്ക് വീട്ടിലിരുന്ന് ചികിത്സക്ക് സൗകര്യമുണ്ടോ? വീട്ടിൽ വേറെ ആരൊക്കെയുണ്ട്? മോളുണ്ട് എന്നറിഞ്ഞപ്പോൾ അവളെയും ടെസ്റ്റിന് കൊണ്ടുചെല്ലാൻ പറഞ്ഞു. അവളുടെയും ടെസ്റ്റ് നടത്തി വീട്ടിലെത്തിയതും നിമ്മി ഡോക്ടർ വിളിച്ചു. രോഗലക്ഷണങ്ങൾ ചോദിച്ച് മരുന്നു കുറിച്ചു. കൂടാതെ മോൾടെ റിസൽട്ട് ക്ലിയർ അല്ല. അത് ഹോസ്പിറ്റലിലെ ചെറിയ തകരാർ മൂലമാണ് എന്നും അറിയിച്ചു. ഞങ്ങൾക്ക് വീട്ടിൽ താഴത്തെ നിലയിൽ അറ്റാച്ച് ഡ് ബാത്ത് റൂം സൗകര്യമുള്ള റൂമുകളും, മോൾക്ക് മുകളിലത്തെ നിലയിൽ നിൽക്കാനുള്ള സൗകര്യമുള്ളതുകൊണ്ടും വീട്ടിൽ തന്നെ ചികിത്സ തുടരാൻ ഡോക്ടറും നേഴ്സും സമ്മതിച്ചു. പെട്ടെന്ന് തന്നെ ഡോക്ടർ കുറിച്ച മരുന്നുകളും പൾസ്ഓക്സീമീറ്ററുമായി നേഴ്സ് വീട്ടിൽ വന്നു. വേണ്ട നിർദ്ദേശങ്ങൾ നൽകി. ആകെ ഒരു സങ്കടമുള്ളത് രണ്ട് ദിവസം കഴിഞ്ഞാൽ യൂണിവേഴ്സിറ്റി എക്സാം എഴുതാനുള്ളതാണ് മോൾക്ക്. ഞങ്ങൾ പാകം ചെയ്ത ഭക്ഷണം ചൂടോടുകൂടി കൈ സാനിറ്റൈസ് ചെയ്ത് മാസ്ക്ക് ധരിച്ച് വേറെ പാത്രത്തിലിട്ട് നൽകി മകളെ സുരക്ഷിതയാക്കി. കോവിഡാണെന്നറിഞ്ഞ ഉടനെ തന്നെ ഇച്ചായൻ ഗെയിറ്റ് ലോക്ക് ചെയ്തു. റെസിഡന്റ്സ് അസോസിയേഷൻ ഗ്രൂപ്പിൽ ഞങ്ങളുടെ വിവരം ഷെയർ ചെയ്തു. പിന്നീടങ്ങോട്ട് ഫോൺ വിളികളുടെയും, സഹായഹസ്തങ്ങളുടെയും പ്രളയമായിരുന്നു. രണ്ട് ആങ്ങളമാർ മത്സരിച്ച്

സാധനങ്ങൾ വാങ്ങി ഗെയ്റ്റിൽ തൂക്കി ഇട്ടു. അയൽവാസിയായ ജോഷിച്ചേട്ടനായിരുന്നു എന്നും പാൽ വാങ്ങി ഗെയിറ്റിൽ തൂക്കി ഇട്ട ഞങ്ങളുടെ പാത്രത്തിലേക്ക് ഒഴിച്ച് തന്നിരുന്നത്. എന്നും ചേട്ടൻ ടൗണിൽ പോകുമ്പോൾ വിളിവരും, നിങ്ങൾക്ക് എന്താ വാങ്ങേണ്ടത് അപ്പോഴൊക്കെ ഞങ്ങൾക്ക് ഓരോ ലിസ്റ്റ് ഉണ്ടാകും. അതെല്ലാം വളരെ സ്നേഹത്തോടെ ചേട്ടൻ വാങ്ങി നൽകി. ഇത് ഞങ്ങൾ ഒറ്റയ്ക്കല്ല എന്ന തോന്നലുണ്ടാക്കി. ഇനിയാണ് സ്നേഹപ്പൊതികളുടെ പ്രവാഹം. അതിൽ ഏറ്റവും കരുതൽ നൽകിയതും സ്നേഹം ചാലിച്ചതും എന്റെ നാത്തൂൻ ഷീജയുടെ സ്നേഹപ്പൊതികളാണ് എന്ന് എടുത്തുപറയട്ടെ. കൊറോണയുടെ ക്ഷീണത്തിനൊപ്പം നമ്മുടെ ഭക്ഷണം പാകം ചെയ്യൽ , ശുചിത്വം ഇതെല്ലാം നാം സ്വയം ചെയ്യുമ്പോൾ കണ്ടറിഞ്ഞ് അത്യാവശ്യഘട്ടങ്ങളിലെല്ലാം രുചിയോടെ പാചകം ചെയ്ത് ചൂടോടെ ആങ്ങളയുടെ കൈയ്യിൽ കൊടുത്തു വിട്ടപ്പോൾ അവൾ എനിക്ക് ആരെല്ലാമോ ആയി മാറി. കോവിഡ് കാലത്ത് എനിക്ക് ഏറ്റവും സന്തോഷം നൽകിയ ഒരു ഫോൺകോളിനെക്കുറിച്ച് പറയട്ടെ. അത് മറ്റാരുടെയുമല്ല അയൽവാസിയായ ഹുസൈന്റെ ഭാര്യ, അതിലുപരി എന്റെ മകളുടെ സുഹൃത്ത് അൻസിനയുടെ അമ്മയുടെതാണ്. ഒരു ഉച്ചസമയത്ത് എന്നെ വിളിച്ചിട്ട് ഹബീബ ചോദിക്കുകയാണ്, ടീച്ചറെ വീട്ടുജോലിയും ക്ഷീണവുംകൊണ്ട് നിങ്ങൾ മടുത്തിട്ടുണ്ടാവില്ലേ? ഞാൻ ഭക്ഷണം പാകം ചെയ്ത് തരട്ടേ. എന്റെ ഹൃദയം നിറഞ്ഞു. ഞാനവരുടെ ആവശ്യം നിരസിച്ചു.എങ്കിലും ഒരുപാട് ഫ്രൂട്ട്സ് വാങ്ങി ഗെയിറ്റിൽ തൂക്കിയിട്ടാണ് ആ അമ്മയും മകളും പോയത്. കൊറോണകാലം ക്രിസ്മസ്കാലം കൂടിയായിരുന്നു. ജോബിച്ചന്റെ കേക്കാണ് ആദ്യം എത്തിയത് . പിന്നീട് മെറിന്റെ അമ്മ സീമയുടെ വക ബ്ലാക്ക് ഫോറസ്റ്റ് പൊതി ഗെയിറ്റിലെത്തി. പിറ്റേദിവസമുണ്ട് ഞങ്ങളുടെ ഫാമിലിഫ്രണ്ട് ആക്സിലിയുടെ കുടുംബവും റെഡ്വെൽവെറ്റുമായി വരുന്നു. അവർ അച്ഛനും ,അമ്മയും രണ്ട് മക്കളും റോഡിൽ മാസ്ക് ധരിച്ച് നിന്നു.ഞങ്ങൾ മാസ്ക്

ധരിച്ച് മുറ്റത്തിറങ്ങി നിന്നു. അകലം പാലിച്ചാണ് നിന്നതെങ്കിലും അരികത്തുണ്ട് ഞങ്ങളെന്ന് തോന്നിപ്പിച്ച നിമിഷമായിരുന്നു അത്. പിന്നെ ഞെട്ടിച്ചുകളഞ്ഞത് കണ്ടൻകോട്ട് ഏലിയാസ്ചേട്ടനാണ്. ഞങ്ങൾ ക്രിസ്ത്യാനികൾക്ക് ക്രിസ്തുമസിന് പോത്തിന്റെ പങ്കിറച്ചി വാങ്ങുന്ന ഒരു ശീലമുണ്ട്. രണ്ട്കിലോ പോത്തിറച്ചി ഗെയിറ്റിലെത്തിച്ചിട്ട് പോയപ്പോൾ ഇച്ചായന്റെ ബാല്യകാലസുഹൃത്തിനോട് ഒരിഷ്ടം തോന്നി. കഴിഞ്ഞില്ല സ്നേഹപ്പൊതികളുടെ വരവ്. എന്റെ സുഹൃത്ത് ഹിന്ദി ടീച്ചർ സ്കൂളിൽ പോയിവരുന്ന വഴിക്ക് ഉറങ്ങുന്ന എന്നെ ഫോൺ ചെയ്ത് വീടിന് പുറത്തേക്ക് വിളിച്ചു. മാസ്ക്ക് വച്ച് ഞാൻ വരാന്തയിൽ നിന്നു. ഷിജി ഗെയിറ്റിന് പുറത്ത്നിന്ന് സ്നേഹത്തോടെ സംസാരിച്ചു. ഒരു പൊതി ഗെയിറ്റിൽ തൂക്കിയിട്ട് നിറചിരിയുമായി ഒരു തംസപ്പും കാണിച്ച് പോയി. അവളുടെ സ്നേഹപ്പൊതിയിൽ ബ്രെഡും, കടലമിഠായിയും, പിന്നെ ഞങ്ങൾ ടീച്ചേഴ്സ് എല്ലാവരും കൂടിയുള്ള ഒരു ഫോട്ടോയുടെ കോപ്പിയും ഉണ്ടായിരുന്നു. ആ മിഠായിക്ക് ലേശം മധുരം കൂടുതൽ തോന്നി. ആ ഫോട്ടോയിൽ എല്ലാവരും ഒന്നിനൊന്ന് സുന്ദരികളായും തോന്നി. സൗഹൃദത്തിനെന്നും മാറ്റ് കൂടുതലാണ്. എനിക്ക് വായനയുടെ ആസ്കിത ചെറുതായിട്ടുണ്ട്. കോവിഡ് തുടങ്ങുന്നതിന് രണ്ട് ദിവസം മുന്നേ ലൈബ്രറിയിൽ നിന്ന് എടുത്ത മാധവിക്കുട്ടിയുടെ പ്രണയനോവലുകളും , വിനോയ്തോമസ്സിന്റെ രാമിയും പിന്നെ എന്റെ സ്ഥിരം വനിതയും ഗൃഹലക്ഷ്മിയും എത്തിച്ച് തന്നു.ആ മോളോടും ഏറെ ഇഷ്ടം തോന്നി. എന്നും ആകുലതോടെ ഡാഡിയും, മമ്മിയും വിളിക്കും. പിന്നെ അയൽക്കൂട്ട സുഹൃത്തുക്കൾ, സ്കൂളിലെ ഫ്രണ്ട്സ്, രോഗവിവരമറിഞ്ഞ കുറെ ബന്ധുക്കൾ പുതിയ വാർഡ് മെമ്പർ അങ്ങനെ കുറെപ്പേർ ഫോൺ ചെയ്തു. മെഡിസിന് പഠിക്കുന്ന എന്റെ മുത്ത് ( ഗ്രെയ്സ് മേരി) കോളേജിൽ പോകുന്നതിന് മുമ്പും ,ഉച്ചക്കും ,വൈകുന്നേരവും എല്ലാം വിളിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ,കൊഞ്ചിക്കുകയും ധൈര്യപ്പെടുത്തുകയും

ചെയ്യുമായിരുന്നു. ചിലരുടെ ആശ്വസിപ്പിക്കലുകൾ കേട്ടപ്പോൾ തമാശ കേട്ട ഫീലിംഗ് ആണ് ഉണ്ടായത്. ഇതിലും വലിയ എത്രയോ രോഗങ്ങൾ ഉണ്ട് അതൊന്നും വന്നില്ലല്ലോ എന്ന് വിചാരിക്ക് ടീച്ചറേ . ആ ഓരോരുത്തർക്ക് മരിക്കാൻ ഓരോ കാരണങ്ങൾ ഉണ്ടാകും ഇനി ഇപ്പം കൊറോണ വന്നിട്ടാണെങ്കിൽ അങ്ങനെ ആവട്ടെ. എന്താ ചെയ്യുക? പേടിക്കണ്ടാട്ടോ.ഇവരോടൊന്നും ഒരു മറുപടിയും പറഞ്ഞില്ല. കൊറോണ എന്നെ വല്ലാതൊന്ന് ഉലച്ച് കളഞ്ഞു.പക്ഷെ പിടിച്ച് നിന്നത് ഭർത്താവും മക്കളും നേരത്തെ പറഞ്ഞ സുമനസ്സുകളുടെയും ഒക്കെ സപ്പോർട്ട് ഒന്നുകൊണ്ട് മാത്രമാണ് കൊറോണ സമയത്ത് മേൽവേദന, പനി, വയറിളക്കം എന്നിവക്ക് ഒപ്പം ബ്ലീഡിംഗും വന്നു. യൂട്രസ്സിൽ ഫൈറോയിഡ് ഉള്ളതുകൊണ്ട് ഓവർ ബ്ലീഡിംഗാണ് . ഏഴു ദിവസത്തെ അപാരബ്ലീഡിംഗ് കഴിഞ്ഞ് രണ്ട് ദിവസം കഴിഞ്ഞപ്പോൾ ആണ് കോവിഡ് പോസിറ്റീവ് ആയത്. അതാ പിറ്റേദിവസം മുതൽ വീണ്ടും ബ്ലീഡിംഗ്. എഴുന്നേറ്റ് നിൽക്കുമ്പോൾ തലകറങ്ങും. പേടികാരണം രേഖ സിസ്റ്ററെ വിളിച്ചു. കൊറോണ സമയത്ത് ഇതിന് ഒരു ട്രീറ്റ്മെന്റും ചെയ്യാൻ സാധിക്കില്ല.പേടിക്കണ്ട റെസ്റ്റ് എടുക്ക് എന്ന് പറഞ്ഞ് സാന്ത്വനിപ്പിച്ചു. അന്ന് തന്നെ കുറെ ORS പാക്കറ്റുകൾ എത്തിച്ച് തരുകയും ചെയ്തു. ആ നിർണായകഘട്ടത്തിൽ സിസ്റ്ററെ എനിക്ക് ദൈവത്തിന്റെ മാലാഖയായി തന്നെ തോന്നി.വീണ്ടും ഏഴ് ദിവസം കഠിനമായ ബ്ലീഡിംഗ് ഉണ്ടായി. ഈ സമയത്തെല്ലാം നല്ല ഭക്ഷണം പാചകം ചെയ്ത് തന്ന് സ്നേഹത്തോടെ ഇച്ചായൻ എന്നെ പരിചരിച്ചു. ക്ഷീണിക്കുമ്പോൾ എല്ലാം ചെറിയമോൾ അമ്മേ ..അമ്മേ... എന്ന് വിളിച്ച് കൊണ്ടിരിക്കും . മൂത്തമോളും എന്നും പലതവണ ഹോസ്റ്റലിൽ നിന്നും, കോളേജിൽ നിന്നും ഫോൺ ചെയ്ത് ധൈര്യപ്പെടുത്തി . പത്ത് ദിവസങ്ങൾക്കുശേഷം പ്രതീക്ഷയോടെ എന്നാൽ ഭീതിയോടെയുംകൂടി ടെസ്റ്റ് നടത്താൻ പോയി. ഭർത്താവിന് നെഗറ്റീവ് ,എനിക്ക് വീണ്ടും പോസിറ്റീവ് . സങ്കടം തോന്നി.ഉടനെ എന്നെ റൂം ക്വാറന്റീനിലാക്കി.

ഇച്ചായനും, മോളും കൂടി ക്ലീനിംഗും പാചകവും ഏറ്റെടുത്തു. എനിക്ക് പൂർണ റെസ്റ്റ്. ക്ഷീണിച്ച് പേടിച്ച് ഉറങ്ങുന്ന എന്റെ കവിളിൽ പ്രണയത്തോടെ വന്ന് തഴുകിപ്പോകുന്ന ഇച്ചായനെയും അമ്മേ..അമ്മേ.. എന്ന് വിളിച്ച് കൊണ്ടിരിക്കുന്ന മക്കളെയും കണ്ടപ്പോൾ കൊറോണക്ക് എന്റെ വീട്ടിൽ നിൽക്കാൻ തോന്നിയില്ല.രണ്ടാമത്തെ ടെസ്റ്റിൽ നെഗറ്റീവ് ആയി . ഏറെ സ്നേഹിക്കുന്ന കുടുംബം തന്നെയാണ് എന്റെ ശക്തിയും ബലവും.ഇതൊരു ഈശ്വരാനുഗ്രഹമാണ്.



സിജി കെ ഐസക്

UPST











**അഭിനന്ദ ഷാജു**


*Plus Two*





# THE ALCHEMIST

"If You Want Something, All The Universe Conspires In Helping You To Achieve It."




*These are the lines from the book'* ***The Alchemist'*** *written by* ***Paulo Coelho.*** *The Alchemist is a classic novel in which a boy a named Santiago embarks on a journey seeking treasure in the Egyptian pyramids after having a recurring dream about it and on way meets mentors ,falls in love ,and most importantly ,learns the true importance of who he is and how to improve himself and focus on what really matters in life.*

*It's just a story that will inspire you to listen to your heart and follow your dreams ,something we all need to do! This story is considered to be one of the best books for beginners.*

*The constant theme in 'The Alchemist' is to pursue your dreams by following what your heart desires. During the young boy's journey,*

*he learns to listen to the heart and follow the language of omens. With each passing obstacle and hurdle that the young boy encounters ,there is a lesson to learn.*

*The Alchemist is a fantastic book and the storytelling is beautiful. The choice of words are impeccable' full of wisdom and philosophy. I totally loved it. The story is very enchanting and bursts with optimism which I think is very important in our lives.*

"There is only one thing that makes a dream impossible to achieve: the fear of failure."

"Remember where your heart is ,there you will find your treasure."



*P J Shreya Kalyani*

*9 I*

# നിലാവിലെ ഇടനാഴികൾ

അമയ ക്ലോക്കിലേക്ക് നോക്കിയപ്പോൾ സമയം അഞ്ചര.അവൾ മനസ്സിൽ പിറുപിറുത്തു. 'ഹോ.. നേരം പുലർന്നപ്പോൾതന്നെ എല്ലാം എത്തിയിട്ടുണ്ടല്ലോ... ഇന്നത്തെ എന്റെ ഉറക്കവും പോയി.'

മുംബൈയിൽനിന്നും മിഥുൻ വരുന്നത് ഇന്നാണ്. തലേദിവസം വൈകുന്നേരം പുറപ്പെട്ടു എന്ന അറിയിപ്പ് കേട്ടിട്ടാവും അമ്മാവനും, അമ്മായീം , മരുമക്കളുമെല്ലാം ഈ പുലർച്ചെ തന്നെ എത്തിയത്.

തലേ ദിവസം രാത്രി എഴുതിയ കഥയുടെ താളുകൾ അവളുടെ മേശയുടെ മുകളിൽ അലങ്കോലമായി കിടക്കുന്നു.

അമയ എണീറ്റില്ലേ ഇതുവരെ??? പുറത്തെ മുറിയിൽ നിന്നും അമ്മായിയുടെ ചോദ്യം മുഴങ്ങാൻ തുടങ്ങി.

ഹോ.. അവൾ എണീക്കാൻ ആകുന്നതേയുള്ളൂ.. രാത്രി ഒരുപാട് നേരം അവൾ ഏതെങ്കിലുമൊക്കെ പുസ്തകങ്ങൾ വായിച്ചിരിക്കും. ചിലസമയങ്ങളിൽ കഥയൊക്കെ എഴുതിയിരിക്കും. രാവിലെ ആറര ആവും എണീക്കാൻ.- അമയയുടെ അമ്മ രമ മറുപടി നൽകി.

"ഓ, പെൺകുട്ടികൾ ആയാൽ അഞ്ചുമണിക്ക് മുമ്പെങ്കിലും എണീക്കണം. മിഥു വരുന്നതല്ലേ ഇന്ന് അവനൊക്കെ എന്ത് കരുതും "

അവനൊക്കെ, എന്ത് കരുതാൻ? അമയ കിടക്കയിൽ കിടന്ന് സ്വയം പറഞ്ഞു. ഞങ്ങൾ നല്ല സുഹൃത്തുകൾ അല്ലേ.. ഞങ്ങൾക്ക് ഞങ്ങളെ നന്നായി അറിയാം. പിന്നെന്തു വിചാരിക്കാൻ..

പുറത്തുനിന്ന് അമ്മായി പറയുന്ന വാക്കുകൾ കേട്ട് അമയക്കു വല്ലാതെ ദേഷ്യം തോന്നി. പക്ഷേ, അവൾ ഒന്നും മിണ്ടാൻ നിന്നില്ല. മനസ്സില്ലാമനസ്സോടെ എണീറ്റപ്പോഴേക്കും സമയം ആറു മണി. അവൾ മുഖം

കഴുകി പുറത്തേക്കിറങ്ങി. ചെറു പുഞ്ചിരി നൽകി അടുക്കള വാതിലിലൂടെ അവൾ പുറകുവശത്തെത്തി. അമ്മ അവിടെയിരിപ്പുണ്ടായിരുന്നു.

ഇവരെന്തിനാണമ്മേ, ഈ പുലർച്ചെ തന്നെ ഇവിടേക്കെത്തിയത്???

'മിഥു വരുവാണല്ലോ ഇന്ന്.. തറവാടെന്ന നിലയിൽ അവൻ ആദ്യം വരിക ഇങ്ങോട്ടാണല്ലോ... എന്നിട്ട് ഒരാഴ്ച കഴിഞ്ഞിട്ടൊക്കെയല്ലേ, അവന്റെ വീട്ടിലേക്ക് പോകാറുള്ളൂ. മാത്രമല്ല, അവന്റെ വീട്ടിൽ ചിലപ്പോൾ ആരും ഉണ്ടായില്ലെങ്കിലോ ?.. അവരൊക്കെ ജോലിക്ക് പോകുന്നവരല്ലേ.'

മമ്... മിഥുവേട്ടൻ ഇങ്ങോട്ട് വന്നാൽ പിന്നെ അമ്മായി തുടങ്ങും ഞങ്ങടെ കല്യാണക്കാര്യം പറഞ്ഞ്... ഞാനും മിഥുവേട്ടനും നല്ല സുഹൃത്തുക്കളാണ്. നമ്മുടെ കുടുംബത്തിൽ വേറെയും മുറപ്പെണ്ണില്ലേ, അവരെ ആലോചിക്കാൻ പറ.. അമ്മായിയോട്.

ആ മ്മൾക്ക നോക്കാം - രമ പറഞ്ഞു.

കൗസു അമ്മായി അടുക്കളയിലേക്ക് കയറി. സമയം ആറരയാകുന്നു. അവർ നാട്ടുവർത്താനമെല്ലാം പറഞ്ഞിരിക്കെ മുറ്റത്തേക്ക് ഒരു കാർ വന്നു.

ആ.. അത് മിഥുമോനായിരിക്കും.

അവർ വരാന്തയിലേക്ക് നടന്നു. കാറിൽ നിന്നിറങ്ങിയ മിഥുവിനെ എല്ലാവരും ആകാംക്ഷാഭരിതമായി നോക്കി നിന്നു. മിഥുൻ ബോംബെയിൽ പഠിച്ചുവളർന്ന ചെറുക്കനാണ്, അതിൻെറതായ മോഡേൺ വേഷത്തിലാണ് മിഥു വന്നിറങ്ങിയത്. പക്ഷേ, അവൻ കേരളത്തേയും നാട്ടിൻപുറത്തെയുമൊക്കെ ഒരുപാട് ഇഷ്ടപ്പെടുന്നു. എല്ലാവരും മിഥുവിന്റെ അടുത്തേക്ക് ചെന്ന് വിശേഷങ്ങൾ തിരക്കി.

' അവനിപ്പോൾ വന്നിട്ടല്ലേ ഉള്ളൂ, കുളിച്ചിട്ട് ഒക്കെ വരട്ടെ'- അമയയുടെ അച്ഛൻ പറഞ്ഞു. അമ്മയും, കൗസല്യയും മിഥുവിന്റെ സാധനങ്ങൾ കാറിൽ നിന്നെടുത്ത് മുറിയിലേക്ക് വച്ചു.

അമ്മാവാ.. ഞാൻ കുളത്തിൽ പോയി കുളിച്ചിട്ട് വരാം... മിഥു പറഞ്ഞു.

ചൂടുവെള്ളത്തിൽ കുളിച്ചോളൂ.നല്ല തണുപ്പുണ്ടാവും, കുളത്തിലെ വെള്ളത്തിന്. കൗസല്യഅമ്മായി പറഞ്ഞു.

'വേണ്ട അമ്മായി, എത്രകാലമാണ് ഇങ്ങനെ..ഇനി കുളത്തിൽ ഒക്കെ ഒന്ന് കുളിക്കണം,നാട് കാണണം'.

ഹാ.. ന്നാ മോൻ പോയി കുളിച്ചിട്ട് വാ.. ചെറുമന്ദഹാസത്തോടെ കൗസല്യമ്മായി പറഞ്ഞു.

ആ, ഇന്നു മുതലെനിക്കീ നാടെല്ലാം കാണണം. എത്ര കാലായി ല്ലേ.....

ആ..ആ.. മ്മടെ അമയമോളുണ്ടല്ലോ, അവൾ കൊണ്ടോവും നിന്നെ എല്ലായിടത്തേക്കും. നിന്റെ മുറപ്പെണ്ണല്ലേ, അവൾ.

ഇതുകേട്ടുനിന്ന അമയ സ്വയം പിറുപിറുത്തു: 'ഈ അമ്മായിക്ക് എന്തിൻെറ അസുഖമാണ്.. ശല്യം '

കല്യാണം കഴിക്കാൻ താല്പര്യമില്ലെങ്കിലും അമയ , മിഥുവിനെ നല്ലൊരു സുഹൃത്തായി കാണുന്നു. കുളി കഴിഞ്ഞു വന്ന മിഥു ഭക്ഷണം കഴിച്ച് മുറിയിലേക്ക് കയറി കുറച്ചുനേരം ബോംബെയിലെ സുഹൃത്തുക്കളെ വിളിച്ചു വിശേഷങ്ങൾ പങ്കുവച്ചു. പിന്നീട് നാടുചുറ്റി കാണണമെന്ന ആശയത്തോടെ അമയയുടെ അച്ഛന്റെ മുന്നിലെത്തി.

"അമ്മാവാ.. ഞാനൊന്ന് വയലിൽ പോയിട്ട് വരാം."

' പോയിട്ട് വാ.'

വാതിലിനരികിൽ നിന്ന് നോക്കുന്നുണ്ടായിരുന്ന അമയയോട് മിഥു ചോദിച്ചു,വരുന്നോ.. നമുക്ക് ഒന്നിച്ചു പോകാം. പെട്ടെന്ന് കൗസല്യ പറഞ്ഞു: 'പോയിട്ട് വാ, മോളെ..'

മിഥുവും, അമയയും വിശേഷങ്ങൾ പറഞ്ഞ് സന്തോഷങ്ങൾ പങ്കുവച്ച് ഇടനാഴിയിലൂടെയും, വയൽവരമ്പുകളിലൂടെയും ഏറെ നേരം നടന്നു.. കാറ്റിന്റെ തലോടലും, ഇടയ്ക്ക് വന്ന ചെറുചാറ്റൽമഴയും, ആസ്വദിച്ച്, ,ചുവടുകൾ വയ്ക്കുമ്പോൾ, വല്ലാത്തൊരു നിർവൃതിയായിരുന്നു അവൾക്കും..

**അനഘ എം.പി**

**പ്ലസ് ടു സയൻസ്**

# മൈതാനം

അച്ഛനോട് ഞാൻ ഒരാഴ്ച മുന്നേ പറഞ്ഞിരുന്നു 'സ്പോർട്സ് തൊടങ്ങാൻ പോണു അച്ചേ ഗ്ളൂക്കോ വീറ്റ ബോൺസ് വാങ്ങണം' എന്ന്. എനിക്ക് വൈറ്റ്ഹൗസ് ആവാനാ ഇഷ്ടം കാരണം, അതാവുമ്പോ വൈറ്റ്റിബൺ വാങ്ങി പിന്നേം സ്കൂളിലേക്ക് കെട്ടീട്ട് പോകാലോ! ഞാൻ എങ്ങനെ തലതിരിഞ്ഞു കളിച്ചാലും നമ്മൾ വൈറ്റ് തന്നെ. ഓലപ്പടക്കത്തിന് നൂല് പറഞ്ഞോണം ന്റെ അനിയഞ്ചേക്കൻ എന്നും ന്റെ ഒപ്പരാ. ദിവസം ഇങ്ങനെ റോക്കറ്റ് വിട്ട പോലെ പോകുമ്പോഴും നമ്മക്ക് നല്ല സന്തോഷകാര്യം ന്താച്ചാൽ ഈ സ്പോർട്സ്, ആർട്സ് ദിവസങ്ങളിൽ സ്കൂളിൽ പോകാൻ നല്ല രസാ.

അങ്ങനെ സ്പോർട്സ് ദിനം എത്തി.... എന്നും കുളിയും നനേം ഇല്ലാത്ത ഞാൻ എന്താവോ അന്ന് കുളിച്ചു. ചുക്കിചുളിങ്ങി ഇരുന്ന ന്റെ യൂണിഫോം കണ്ട് സങ്കടം തോന്നീട്ടൊന്നും അല്ല അന്ന് എനിക്ക് മാർച്ച്പാസ്റ്റ് ഉള്ളോണ്ട്, ന്റെ ഹൗസിന് മാർക്ക് കിട്ടണം എന്നും ഓർത്ത് ഞാൻ അതങ്ങ് തേച്ചു. അന്നാ ഞാൻ അത് തേച്ചേ... യൂണിഫോം ഇട്ട് നെറ്റിമ്മേൽ ഐലൈനർ കൊണ്ട് ഒരു കുത്തും,കണ്ണും എഴുതി. രണ്ട് ഭാഗത്തും പിന്നി ഇടാൻ അത്ര മുടിയൊന്നും എനിക്ക് ഇണ്ടായിരുന്നില്ല അന്ന്. ഞാൻ വെറുതെ രണ്ട് ഭാഗത്തോട്ട് കെട്ടി. ചകിരി പോലത്തെ മുടീല് വെള്ളം തട്ടിയപ്പോ എന്താ ഒരു ഇത്. വെള്ള റിബൺ കൊണ്ട് കൈയിലും തലേലും ഒക്കെ പൂവ് പോലെ കെട്ടി. ന്റെ അനിയന്റെ ഒരുക്കം ആണേൽ തീർന്നതും ഇല്ല. നല്ലണം ഫുഡ് കഴിച്ച് വാണം വിട്ടോണം സ്കൂളിന്റെ പടിക്കൽ എത്തിയപ്പോ കുറെ കുട്ട്യോൾ സ്റ്റാഫ് റൂമിന്റെ ഉള്ളീന്ന് കേറേം ഇറങ്ങേ ഒക്കെ ചെയ്യാ. എന്താ കാര്യംന്ന് തെരക്കാൻ പോയപ്പോളാ അറിഞ്ഞേ ടീച്ചർമാർ റിബൺ കൊടുക്കുവാന്ന്.

ഒരു കുഞ്ഞികഷ്ണോം എടുത്ത് ഒരു കുട്ടി എന്റെ അടുത്തേക്ക് ഓടി വന്നു പറഞ്ഞു 'ചേച്ചി എനിക്ക് ഇതൊന്ന് കെട്ടിത്തരാമോന്ന് '.ഞാൻ അവൾക്ക് എന്റെ ബാഗ് ഓഫീസ്റൂമിന്റെ ഫ്രണ്ടിൽ വച്ചിട്ട് കെട്ടികൊടുത്തു. അവൾ റെഡ് ഹൗസ് ആണ്. എല്ലാവരുടേം തലേല് പൂമ്പാറ്റയെ പോലെയും പൂക്കൾ പോലെയും മനോഹരമായി റിബൺ കെട്ടീട്ടുണ്ട്. താഴെ കഞ്ഞിപെരേല് കഞ്ഞിചേച്ചി നാരങ്ങാവെള്ളം ഉപ്പിട്ട് കലക്കുന്നുണ്ട്. എല്ലാരും അടിപൊളിയായി നിന്നു മാർച്ച്പാസ്റ്റിന്. എന്റെ കയ്യിൽ പ്ലക്കാർഡ് ഇണ്ട്. വേറെ ഒരുത്തന്റെ കൈയിൽ തൂവെള്ളകൊടിയും ഇണ്ട്. അതുപോലെ റെഡ് ഹൗസിലും. "ലെഫ്റ്റ്, റൈറ്റ്, ലെഫ്റ്റ് " എന്നും മനസ്സിൽ പറഞ്ഞോണ്ട് പോലീസുകാർ നടക്കണെ പോലെ ഞങ്ങളും നടന്നു. കാലടിക്കുന്ന ശബ്ദം തന്നെ മുഴങ്ങി ഗ്രൗണ്ടിൽ. എച്ച്. എം. സാറിന്റെ അടുത്ത് എത്തുമ്പോ സല്യൂട്ട് അടിക്കണം എന്ന് മക്കളോടൊക്കെ ടീച്ചർ പറഞ്ഞിരുന്നു. അതാ മുന്നിൽ പോകുന്നവർ എന്താ സല്യൂട്ട് അടിക്കാതെ പോണേ... ഞാൻ അടുത്ത നിക്കുന്നവനോട് പറയാൻ പറഞ്ഞു. അവൻ പറഞ്ഞവിടെ എത്തുമ്പോതീനും ഒരു വളവ് കഴിഞ്ഞിരുന്നു.

മാർച്ച്പാസ്റ്റ് ഒക്കെ കഴിഞ്ഞ് എൽ. പി. ക്ലാസ്സിലെ പെൺകുട്ട്യോൾ ഉടുപ്പ് മാറ്റാൻ പോയി. യു. പി.ലെ പെൺകുട്ട്യോൾ അടിയിൽ ഒരു പാന്റ് എടുത്ത് ഇട്ടു. ഓരോ ഇനങ്ങൾ തുടങ്ങി. ആദ്യം എൽ.പി. മിനിഗേൾസ് ന്റെ ആണ്. മത്സരം തൊടങ്ങണെന്റെ മുന്നേ തന്നെ എല്ലാരും ഗ്ളൂക്കോസ് തിന്നാൻ തൊടങ്ങി. കുഞ്ഞികുട്ട്യോൾടെ ചിറില് മൊത്തം വെള്ളപൊടി ആയിരുന്നു. അതുപോലെ കഞ്ഞിച്ചേച്ചിന്റെ പണി കൂട്ടാൻ ന്റെ ക്ലാസ്സിലെ ചെക്കമ്മാർ നാരങ്ങവെള്ളം കുടി തന്നെയായിരുന്നു. "അപ്പ് അപ്പ് അപ്പ് അപ്പ് " എല്ലാരും പ്രോത്സാഹിപ്പിച്ചു. 'ട്ടട്ടരട്ട ട്ടട്ട ട്ടാ ഹീയ ഹൂവ വൈറ്റ് ഹൗസ്, റെഡ് ഹൗസ്" എന്നൊക്കെ പറഞ്ഞുനടക്കാണ് ചെക്കമ്മാര്.കുറെ

പെൺകുട്ട്യോൾ ക്ലാസ്സിലെ ഇരിക്കാ ഓരോ കഥയും പറഞ്ഞോണ്ട്. ടീച്ചർമാർ ക്ലാസ്സിലെ വരുമ്പോ വെള്ളം എടുത്ത് കുടിക്കണമാതിരി ഇരിക്കും. എന്നിട്ട് പുറത്തോട്ട് പോയി വായിം നോക്കി ആരാ ജയിച്ചേന്ന് നോക്കി ഇരിക്കും. അങ്ങനെ ഇരിക്കെ അടുക്കളെന്ന് ചിക്കൻക്കറിന്റെ മണം ഞങ്ങൾ കുട്ട്യോൾടെ മൂക്കിലൂടെ തുളച്ചു കേറി. സ്പോർട്സ് ന്റെ അന്ന് ചിക്കൻ ആണെന്ന് അറിഞ്ഞിട്ടും ഒന്നും അറിയാത്ത പോലെ ഞങ്ങൾ നിക്കും. ഉച്ചക്ക് ശേഷം ആണ് യു. പി. വിഭാഗം മത്സരങ്ങൾ. ഫുഡ് കഴിക്കാൻ പോകാൻ മൈക്കിലൂടെ വിളിച്ച് പറയുമ്പോതേനും ബാഗ് തുറന്ന് പ്ളേറ്റും എടുത്ത് ഓടും പാത്രം കഴുക്കാന്. മേലന്ന് പാത്രം ഉരുണ്ട് താഴെ എത്തും ചേലോർടത്. തിക്കിന്റെ എടേൽ എന്റെ പാത്രം പിന്നേം നിലത്തുവീണു. അതും കഴുകി മഞ്ഞനിറത്തിലുള്ള ചിക്കൻക്കറി കൂട്ടി ഞങ്ങൾ ചോറുണ്ട്.പിന്നേം ഞങ്ങൾ തൊടങ്ങി.

യു. പി. വിഭാഗം ഇനങ്ങൾ തുടങ്ങിയിരുന്നു. ഇത് ആവേശത്തിന്റെ കളിയായിരുന്നു. ലോങ്ജമ്പ് ആയപ്പോ പാന്റൊക്കെ നേരാക്കി ഞാൻ പോയി നിന്നു വരിയിൽ. ന്റെ മുന്നിൽ നിൽക്കുന്നവൾ ചാടി കഴിഞ്ഞ് എന്നെ വിളിച്ചപ്പോ എന്താണെന്നറിയാൻ പാടില്ല, കർത്താവേ വയറിൽ ഒരാളല്. ഞാൻ ഓടിപ്പോയി ചാടി - നല്ല ലോങ്ങിൽ ചാടി .എങ്കിലും എന്റ പാവാട ഒന്ന് പൊങ്ങി പെട്ടന്ന് ഞാൻ അത് താഴ്ത്തി ഇട്ടു. ഒറ്റമത്സരം ആയപ്പോ ടീച്ചർടെ അടുത്ത് കുറ്റം പറയാൻ പോണ സ്പീഡ് ഒന്നും ഉണ്ടായിരുന്നില്ല. ന്നാലും കുറച്ചു കുട്ട്യോൾ നല്ല രീതീൽ ഓടി. ആ വിശാലമായ മൈതാനത്തിന്റെ മൂലക്ക് ഉള്ള അത്തിമരചോട്ടിന്റെ അടിയിൽ ഞങ്ങൾ ക്ഷീണത്തോടെ ഇരുന്നു. എല്ലാത്തിനും നല്ല സപ്പോർട്ട് ആയിട്ട് ഞങ്ങൾടെ ടീച്ചർമ്മാരും ഉണ്ടായിരുന്നു. മത്സരയിനങ്ങൾ അവസാനിച്ച് ഫലം പ്രഖ്യാപനം നടത്തികഴിഞ്ഞപ്പോ മനസിന് ഭയങ്കര സങ്കടം ആയിരുന്നു... കാരണം '

അടുത്ത കൊല്ലം വേറെ സ്കൂളിൽ പോകണ്ടത് കൊണ്ട് എന്റെ ആ സ്കൂളിലെ അവസാനത്തെ സ്പോർട്സ് ആയിരുന്നു അത്. കാലിൽ ഗ്രൗണ്ടിലെ പൂഴിമണ്ണ് പറ്റിയിരുന്നു. ഞങ്ങളുടെ വിയർപ്പിന്റെ ഗന്ധം അവിടെ ഉണ്ടായിരുന്നു.



**പുണ്യ എ. എം**

9 B

# തിരികെ ആ മുറ്റത്ത്

രാവിലെ മാധവേട്ടൻ വന്ന് കതകിൽ തട്ടിയപ്പോഴാണ് നിദ്രയിൽ നിന്ന് ഞാനുണർന്നത്. ചുമരിലെ ക്ലോക്കിലേക്ക് നോക്കിയപ്പോൾ സമയം 7 മണി കഴിഞ്ഞിരിക്കുന്നു. ഇന്നലെ ഉറങ്ങാൻ ഇത്തിരി വൈകി. മാധവേട്ടൻ ഇവിടുത്തെ നോക്കിനടത്തിപ്പുകാരൻ ആണ് .

“ കുഞ്ഞേ ഭവാനിയമ്മയുടെ സ്വന്തക്കാർ ആരൊക്കെയോ വന്നിരിക്കുന്നു” മാധവേട്ടൻ പറഞ്ഞു.

ഇടയ്ക്കുള്ള പതിവാണിത് ,സ്നേഹമുണ്ടെന്ന് നടിച്ചു ചിലരൊക്കെ അങ്ങ് കേറി വരും. ജീവിതത്തിൽ എല്ലാം നഷ്ടപ്പെട്ട സാധുക്കളായ അച്ഛനമ്മമാരുടെ കയ്യിൽ സ്വത്തുക്കൾ ബാക്കിയുണ്ടെങ്കിൽ അത് തട്ടിയെടുക്കാനുള്ള വരവാണ്. ഒരു വൃദ്ധസദനം അല്ല കൂട്ടുകുടുംബം പോലെയാണ് ഞാൻ ഈ വീടിനെ കരുതിയിരിക്കുന്നത്. ഇവിടെയുള്ള പാവങ്ങളുടെ ഉള്ള സമാധാനം കൂടി കളയാൻ എത്തുന്നവരാണ് ഈ അതിഥികൾ . ഞാൻ വേഗം എഴുന്നേറ്റ് ഫ്രഷായി ഓഫീസ്മുറിയിലേക്ക് ചെന്നു. അവിടെ എന്നെയും കാത്ത് രണ്ടുപേർ നിൽക്കുന്നുണ്ടായിരുന്നു. ഞാൻ അവരോട് മുറിയിലേക്ക് ഇരിക്കാൻ പറഞ്ഞു.

“ഭവാനിയമ്മയെ കാണാൻ വന്നതാണ്. എന്റെ ചെറിയമ്മ അല്ലെ, എന്നെ ചെറുപ്പത്തിൽ എത്ര എടുത്തു നടന്നതാ” അതിൽ ഒരാൾ പറഞ്ഞു. ഒന്നു മൂളുക മാത്രം ചെയ്തു ഞാൻ . എന്നിട്ട് മാധവേട്ടനോട് ഭവാനിയമ്മയുടെ അടുത്തേക്ക് അവരെ കൊണ്ടുപോകാൻ പറഞ്ഞു. സ്വത്ത് ഭാഗം വെച്ചപ്പോൾ മക്കൾ ഉപേക്ഷിച്ചതാണ് ഭവാനിയമ്മയെ. “കള്ളന്മാരാണ് എല്ലാം. മോള്

വരുന്നതിന് മുമ്പ് അവർ പറയുന്നത് ഞാൻ കേട്ടതാ അഞ്ചുസെന്റ് ഭൂമിയോ മറ്റോ ആ പാവത്തിന്റെ പേരിൽ ബാക്കിയുണ്ട്. അതുകൂടി തട്ടിയെടുക്കാൻ വന്നവരാ." ഫയലുകൾ അടുക്കി വച്ചു കൊണ്ട് ഇവിടെ ജോലി ചെയ്യുന്ന മേഘ ചേച്ചി എന്നോടായി പറഞ്ഞു.

മനസ്സിൽ ഇന്ന് പലവിധ ചിന്തകൾ കളിയാടി കൊണ്ടിരിക്കുകയാണ്. റൂമിൽ നിന്നെഴുന്നേറ്റ് പുറത്തെ വരാന്തയിലേക്ക് ഞാനിറങ്ങി. മുറ്റത്ത് കായ്ച്ചുനിൽക്കുന്ന നാടൻ മാവിൽനിന്നും തേനൂറുന്ന ഒരു മാമ്പഴം ഞെട്ടറ്റു വീണു. പഴയ പല ഓർമകളും എന്റെ മനസ്സിലേക്കോടിയെത്തി.

മുംബൈയിലെ തിരക്കേറിയ നഗരത്തിൽ ആകാശം മുട്ടെ നിൽക്കുന്ന ഫ്ലാറ്റിന്റെ മുറിയിൽ നഗരജീവിതം നയിക്കുകയായിരുന്നു ഞാനും ,അമ്മയും അച്ഛനും . എന്റെ കുട്ടിക്കാലത്ത് എനിക്ക് ഏറ്റവും മനോഹരമായ നാളുകൾ സമ്മാനിച്ചത് നാട്ടിലെ ആ വലിയ തറവാടായിരുന്നു. അവധി കിട്ടുമ്പോൾ ഞാൻ അവിടേക്ക് പോകാറുണ്ടായിരുന്നു. എന്നെയും കാത്ത് പൂമുഖത്ത് വാത്സല്യത്തോടെ ഇരിക്കുന്ന മുത്തശ്ശനേയും മുത്തശ്ശിയെയും എനിക്ക് മറക്കാൻ കഴിയില്ല.

ജോലിതിരക്കുകൾക്കും, ആർഭാടജീവിതത്തിനുമിടയിൽ എന്നെ സ്നേഹിക്കാൻ അച്ഛനും , അമ്മയും എപ്പോഴോ മറന്നു പോയി. സ്നേഹമെന്താണെന്ന് ഞാൻ തിരിച്ചറിയുന്നത് നാട്ടിലെ ആ തറവാട്ടിൽ എത്തുമ്പോഴാണ്. ഒരു നീണ്ട അവധിക്കാലം എനിക്ക് അവിടെ ചിലവഴിക്കാനുള്ള അവസരം ലഭിച്ചു. മുറ്റത്ത് നിറയെ കായ്ച്ചുനിൽക്കുന്ന നാടൻ മാവിൽ നിന്നും വീഴുന്ന ആ മാമ്പഴത്തിന്റെ മധുരം ചുണ്ടിൽ നിറക്കുന്നതും, മുത്തശ്ശിയുടെ കൈപിടിച്ച് തോപ്പിലൂടെ നടക്കുന്നതും എല്ലാം

സ്വപ്നം കണ്ടായിരുന്നു ഞാനന്നുറങ്ങുക. അങ്ങനെ ആ അവധിക്കാലം എനിക്കു മുന്നിലെത്തി. ജീവിതത്തിൽ മധുരിക്കും ഓർമ്മകൾ സമ്മാനിച്ച ആ തറവാട്ടുമുറ്റത്തേക്ക് ഞാൻ ഒരിക്കൽ കൂടി ചെന്നെത്തി. മുത്തശ്ശൻ അധ്വാനിച്ചുണ്ടാക്കിയ വീടും, പുരയിടവും. എന്നും തോപ്പിൽ പണിക്കാർ ഉണ്ടാകുമായിരുന്നു. ഞാനെത്തുമ്പോൾ അവിടെ ഒരു ഉത്സവം പോലെ ആയിരുന്നു, മുത്തശ്ശി എന്നേയും കൂട്ടി പറമ്പിലൂടെ കുറെ നടക്കും, അവിടെ പണിക്ക് എത്തുന്നവരോട് കുശലം പറഞ്ഞും , പണി ചെയ്യാതിരിക്കുന്നവരോട് ദേഷ്യപ്പെട്ടും മുത്തശ്ശി നടക്കുമായിരുന്നു.

"ബോംബെയിൽ നിന്നെത്തിയ കുട്ടിയല്ലേ സാവിത്രി ചേച്ചീ, നമ്മുടെ ഭക്ഷണം ഒന്നും പിടിക്കത്തില്ലായിരിക്കും അല്ലേ " പണിക്കാരിൽ ഒരാൾ മുത്തശ്ശിയോടു ചോദിച്ചു. "ഇവൾ നമ്മുടെ കുട്ടിയല്ലേ, ഇവിടുത്തെ ഭക്ഷണമൊക്കെയാ ഇവൾക്കിഷ്ടം, അല്ലേ അമ്മൂ ".

വീട്ടിലെ ആ വലിയ മാവിന്റെ ശിഖരത്തിൽ ഊഞ്ഞാൽ കെട്ടി തരുമായിരുന്നു മുത്തശ്ശൻ. " ഇനി അമ്മൂന് കുറേനേരം ഊഞ്ഞാലാടാലോ " എന്നും പറഞ്ഞ് ഒരു മാമ്പഴം എടുത്ത് എന്റെ കയ്യിൽ തരുമായിരുന്നു. ഇവിടെ രാത്രികൾക്ക് നീളം കുറവായിരുന്നു. നേരം പോകുന്നത് ഞാനറിയാറില്ലായിരുന്നു . അങ്ങനെയിരിക്കുമ്പോഴാണ് പ്രതീക്ഷിക്കാതെ ഉള്ള അമ്മയുടെയും അച്ഛന്റെയും വരവ്. അവർ മുത്തശ്ശനോടും മുത്തശ്ശിയോടും സംസാരിക്കുന്നത് കേട്ടപ്പോഴാണ് വരവിന്റെ ഉദ്ദേശം എനിക്ക് മനസ്സിലായത്. അച്ഛൻ വലിയൊരു കടബാധ്യത ഉണ്ടാക്കിയിരിക്കുന്നു. അതുകൊണ്ട് വീടും പുരയിടവും വിൽക്കണം. "വീടും പുരയിടവും വിൽക്കുക എന്നൊക്കെ പറഞ്ഞാൽ......." മുത്തശ്ശൻ മുത്തശ്ശിയെ നോക്കി. വർഷങ്ങൾ കൊണ്ട് അധ്വാനിച്ചുണ്ടാക്കിയ ഈ വീട്, പുരയിടം അത് വിൽക്കാൻ ആ പാവങ്ങൾക്ക് എങ്ങനെ കഴിയും.

“വിൽക്കാം എന്നുപറഞ്ഞാൽ വിൽക്കന്നെ, എന്തായാലും ഞാൻ ഒറ്റമകൻ അല്ലേ ഉള്ളൂ എനിക്കുള്ളതുതന്നെയല്ലേ ഇത്, അതിത്തിരി നേരത്തെ തന്നാൽ എന്താ കുഴപ്പം. അമ്മ ഈ അച്ഛനോട് ഒന്നു പറഞ്ഞു മനസ്സിലാക്ക് ” അച്ഛൻ പറഞ്ഞു. ജീവിതത്തിലെ അവസാന നാളുകൾ സ്വന്തം വീട്ടിൽ ജീവിച്ചു തീർക്കണം എന്ന ആ വൃദ്ധദമ്പതികളുടെ ആഗ്രഹം അവിടെ തകർന്നു .

“അവൻ പറഞ്ഞതാ ശരി ഇതൊക്കെ ഇങ്ങനെ കെട്ടിപ്പൂട്ടി വെക്കുന്നതെന്തിനാ....... ഇവനുള്ളതല്ലേ ഇത്... അങ്ങ് കൊടുത്തേക്ക് അവനല്ലേ ഇനി ജീവിക്കേണ്ടത്” നിറഞ്ഞ കണ്ണുകളോടെ മുത്തശ്ശി പറഞ്ഞു.
“ നിങ്ങൾ ഇങ്ങനെ വിഷമിക്കുന്നതെന്തിനാ മുംബൈയിൽ അത്രയും നല്ല ഫ്ലാറ്റില്ലേ. നിങ്ങളെ അങ്ങോട്ട് കൊണ്ടുപോകാനാ ഞങ്ങൾ തീരുമാനിച്ചത്” അച്ഛൻ പറഞ്ഞു. “തീരുമാനങ്ങൾ നിങ്ങൾ എടുത്ത സ്ഥിതിക്ക് കാര്യങ്ങൾ അതിന്റെ വഴിക്ക് നടക്കട്ടെ.....” മുത്തശ്ശൻ വരാന്തയിലെ ചാരുകസേരയിൽ നിന്നെഴുന്നേറ്റ് ഒരു ദീർഘനിശ്വാസത്തോടെ വീടിനുള്ളിലേക്ക് കയറിപ്പോയി. ഏറെ സങ്കടത്തോടെ ആണെങ്കിലും സ്വന്തം മകന്റെ സന്തോഷത്തിനും സുഖത്തിനു വേണ്ടി അവരതിനു സമ്മതിച്ചു .

വീടിന്റെ പടി ഇറങ്ങി നടക്കുമ്പോൾ ഒന്ന് തിരിഞ്ഞു നോക്കാൻ മാത്രമേ അവർക്ക് കഴിഞ്ഞുള്ളൂ. അങ്ങനെ ആ ശാന്തമനോഹരമായ സ്ഥലം വിട്ട് നഗരത്തിന്റെ ശ്വാസംമുട്ടിക്കുന്ന തിരക്കുകൾക്കിടയിലേക്ക് അവരും ഞങ്ങൾക്കൊപ്പം ചേക്കേറി. അവരുടെ മുഖത്തെ സന്തോഷവും,ഉന്മേഷവും പിന്നീടൊരിക്കലും ഞാൻ കണ്ടിട്ടില്ല. കൂട്ടിലകപ്പെട്ട പക്ഷികളെപ്പോലെ ആ ഫ്ലാറ്റ് മുറിയുടെ മൂലയിൽ പരാതികൾ ഒന്നും പറയാതെ അവർ കഴിഞ്ഞുകൂടി. നിസ്സഹായരായ പക്ഷികൾ. നഗരജീവിതത്തിന്റെ ചൂടും, തിരക്കും ഒന്നും

അവർക്കിഷ്ടപ്പെടുന്നില്ല എന്നുള്ളത് അവരുടെ മുഖത്തുനിന്ന് വായിച്ചെടുക്കാമായിരുന്നു .

അച്ഛന്റെയും, അമ്മയുടെയും ആർഭാടജീവിതത്തിൽ അവർ ഒരു തടസ്സമായി മാറിയത് വേദനയോടെ ഞാൻ അറിഞ്ഞു. ഒരു ദിവസം ഞങ്ങൾ എല്ലാവരും വീട്ടിലെ ഡൈനിംഗ് ടേബിളിൽ ഇരുന്ന് ഭക്ഷണം കഴിക്കുകയായിരുന്നു. അച്ഛനും അമ്മയും പരസ്പരം നോക്കുന്നുണ്ട്. എന്തോ പറയാനായി അമ്മ തയ്യാറാവുകയാണ്. “ഞങ്ങൾ ആലോചിക്കുകയായിരുന്നു..... അമ്മയ്ക്കും അച്ഛനും ഇവിടെ അത്ര ഇഷ്ടപ്പെട്ടില്ല എന്ന് ഞങ്ങൾക്ക് മനസ്സിലായി. മാത്രമല്ല ഞങ്ങൾക്ക് ജോലിത്തിരക്കുകൾ കൊണ്ട് നിങ്ങളോട് സംസാരിക്കാനുള്ള സമയവുമില്ലല്ലോ? ” പാതി കഴിച്ചു വെച്ച ഭക്ഷണത്തിൽ നിന്നും കണ്ണെടുത്ത് മുത്തശ്ശൻ അവരെ നോക്കി. അമ്മ തുടർന്നു....“ ഇവിടെ അടുത്ത് ഒരു സ്ഥലമുണ്ട് അവിടെ ഇതുപോലെ പ്രായമായ ഒരുപാട് പേരുണ്ട് അവരുമായി മിണ്ടിയും പറഞ്ഞും നിങ്ങൾക്ക് ഇരിക്കാമല്ലോ, അങ്ങോട്ട് മാറുന്നതായിരിക്കും നിങ്ങൾക്കും ആശ്വാസം ” മുത്തശ്ശി മുത്തശ്ശനെ നോക്കി, ഒരു വാക്ക് പോലും മിണ്ടാതെ മുത്തശ്ശൻ ഭക്ഷണം മുഴുവൻ കഴിച്ചതിനുശേഷം എഴുന്നേറ്റു, കൂടെ മുത്തശ്ശിയും. അവർ അവരുടെ മുറിയിലേക്ക് നടന്നു. ഒരു നിമിഷം അവർ നിന്നു ഡൈനിങ് ടേബിളിൽ അവരെ തന്നെ നോക്കി കൊണ്ടിരുന്ന എന്നെ ഒന്ന് തിരിഞ്ഞു നോക്കിയിട്ട് അവർ നടന്നു .....

അന്നു രാത്രി ഞാൻ ഉറങ്ങിയില്ല. പിറ്റേന്ന് രാവിലെ അവരുടെ മുറിയുടെ വാതിൽക്കൽ ചെന്ന് ഞാൻ നോക്കി അവിടെ ആരുമില്ല. അച്ഛനും അമ്മയും എവിടെയോ പോയി വന്നിരിക്കുന്നു. തറവാട്ടിലെ ശാന്തതയിൽ നിന്നും ഫ്ലാറ്റിലെ ശ്വാസംമുട്ടലിൽ നിന്നും ആ വൃദ്ധർ ഇപ്പോൾ വൃദ്ധസദനത്തിൽ

എത്തിയിരിക്കുന്നു. ഞാൻ അമ്മയോടും അച്ഛനോടും രണ്ടു ദിവസത്തേക്ക് മിണ്ടിയില്ല, മൂന്നാം ദിവസം ഞാൻ അവരോട് മുത്തശ്ശനേയും മുത്തശ്ശിയേയും കാണണമെന്നു പറഞ്ഞ് വാശിപിടിച്ചു. ആദ്യം സമ്മതിച്ചില്ലെങ്കിലും പിന്നീട് അവരതിനു വഴങ്ങി. ഞാൻ ഒരുപാട് മാതാപിതാക്കളുടെ കണ്ണുനീർ വീണ ആ വൃദ്ധസദനത്തിനു മുന്നിലെത്തി. ഞങ്ങൾ വന്നത് കണ്ട് അവിടത്തെ ഒരു മലയാളി ജോലിക്കാരൻ അച്ഛനോട് പറഞ്ഞു. " ഞാൻ അങ്ങോട്ട് വിളിക്കാൻ നിൽക്കുകയായിരുന്നു, ഇന്നു രാവിലെ ആയിരുന്നു, ഞങ്ങൾ വന്നു നോക്കുമ്പോൾ രണ്ടുപേരും.....അനക്കമില്ലാതെ ......." ആ വാക്കുകൾ വിശ്വസിക്കാൻ എനിക്ക് കഴിഞ്ഞില്ല നാട്ടിലെ ആ തറവാടിന്റെ പൂമുഖത്ത് ആരോഗ്യത്തോടെയിരിക്കേണ്ട രണ്ടുപേർ , ഇപ്പോൾ അനക്കമില്ലാതെ.... ഏതോ നാട്ടിൽ ..... എവിടെയോ..... .

അന്ന് ഞാൻ ഒന്ന് നിശ്ചയിച്ചു ഞാൻ വലുതായി നല്ല ഒരു ജോലി വാങ്ങി ആ തറവാട് തിരികെ വാങ്ങും ,എന്നിട്ട് ആരും സഹായിക്കാൻ ഇല്ലാത്ത മക്കൾ ഉപേക്ഷിച്ച അച്ഛനമ്മമാർക്കൊപ്പം അവിടെ കഴിയും.

ഈ തറവാടിന്റെ വരാന്തയിലൂടെ ഇപ്പോൾ നടക്കുമ്പോൾ മനസ്സിന് എന്തെന്നില്ലാത്ത ഒരു അനുഭൂതി. മുത്തശ്ശന്റേയും മുത്തശ്ശിയുടേയും കൈപിടിച്ചു നടന്ന ഈ വരാന്തയിലൂടെ ഇന്ന് എന്റെ കൈപിടിച്ച് ഒരുപാട് അച്ഛനമ്മമാർ നടക്കുന്നു.

ഭവാനിയമ്മയെ കണ്ട് തിരിച്ചു പോവുകയാണ് ആ രണ്ടുപേർ. അവർ പടിയിറങ്ങിയപ്പോൾ ഭവാനിയമ്മ എന്റെ അടുക്കലേക്ക് വന്നു ." ആ 5 സെന്റും പോയി.... നന്നായി... ഇനി ആരും അന്വേഷിച്ചു വരില്ലല്ലോ..... എന്നെയല്ല എന്റെ സ്വത്തുക്കൾ " ഉള്ളിലൊതുക്കിയ അടങ്ങാത്ത വിഷമങ്ങൾ പ്രതിഫലിക്കുന്ന

ആ കണ്ണുകളിൽ നിന്ന് ഒരിറ്റു കണ്ണീർ പൊടിഞ്ഞു. ഞാൻ അതു തുടച്ചു. " അമ്മയ്ക്ക് ഞാനുണ്ട്...." മുറ്റത്തെ ഈ നാടൻ മാവ് എനിക്ക് വേണ്ടി മാത്രമല്ല ഈ അച്ഛനമ്മമാർക്ക് കൂടി വേണ്ടി ഇനി എന്നും പൂക്കും.... കായ്ക്കും........



**സാരംഗി ചന്ദ്ര**

**10 I**

ഗവ . ഹയർ സെക്കണ്ടറി സ്കൂൾ
മീനങ്ങാടി, വയനാട്
മീനങ്ങാടി പോസ്റ്റ്, പിൻകോഡ് –673591 ,ഫോൺ – 04936 27570

## ലിറ്റിൽ കൈറ്റ്സ് പ്രവർത്തനറിപ്പോർട്ട് 2020 – 2023

ആധുനികസാങ്കേതികവിദ്യകൾ ഉപയോഗിച്ച് പഠനങ്ങൾ നടക്കുന്ന ഈയവസരത്തിൽ സാങ്കേതികഉപകരണങ്ങളുടെ ഉപയോഗത്തെക്കുറിച്ചും സാധ്യതകളെക്കുറിച്ചും മനസ്സിലാക്കാനും ക്ലാസ്സ്റൂമുകളിലെ ഉപകരണങ്ങൾ ശരിയായ വിധത്തിൽ കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കാനുമായി ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതി മീനങ്ങാടി ഗവഃ ഹയർ സെക്കണ്ടറി സ്കൂളിൽ പ്രശംസനീയമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. 2020 – 2021 വർഷത്തിൽ അഭിരുചിപരീക്ഷയുടെ അടിസ്ഥാനത്തിൽ 40 പേരെ തെരഞ്ഞെടുക്കുകയും കൈറ്റ് നിർദ്ദേശിച്ച മൊഡ്യൂൾ പ്രകാരം കൃത്യമായ രീതിയിൽ ക്ലാസ്സുകൾ നടത്തുകയും ചെയ്തു. സാധാരണ പ്രവർത്തനങ്ങൾക്കുപുറമെ വിശേഷപ്പെട്ട രീതിയിൽചില പ്രവർത്തനങ്ങൾ കാഴ്ചവെക്കാനും ഈ വർഷം സാധിച്ചു.

### പ്രധാനപ്രവർത്തനങ്ങൾ:–

#### അമ്മമാർക്കുള്ള സൈബർ സുരക്ഷാ ബോധവൽക്കരണ ക്ലാസ് –

മൊബൈൽഫോണുകളും, കമ്പ്യൂട്ടറുകളും അതിലേക്ക് എങ്ങുനിന്നോ വന്നെത്തുന്ന നെറ്റ്‌വർക്ക് കണക്ടിവിറ്റിയുമെല്ലാം നമ്മുടെയൊക്കെ ജീവിതത്തിലെ ഒഴിവാക്കാനാവാത്ത ഘടകങ്ങളായി മാറിയിട്ടുണ്ട് . ഇത് നമ്മുടെ കുട്ടികൾക്കും ബാധകമാണ് . ഓൺലൈൻ ഷോപ്പിങ് , തനിച്ചും കൂട്ടുചേർന്നും ഓൺലൈനായി കളിക്കുന്ന ഗെയിമുകൾ ,ഫേസ്ബുക്കും , ഇൻസ്റ്റാഗ്രാമും , വാട്സ്ആപ്പുമെല്ലാം അടങ്ങിയ സോഷ്യൽ നെറ്റ്‌വർക്കിങ് എന്നിവയെല്ലാം ചെറുപ്പത്തിൽതന്നെ കുട്ടികൾക്ക് വളരെ പരിചിതമാണ് .ഇത്തരം സങ്കേതങ്ങൾ ലോകം പരന്നുകിടക്കുന്നവയാണ് . അവയുടെ വ്യാപ്തിയെക്കുറിച്ചോ ,പങ്കുചേരുന്ന

ആളുകളുടെ ഉദ്ദേശ്യങ്ങളെക്കുറിച്ചോ മനസ്സിലാക്കുന്നതിനും സ്വയം സംരക്ഷിക്കുന്നതിനുമുള്ള അവബോധം ചെറിയ പ്രായത്തിൽ കുട്ടികൾക്ക് ഉണ്ടാകണം എന്നുമില്ല . പലതരം പുതുപരീക്ഷണങ്ങൾ ചെയ്തുനോക്കാനും ,അവ കൂട്ടുകാരുമായി പങ്കുവെക്കാനും നമ്മുടെ കുട്ടികൾ വലിയ ഉത്സാഹം കാണിക്കാറുണ്ട്. കുട്ടികളെ രക്ഷിതാക്കളും, അധ്യാപകരും തുടർച്ചയായി നിരീക്ഷിക്കുകയും നേർവഴി കാണിച്ചു കൊടുക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ് .മീനങ്ങാടി സ്കൂളിൽ അമ്മമാർക്കുള്ള പരിശീലനം 2022 മെയ് 11 നു മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബഹു.കെ. ഇ. വിനയൻ ഉത്ഘാടനം ചെയ്തു . അഞ്ചു ബാച്ചുകളിലായി 150 ൽ അധികം അമ്മമാർക്ക് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പരിശീലനം നൽകി .





**ഫീൽഡ് ട്രിപ്പ് –**

ആധുനികസാങ്കേതികവിദ്യകൾ നേരിട്ട് മനസ്സിലാക്കാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കൽപ്പറ്റയിലെ വയനാട് വിഷൻ ചാനൽ സ്റ്റുഡിയോ സന്ദർശിച്ചു .വാർത്തകൾ ലൈവായി പ്രക്ഷേപണം ചെയ്യുന്നരീതി നേരിട്ട്കണ്ട് മനസ്സിലാക്കി. ചാനൽ സന്ദർശനം കുട്ടികൾക്ക് വേറിട്ടൊരു അനുഭവമായി .





**വിദ്യാകിരണം –**

വിദ്യാകിരണത്തിന്റെ ഭാഗമായി മീനങ്ങാടി സ്കൂളിൽ വിതരണം ചെയ്ത ലാപ്ടോപ്പുകളുടെ ശരിയായ പ്രവർത്തനങ്ങളും പരിപാലനവും ഉറപ്പാക്കുന്നതിനായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ബാച്ചുകളായി തിരിഞ്ഞു വിവിധ കോളനികൾ സന്ദർശിക്കുകയും ,കുട്ടികൾക്കും, രക്ഷിതാക്കൾക്കും പരിശീലനം നൽകുകയും ചെയ്തു.





**ഏകദിന സ്കൂൾ ക്യാമ്പ്-**

2022 ജനുവരി 20 നടന്ന ഏകദിന സ്കൂൾ ക്യാമ്പ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് വേറിട്ടൊരു അനുഭവമായി. ക്യാമ്പ് പി.ടി.എ. പ്രസിഡന്റ് ശ്രീ മനോജ് ചന്ദനക്കാവ് ഉത്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സലിൻ പാല അധ്യക്ഷത

വഹിച്ചു . എസ്. എം. സി. ചെയർമാൻ ശ്രീ ഹൈറുദ്ധീൻ ,അനിൽകുമാർ സാർ ,രാജേന്ദ്രൻ സാർ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് animation ,scratch ,തുടങ്ങിയവയിൽ പരിശീലനം നൽകി






**സ്കൂൾ വിക്കി –**

വിദ്യാലയങ്ങളുടെ അടിസ്ഥാനവിവരങ്ങൾ ലോകത്തിന് പരിചയപ്പെടുത്താനായി ആരംഭിച്ച സ്കൂൾ വിക്കി എന്ന വെബ് സൈറ്റിൽ മീനങ്ങാടി ഗവ: ഹയർ സെക്കണ്ടറി സ്കൂളിന്റെ പേജ് മികവുറ്റതാക്കാൻ വിദ്യാലയ അംഗങ്ങൾക്ക് സാധിച്ചു. പൂർവ്വവിദ്യാർത്ഥികൾ, പൂർവ്വാധ്യാപകർ , വിവിധ ക്ലബ്ബുകൾ, കൂടാതെ വിദ്യാലയവിവരങ്ങൾ, കുട്ടികളുടെ സൃഷ്ടികൾ, വാർത്തകൾ, എന്നിവ വിവരണാത്മകമാക്കാൻ സാധിച്ചു. മാത്രമല്ല ചില വാർത്തകളിലെ ലിങ്ക് വഴി യൂ ട്യൂബിലേക്ക് പ്രവേശിക്കാനും വായനക്കാർക്ക് സാധിക്കുന്നു.

link: https://schoolwiki.in/15048

# LITTLE KITES 2020-23 BATCH



# OUR PRIDES...

## Full A+ - SSLC MARCH 2022



അനഘ എം.രാജ്



ബേസിൽ എ എൽദോ



അർവ ബ്രൗണ്ടിയൻ



ഫർദ്ദിൻ ഫവാസ്



ഗൗതം കരുൺ പി.എസ്.




അഭിനവ് കൃഷ്ണ


റിതുൽ മനോജ്


ആരോമൽ പി.എസ്.


അയിൻ അരവിന്ദ്


ആബേൽ എം.എസ്.


സാരംഗി ചന്ദ്ര



അർഹ പി.എം.



ലക്ഷ്മി നന്ദന ടി.വി.



അദിനീത് യു.ഡി.



ഡെനിൽ ജേക്കബ് ബിജു



ധനപ്രിയ പി.എസ്.



അപർണ സി.എസ്.




സിംജോ പി.ജോസ്



ദേവനന്ദ് പി.



സൂര്യമിത്ര കെ.എസ്.



മീര മരിയ കെ.വി.

# അഭിനന്ദനങ്ങൾ

# PLUS TWO – FULL A+ (2022)







SCHOOL TOPPER
HUMANITIES FULL A+

# THANK YOU....